# FMPB മിത്രസമാചാർ

(for private circulation only)

വാല്യം **15** ലക്കം **3** മാർച്ച് 2025

**"ഞാൻ എന്റെ പിതാവിന്റെ കല്പനകൾ പ്രമാണിച്ചു അവന്റെ സ്നേഹത്തിൽ വസിക്കുന്നതുപോലെ നിങ്ങൾ എന്റെ കല്പനകൾ പ്രമാണിച്ചാൽ എന്റെ സ്നേഹത്തിൽ വസിക്കും." യോഹന്നാൻ. 15:10**

# അനുസരണം

## ദൈവത്തെ അധികം അനുസരിക്കുക



യോഹ.21:15

# ആമുഖം ...

## വിശ്വസ്തതയുള്ള അനുസരണം



പശ്ചിമേഷ്യൻ മരുഭൂമികളിൽ അറേബ്യൻ കുതിരകൾ കഠിനമായ പരശീലനങ്ങൾക്കു വിധേയമാകുന്നു. ദിവസങ്ങളോളം വെള്ളം നൽകാതിരുന്നിട്ടു വെള്ളത്തിനരികിലേക്കു അവയെ തുറുന്നു വിട്ടുകൊണ്ടാണ് അവകളുടെ അനുസരണം പരിശോധിക്കുന്നത്. അവ കുടിക്കുവാൻ തുടങ്ങുമ്പോൾ പരിശീലകൻ വിസിൽ മുഴക്കും. കുതിരകൾ ശരിക്കും അനുസരണമുള്ളതാണെങ്കിൽ വെള്ളം കുടിക്കാതെ പരിശീലകന്റെ അടുക്കലേക്കു പോകും അദ്ദേഹം അവെക്കു  വെള്ളം നൽകും. പരിശീലകനു അവയുടെ ദാഹം അറിയാം. അവ ദാഹിച്ചു മരിക്കുന്നതിനു അവൻ ഒരുനാളും അനുവദിക്കയില്ല. അറേബ്യയിലെ വിശാലമായ ട്രാക്കുകളില്ലാത്ത മരുഭൂമിയിൽ കുതിരകളുടെ അനസരണം ജീവനും മരണവും തമ്മിലുള്ള വ്യത്യാസത്തെ കാണിക്കുന്നു. ഇത്തരത്തിലുള്ള അനുസരണം കഠിനമാണെങ്കിലും അത്യന്താപേക്ഷിതമാണ് കാരണം നിന്റെ ജീവൻ നിന്റെ പടക്കുതിരയുടെ വിശ്വസ്തതയെ ആശ്രയിച്ചാണ് ഇരിക്കുന്നത്.

സമാനമായ രീതിയിൽ FMPB യുടെ 9 ധർമ്മചിന്തകളിൽ ഒന്ന് യോഹന്നാൻ 15:10 ന്  അടിസ്ഥാനമാക്കിയുള്ള **അനുസരണം** ആകുന്നു. നോഹ, അബ്രഹാം പോലെയുള്ള അനേക വേദപുസ്തക കഥാപാത്രങ്ങളിലൂടെ ദൈവം നമ്മെ അനുസരണം പഠിപ്പിക്കുന്നു. വേദപുസ്തകത്തിൽ ദൈവീക  കല്പനകളെയും ദൈവം നിയമിക്കുന്ന അധികാരികളെയും ദേശത്തെ നിയമങ്ങളെയും അനുസരിക്കേണ്ടതിന്റെ ആവശ്യകതക്കു ഊന്നൽ നൽകുന്നു. അനുസരണക്കേടിന്റെ അനന്തരഫലം  ആവർത്തനം 28 ൽ കാണുന്നതു പോലെ കഠിനമാണ്.

വേദപുസ്തകത്തിലെ ഒരു സംഭവകഥ അനുസരണത്തിന്റെ ശക്തിയെ കാണിക്കുന്നു. ഒരു രാത്രി മുഴുവൻ അദ്ധ്വാനിച്ചിട്ടും മീൻ കിട്ടാതെ നിരാശിതനായി നിൽക്കുന്ന പത്രോസിനോടു കർത്താവ് ആഴത്തിലേക്കു നീക്കി വലയിറക്കുവാൻ ആവശ്യപ്പെട്ടു. പത്രോസ് ക്ഷീണതയുടെ മദ്ധ്യത്തിൽ മുൻവിധികളെ മാറ്റി നിർത്തി അനുസരിച്ചപ്പോൾ പെരുത്ത മീൻകൂട്ടം ലഭിച്ചു. (ലൂക്കോ.5:5). ഹോശയായുടെ വിവാഹത്തിൽ കാണുന്നതു പോലെ അസാധ്യവും മനസ്സിലാക്കുവാൻ കഴിയാത്തതുമായ സാഹചര്യങ്ങളിൽ പോലും അനുസരിക്കുവാൻ ദൈവം നമ്മെ വിളിക്കുന്നു. (ഹോശ.1:2-3).  വൈകിയതും അർത്ഥ മനസ്സോടും കൂടിയ അനുസരണം യഥാർത്ഥത്തിൽ അനുസരണമല്ല.

അനുസരണം നമ്മുടെ കടമയാണ് (സഭാപ്ര.12:13; ലൂക്കോ.17:7-10); ദൈവത്തോടുള്ള സ്നേഹത്തിന്റെ പ്രകടനമാണ് (യോഹ.14:15); നമ്മുടെ വിനയത്തിന്റെ അടയാളമാണ് (സദൃ.22:4). നമ്മുടെ അനുസരണത്തിലൂടെ ദൈവം മഹത്വപ്പെടും (ലേവ്യ.9:22-23), സമാധാനം ലഭിക്കും 2 ദിന.14:1-6), അത്ഭുതങ്ങൾ സംഭവിക്കും (1 രാജ. 14:13-16). നമ്മുടെ ജീവിതം അഭിവൃദ്ധിപ്പെടും (യോശുവ,1:6-9), ജീവിതത്തിലുടനീളം നിറവായ അനുഗ്രഹം അനുഭവമാകും (പുറ.15:26).

കഠിനമായ ദാഹം ഉണ്ടായിട്ടും കുതിരകൾ തങ്ങളുടെ പരിശീലകന്റെ വിസിൽ അനുസരിക്കുന്നതുപോലെ പ്രയാസകരവും യുക്തിരഹിതവുമായ ജീവിത സാഹചര്യങ്ങളിൽ പോലും പൂർണ്ണ ഹൃദയത്തോടെ ഉടനടി അനുസരിക്കുക എന്നതാണ് അനുസരണത്തിന്റെ ലക്ഷ്യം. അനുസരണക്കേടിന്റെ അനന്തരഫലം ഗുരുതരമാണ് - ആദം - ഹവ്വയിൽ നാം കാണതുപോലെ, യിസ്രായേലിന്റെ ആശയകുഴപ്പങ്ങൾ, ശിംശോന്റെ ഖേദം. യോനയുടെ നഷ്ടം, ദാവിദിന്റെ ദുഃഖം, യിസ്രായേലിന്റെ അടിമത്തം ഇതെല്ലാം അനുസരണക്കേടിന്റെ ഫലമാണ്.

നാം അനുസരിക്കുവാൻ തിരുമാനിക്കുമ്പോൾ ഒരു പക്ഷേ നാം പരിഹസിക്കപ്പെട്ടേക്കാം, നമ്മെ മഠയന്മാരായി കണ്ടേക്കാം. എന്നാൽ അനുസരണം യാഗത്തെക്കാൾ ശ്രേഷ്ഠമാണെന്നു നമ്മെ ഓർമ്മപ്പെടുത്തുന്നു. നാം അനുസരിക്കുമ്പോൾ ദൈവം നമ്മെ അനുഗ്രഹിക്കുമെന്നും നയിക്കുമെന്നും  വിശ്വസിക്കാം ദൈവഹിതത്തിനു പൂർണ്ണ അനുസരണമുള്ളവരായി നടക്കുവാൻ ദൈവം നമ്മെ തുടർന്നും സഹായിക്കുവാൻ നമുക്കു ദൈവത്തോടു പ്രാർത്ഥിക്കാം.

- **മേഴ്സി സെൽവിൻ**, കമ്യൂണിക്കേഷൻ വിഭാഗം

**"ദൈവം നിങ്ങളെ അനുഗ്രഹിക്കുന്നതിനുള്ള കാരണമായി അനുസരണത്തെ എടുക്കരുത്; ദൈവവുമായുള്ള ശരിയായ ബന്ധത്തിന്റെ ഫലമാണ് അനുസരണം"**

**– ഒസ്വാൾഡ് ചേമ്പേഴ്സ്**

**"അതിനു പത്രോസും ശേഷം അപ്പൊസ്തലന്മാരും: മനുഷ്യരെക്കാൾ ദൈവത്തെ അനുസരിക്കേണ്ടതാകുന്നു."**

– അ. പ്രവൃ. 5:29

**"സാധാരണയായി ലളിതമായ അനുസരണത്തിലൂടെയാണ് ദൈവത്തിന്റെ മഹത്തായ പ്ര വർത്തനങ്ങൾ നടക്കുന്നത്"**

– സ്റ്റീഫൻ ഫർട്ടിക്ക്

**"ശമുവേൽ പറഞ്ഞത്: യഹോവയുടെ കല്പന അനുസരിക്കുന്നതു പോലെ ഹോമയാഗങ്ങളും ഹനനയാഗങ്ങളും യഹോവെക്കു പ്രസാദമാകുമോ? ഇതാ അനുസരിക്കുന്നതു യാഗത്തെക്കാളും ശ്രദ്ധിക്കുന്നതു മുട്ടാടുകളുടെ മേദസ്സിനെക്കാളും നല്ലതു".**

– 1 ശമുവേൽ. 15:22

**"ദൈവത്തോടുള്ള അനുസരണം അവനോടുള്ള ആത്മാർത്ഥവും പരമോന്നതവുമായ സ്നേഹത്തിന്റെ ഏറ്റവും കുറ്റമറ്റ തെളിവാകുന്നു."**

– നഥനയേൽ എമ്മൺസ്


## മിത്രസമാചാർ

### ഞങ്ങളുടെ ദർശനം

FMPB ഭാരതിയരുടെ മിഷനറി പ്രസ്ഥാനമായി യേശുക്രിസ്തുവിന്റെ സുവിശേഷം എത്തിച്ചേരാത്ത ജനസമൂഹങ്ങൾക്കു എത്തിച്ചുകൊടുക്കുന്നു

### ഞങ്ങളുടെ ദൗത്യം

ഭാരതത്തിലുടനീളം സഭകൾ നട്ടുപിടിപ്പിക്കുവാനുള്ള ക്രൈസ്തവ സഭയുടെ ഒരു കരമായി FMPB പ്രവർത്തിക്കുകയാണ്.

വിവധ ജാതിക്കൂട്ടങ്ങളുടെ മദ്ധ്യത്തിൽ FMPB സുവിശേഷം പ്രസംഗിക്കുന്നു.

സഭകൾ, സ്ഥാപനങ്ങൾ, കുടുംബങ്ങൾ, വ്യക്തികൾ എന്നിവരെ FMPB പ്രാർത്ഥനക്കും ഉദാരമായ സഹായ സഹകരണങ്ങൾക്കുമായി ക്ഷണിക്കുന്നു.

കേരള സോൺ:-
FMPB, വടവാതൂർ പി ഒ;
കോട്ടയം - 686 010
Mob: 9847 799 031; 9562 750 796
E-mail: abrahamthomas@fmpb.org

മിത്ര സമാചാർ

FMPB യുടെ പ്രതിമാസ സൂനം

*Publisher & Editor*
**S. ജോൺ ബർലിൻ**

| SUBSCRIPTION | INDIA | FOREIGN |
|---|---|---|
| Annual | Rs.100 | Rs.600 |
| Life | Rs.1500 | Rs.5,000 |

H.Q: 29, High School Road, Ambattur,
Chennai - 600 053
Tel: +91-44-2657 0404 Fax: 2657 3353
Cell: 9444394342
E-mail: info@fmpb.org
Web site: www.fmpb.co.in

**Layout and Preparation:**
Communication Dept., fmpb

# ജനറൽ സെക്രട്ടറിയുടെ കത്ത്...



സുവിശേഷം ശ്രവിക്കാത്തവരെ നേടുന്ന ദൗത്യത്തിൽ പ്രീയ പങ്കാളികളെ,

ജനറൽ സെക്രട്ടറി എന്ന നിലയിൽ ഇത് എന്റെ അവസാനത്തെ പത്രാധിപ ലേഖനമാകുന്നു. 2021 ഏപ്രിൽ ഒന്നു മുതൽ ഇന്നു വരെ ഈ മഹത്തായ സംഘടനയുടെ ജനറൽ സെക്രട്ടറി എന്ന ഉത്തരവാദിത്വം നിർവഹിക്കുവാൻ ദൈവം എന്നെ സഹായിച്ചു. കർത്താവിന്റെ കാൽപ്പാടുകൾ പിന്തുടരുകയും അവന്റെ വഴിനടത്തലുകളെ അനുസരിക്കുകയും ചെയ്യുക എന്നതാണ് എന്റെ ഉത്തരവാദിത്വം എന്ന് ആദ്യ നാൾ മുതൽ തന്നെ എനിക്ക് അറിയാമായിരുന്നു. എന്റെ കഴിവിന്റെയും അറിവിന്റെയും പരമാവധി അങ്ങനെ ചെയ്യുവാൻ ഞാൻ ശ്രമിച്ചു. 2025 മാർച്ച് 31 ന് ജനറൽ സെക്രട്ടറി എന്ന നിലയിലുള്ള എന്റെ ഉത്തരവാദിത്വം പൂർത്തീകരിക്കും. എന്നെ കൂടാതെ നിങ്ങൾക്കു ഒന്നും ചെയ്യുവാൻ കഴികയില്ല എന്നു യേശു പറഞ്ഞതു പോലെ സ്തുതികൾക്കു യോഗ്യനായ ദൈവത്തിനു എല്ലാ മഹത്വവും മാനവും സ്തോത്രവും അർപ്പിക്കുന്നു. അതുകൊണ്ട് 2 ശമുവേൽ 7:18 ൽ ദാവിദ് പ്രാർത്ഥിച്ചതു പോലെ ഞാനും പ്രാർത്ഥിക്കുന്നു, "കർത്താവായ യഹോവേ, നീ എന്നെ ഇത്രത്തോളം കൊണ്ടുവരുവാൻ ഞാൻ ആര്? എന്റെ ഗൃഹവും എന്തുള്ളു?"

കഴിഞ്ഞ നാലു വർഷക്കാലം കൊറോണ, പീഡനം പോലെയുള്ള കഠിനമായ സാഹചര്യത്തിലൂടെ കടന്നു പോകുവാൻ നിങ്ങളുടെ നിരന്തരമായ പ്രാർത്ഥനയിലൂടെയും സഹായ സഹകരണത്തിലൂടെയും എന്നെ സഹായിച്ച നിങ്ങളേവരോടും നന്ദിയറിക്കുക എന്റെ ഉത്തരവാദിത്വവും ഉചിതവുമാകുന്നു. ഞാൻ പൂർണ്ണ തൃപ്തിയോടെ നമ്മുടെ ദൈവത്തിന്റെ അപാരവും ദുർഗ്രാഹ്യവുമായ കൃപയുടെ നിറവിൽ ഈ പദവി ഒഴിയുകയാണ്. മിഷനറിമാരോടും പ്രാർത്ഥനക്കൂട്ട നേതാക്കന്മാരോടും അംഗങ്ങളോടും ചേർന്നു ഈ ശുശ്രൂഷ ചെയ്യുന്നതിനു എനിക്കു അവസരം നൽകിയ ദൈവത്തിനു നന്ദിയർപ്പിക്കുന്നു. ദൈവരാജ്യത്തിന്റെ വിപുലീകരണത്തിനായി സഭയുടെയും മിഷന്റെയും നേതാക്കന്മാരോടു ചേർന്നു കർത്താവിനെ സേവിക്കുന്നത് ഒരു പദവിയാണ്. നിങ്ങളോടൊപ്പമുള്ള നാലു വർഷക്കാലത്തെ ശുശ്രൂഷയുടെ പച്ചയായ ഓർമ്മകൾ എന്റെ മനസ്സിൽ വളരെക്കാലം നിലനിൽക്കും.

## മാനേജ്മെന്റ് കമ്മറ്റി യോഗം:

ഈ മാനേജ്മെന്റ് കമ്മറ്റി അതിന്റെ ചെയർമാൻ എന്ന നിലയിൽ എന്റെ ഒടുവിലത്തെ യോഗമായിരുന്നു. അനേക പുതിയ തീരുമാനങ്ങൾ കൈക്കൊള്ളുവാൻ ഈ കമ്മറ്റിയെ ദൈവം അനുഗ്രഹിച്ചു.

## പുതിയ മിഷൻ വയൽ സെക്രട്ടറിമാരുടെ ഓറിയന്റേഷൻ:

പുതുതായി നിയോഗിച്ച മിഷൻ വയൽ സെക്രട്ടറിമാരുടെ ഓറിയന്റേഷൻ പ്രോ

ഗ്രാം നാഗപ്പൂരിൽ നടത്തി. ഈ പ്രോഗ്രാമിൽ ഒമ്പതു കുടുംബം പങ്കെടുത്തു. പരസ്പരം മനസ്സിലാക്കുന്നതിനു അനുഗ്രഹിക്കപ്പെട്ട സന്ദർഭമായിരുന്നു.

## വല്ലം അറൈക്കൂവൽ യോഗം:

25, 26 തീയതികളിൽ വല്ലം മൊബലൈസേഷൻ ഹോണററി സെക്രട്ടറി ഈ യോഗത്തിന്റെ ക്രമീകരണങ്ങൾ ചെയ്തു. കുറച്ചു പട്ടക്കാരും പാസ്റ്ററന്മാരും ഈ യോഗത്തിൽ സംബന്ധിച്ചു പങ്കെടുത്തവരെ അനുഗ്രഹിച്ചു. അതിശയകരമാം വിധം ദൈവം ഈ യോഗത്തെ ആശീർവദിച്ചു. നാലു മിഷനറിമാരെ ദൈവനാമ മഹത്വത്തിനായി സമർപ്പിച്ചു മിഷൻ വയലിലേക്കു അയച്ചു.

## മിറക്കിൾ ഷെക്കീന അസംബ്ലി ചർച്ച്, ചെങ്കൽപെട്:

മിറക്കിൾ ഷെക്കീന അസംബ്ലി സഭയുടെ 26-ാം തീയതിയിലെ രണ്ടു ആരാധനകളിലും ദൈവവചനം പ്രഘോഷിച്ചു. FMPB യുടെ പ്രവർത്തനത്തെ അവരുടെ സഭയിൽ അവതരിപ്പിക്കുന്നതിനു അവസരം നൽകിയ പാസ്റ്ററോടുള്ള നന്ദി രേഖപ്പെടുത്തുന്നു. മിഷനറിമാരും പഞ്ചാബിൽ നിന്നുള്ള വിശ്വാസികളുടെ സംഘവും അവരുടെ സാക്ഷ്യങ്ങളിലൂടെ മിഷൻ പ്രവർത്തനത്തിനു വേണ്ടി പ്രാർത്ഥിക്കുവാൻ സഭയെ ഉത്സാഹിപ്പിച്ചു.

## സിത്താര റീജിയനിലെ യോഗം:

ശുശ്രൂഷയെ ശക്തിപ്പെടുത്തുന്നതിനായി പുതുതായി രൂപീകരിച്ച സഭകളിലെയും ആരാധനക്കൂട്ടങ്ങളിലെയും സാംസ്കാരിക സംവേദനക്ഷമതയെ അഭിസംബോധന ചെയ്യുവാൻ ഞാൻ മിഷനറിമാരുമായും സുവിശേഷകരുമായും സഭാമൂപ്പന്മാരുമായും സംസാരിച്ചു.

## ഖാന്തേഷ് റീജിയൻ മിഷൻ വയൽ സന്ദർശനം:

ഫെബ്രുവരി 1,2 തീയതികളിൽ മിഷൻ വയൽ നേതാക്കന്മാരുമായി ഞാൻ ഖാന്തേഷ് റീജയനിലുള്ള മിഷനറിമാരുടെ ഭവനങ്ങൾ സന്ദർശിച്ചു. കഠിനതരമായ സാഹചര്യത്തിൽ മിഷനറിമാർ സമർപ്പണത്തോടെ ദൈവവേല ചെയ്യുന്നു. അവർക്കു നിങ്ങളുടെ പ്രാർത്ഥന ആവശ്യമാകുന്നു.

## ദേശീയ ആസൂത്രണ യോഗം പ്രാർത്ഥന ദിനം:

2025 ആസൂത്രണ യോഗം ഏഴാം തീയതി ഉപവാസ പ്രാർത്ഥനയോടെ ആരംഭിച്ചു. രാവിലെ ഏഴു മണി മുതൽ വൈകിട്ട് ആറു മണി വരെ 11 മണിക്കൂർ പ്രാർത്ഥിച്ചു. മിഷൻ വയലിൽ നിന്നും മൊബലൈസേഷൻ മേഖലയിൽ നിന്നുമുള്ള മിഷനറിമാർ പ്രാർത്ഥന വിഷയങ്ങൾ പങ്കുവെച്ചു.

## ദേശീയ ആസൂത്രണ യോഗം:

ദേശീയ ആസൂത്രണ യോഗം ഫെബ്രുവരി 8,9 തീയതികളിൽ നടത്തി. ഈ രണ്ടു ദിവസങ്ങളിലും അനേക റിപ്പോർട്ടുകൾ അവതരിപ്പിച്ചു ചർച്ചകൾ നടത്തി. രണ്ടാം ദിവസം വരുന്ന വർഷത്തെ പ്രവർത്തനത്തിനു ഊന്നൽ നൽകേണ്ട വിഷയത്തെ അവതരിപ്പിച്ചു. പങ്കെടുത്തവർ ദർശനം പങ്കിട്ടും പ്രാർത്ഥനയിലൂടെയും രാജ്യത്തെ സുവിശേഷത്താൽ നേടണമെന്ന ആഴമായ സമർപ്പണത്തോടും കൂടെയാണ് യോഗം കഴിഞ്ഞ് പോയത്.

## എക്സിക്യൂട്ടിവ് കമ്മറ്റി യോഗം:

223 -ാമത് എക്സിക്യൂട്ടീവ് കമ്മറ്റി ഫെബ്രുവരി 7,9,10 തീയതികളിൽ നടത്തി.

### ഉത്തരേന്ത്യ മിഷൻ മൊബലൈസേഷൻ മിഷനറിമാരുടെ പരിശീലനം:

ഉത്തരേന്ത്യയിൽ പ്രവർത്തിക്കുന്ന മൊബലൈസേഷൻ മിഷനറിമാർക്കു 10,11 തീയതികളിൽ മൊബലൈസേഷൻ ശൈലികളെ കുറിച്ചു പരിശീലനം നൽകി.

### പൂണ്ടി കെട്ടിടത്തിന്റെ സമർപ്പണം:

ചെന്നയ്ക്കു സമീപമുള്ള പൂണ്ടി ക്യാമ്പസിൽ ഒരു ഡോർമറ്ററി കൂടി പണിതു. അതിന്റെ സമർപ്പണം ഫെബ്രുവരി 12 ന് നടത്തി. തിരുവള്ളൂർ ജില്ലയിലെ മൊബലൈസേഷൻ നേതാക്കന്മാരുടെ പരിശ്രമത്താലാണ് ഈ പദ്ധതി പൂർത്തീകരിക്കപ്പെട്ടത്.

### മിഷൻ വയൽ സോണൽ, റീജിനൽ സെക്രട്ടറിമാരുടെ യോഗം:

സോണൽ റീജനൽ സെക്രട്ടറിമാരുടെ യോഗം ചെന്നയിൽ വെച്ചു ഫെബ്രുവരി 13,14 തീയീതികളിൽ നടത്തി. ശുശ്രൂഷ വിപുലീകരിക്കുന്നതിനും സ്വദേശവൽക്കരണത്തെ ശക്തീകരിക്കുന്നതിനുമായി ചർച്ച ചെയ്തു പദ്ധതികൾ തയ്യാറാക്കി.

### സെക്രട്ടറിമാരുടെ നേതൃത്വ പരിശീലനം:

ഫീൽഡ് സെക്രട്ടറിമാർക്കു ഫെബ്രുവരി 15 - 18 നടത്തി. ഹഗ്ഗായി ഇൻസ്റ്റിറ്റ്യൂട്ടിലെ അദ്ധ്യാപകരും ഞാനും നേതൃത്വത്തിന്റെ വിവിധ വിഷയങ്ങളെ കുറിച്ചു ക്ലാസ്സുകൾ എടുത്തു.

### മാർച്ച് മാസത്തെ പ്രോഗ്രാമുകൾക്കായി പ്രാർത്ഥിക്കുക.

- ഫീൽഡ് സോണൽ സെക്രട്ടറിമാരുടെ യോഗം ഝാൻസിയിൽ വെച്ച് മാർച്ച് 1,2 തീയതികളിൽ നടക്കുന്നു.
- അവിവാഹിതരായ മിഷനറിമാരുടെ സമ്മേളനം ഝാൻസിയിലെ NIM ൽ വെച്ചു മാർച്ച് 3,4 തീയതികൾ നടത്തുന്നു.
- മാർച്ച് 8 NSM ന്റെ ബോർഡ് മിറ്റീംഗ് ക്രമീകരിച്ചിരിക്കുന്നു.
- വടക്ക് പടിഞ്ഞാറ് സോണിലെ മിഷനറിമാരുടെ ആത്മീക നവോത്ഥാന സമ്മേളനം മാർച്ച് 10 മുതൽ 13 വരെ ഡേരാഡൂണിൽ ക്രമീകരിച്ചിരിക്കുന്നു.
- ദൈവഹിതമെങ്കിൽ ഈറോഡിലെ ഭാവനിയിൽ 15,16 തീയതികളിൽ ക്രമീകരിച്ചിരിക്കുന്ന വിവിധ മൊബലൈസേഷൻ യോഗങ്ങളിൽ വചന ശുശ്രൂഷ നിർവഹിക്കുന്നതാണ്.
- മാർച്ച് 18 മുതൽ 20 വരെ ഡിവിഷണൽ സെക്രട്ടറിമാരുടെ പ്രാർത്ഥന യോഗവും ആസൂത്രണ യോഗവും ബാഗ്ലൂരിൽ ക്രമീകരിച്ചിരിക്കുന്നു.
- മാർച്ച് 22 ന് ഡെങ്കണി കോട്ടയിൽ റീജിനൽ ചർച്ച് കൗൺസിലിന്റെ പൊതു യോഗം ക്രമീകരിച്ചിരിക്കുന്നു.
- യുണൈറ്റഡ് ക്രിസ്റ്റ്യൻ പ്രാർത്ഥനയുടെ ഉപദേശക സമതിയുടെ യോഗം മാർച്ച് 24 മുതൽ 27 വരെ ബാംഗ്ലൂരിൽ ക്രമീകരിച്ചിരിക്കുന്നു.
- മാർച്ച് 28 ന് ബഥേൽ അഗ്രിക്കൾച്ചറൽ ഫെലോഷിപ്പിന്റെ ബോർഡ് മീറ്റിംഗ് ഡാനിഷ്പേട്ട് ബഥേൽ ക്യാമ്പസിൽ ക്രമീകരിച്ചിരിക്കുന്നു.
- പുതിയ ജനറൽ സെക്രട്ടറിയുടെ തിരഞ്ഞെടുപ്പ്

2025 മാർച്ച് 31 ന് ജനറൽ സെക്രട്ടറിയായ എന്റെ കാലാവധി തീരുന്നതിനാൽ സംഘടന ദക്ഷിണേന്ത്യ മൊബലൈസേഷൻ ഡിവിഷനൽ സെക്രട്ടറി യായി പ്രവർത്തിക്കുന്ന റവ. വിജയ് പ്രസന്ന

ഐെസക്കിനെ പുതിയ ജനറൽ സെക്ര ട്ടറിയായി തിരഞ്ഞെടുത്തിരിക്കുന്നു. റവ. വിജയ് പി ഐെസക്കിനെ കുറിച്ചുള്ള ഒരു ചെറു വിവരണം ഈ മാസികയുടെ ഉൾ പേജിൽ കൊടുത്തിട്ടുണ്ട്. പുതി യ ജനറൽ സെക്രട്ടറിയെ FMPB കുടും ബം സസന്തോഷം സ്വാഗതം ചെയ്യു ന്നു. FMPB യെ കുറിച്ചുള്ള ദൈവീക പദ്ധതി അദ്ദേഹത്തിലൂടെ ദൈവം ചെയ്തെടുക്കുവാൻ നിങ്ങളെല്ലാവരും അദ്ദേഹത്തിനു വേണ്ടി ദിനം തോറും പ്രാർത്ഥിക്കണമെന്നു ഞാൻ അഭ്യർ ത്ഥിക്കുന്നു.

ഫ്രെണ്ട്സ് മിഷനറി പ്രെയർ ബാൻ ഡിന്റെ ശുശ്രൂഷക്കു ശക്തമായ പിന്തു ണ നൽകിയ നിങ്ങളേവരോടുമുള്ള നന്ദിയും അഭിനന്ദനവും അറിയിച്ചു കൊണ്ട് എന്റെ അവസാനത്തെ പത്രാ ധിപ ലേഖനം അവസാനിപ്പിക്കുന്നു. നമ്മുടെ വിശാലമായ രാജ്യത്തെ യേശു ക്രിസ്തുവാകുന്ന സുവിശേഷത്താൽ നേടുന്നതിനുള്ള എരിവോടു കൂടി നമുക്കു ഒരുമിച്ചു യാത്ര തുടരാം.

ക്രിസ്തുവിന്റെ വേലയിൽ നിങ്ങളുടെ സഹയാത്രികൻ



റവ. ജോൺ ബർലിൻ എസ്

***നിങ്ങളുടെ വാർദ്ധക്യ വരെ ഞാൻ അനന്യൻ തന്നേ; നിങ്ങൾ നരെക്കുവോളം ഞാൻ നിങ്ങളെ ചുമക്കും; ഞാൻ ചെയ്തിരിക്കുന്നു; ഞാൻ വഹിക്കുകയും ഞാൻ ചുമന്നു വിടുവിക്കയും ചെയ്യും.***
***യെശയ്യാവ്. 46:4***

## സന്തോഷകരമായ പ്രഖ്യാപനം

**ഫ്രെ**ണ്ട്സ് മിഷനറി പ്രെയർ ബൻഡിലെ എല്ലാ നേതാക്കന്മാരും മിഷനറിമാരും പ്രാർത്ഥന സഹകാരികളും അറിയുന്നതിന്

FMPB എന്ന മുന്നേറ്റ പ്രസ്ഥാനത്തിന്റെ പുതിയ ജനറൽ സെക്രട്ടറിയായി റവ. വിജയ് പി ഐെസക്കിനെ തിരഞ്ഞെടുക്കുവാൻ സർവ്വശക്തനായ ദൈവം എക്സിക്യൂട്ടീവ് കമ്മറ്റിയെ പ്രാപ്തമാക്കി. ഏക മനസ്സോടെ ഈ തീരുമാനം കൈക്കൊള്ളുവാൻ എക്സിക്യൂട്ടീവ് കമ്മറ്റിയെ സഹായിച്ച ദൈവത്തിനു നന്ദി. ഇപ്പോഴത്തെ ജനറൽ സെക്രട്ടറിയായ റവ. ജോൺ ബർലീന്റെ കാലവധി പൂർത്തീകരിക്കുന്നതിനെ തുടർന്നു 2025 ഏപ്രിൽ 1 മുതൽ റവ. വിജയ് പി ഐെസക്ക് FMPB യുടെ ജനറൽ സെക്രട്ടറിയായി ചുമതല ഏറ്റെടുക്കും.

ദൈവസ്നേഹത്താൽ ദേശത്തെ സ്പർശിക്കുക എന്ന ദൈവീക ഉദ്ദേശം ഭരമേല്പിച്ച ദൈവീക മുന്നേറ്റ പ്രസ്ഥാനമാണ് FMPB. കർത്താവ് ഞങ്ങളോടു കൂടെയിരുന്നു മുന്നോട്ടു നയിക്കുന്നതിൽ ഞങ്ങൾ സന്തോഷിക്കുന്നു. തുടർന്നു നിങ്ങളുടെ പ്രാർത്ഥനയും സഹായവും ഞങ്ങൾ അഭ്യർത്ഥിക്കുന്നു. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ. ദൈവം FMPB യെ അനുഗ്രഹിക്കുമാറാകട്ടെ.

ആദരവോടെ
**ശ്രീ. ജോൺ ശമുവേൽ,** പ്രസിഡണ്ട് – FMPB



# അനുസരിക്കുന്നതു യാഗത്തെക്കാളും ശ്രേഷ്ഠമാകുന്നു

മറിയം വെബ്സ്റ്റർ നിഘണ്ടുവിൽ അനുസരണത്തിന്റെ അർത്ഥം വിശദീകരിക്കുന്നത് അനുസരണം ഒരു പ്രവൃത്തിയാകുന്നു അല്ലെങ്കിൽ അനുസരിക്കുന്നതിന്റെ ഉദാഹരണമാകുന്നു.

സമൂഹത്തിലെ നിയമത്തോടും വ്യവസ്ഥിതികളോടും വിപുലമായ വിധം ആദരവും ശ്രദ്ധയും കൊടുക്കുന്ന ഒരു പെരുമാറ്റമാണ് അനുസരണം.

അനുസരണം ഒരു ശേഷ്ഠമായ നന്മയാണ് അത് മനുഷ്യ സ്വഭാവത്തിന്റെ ഭാഗമാകുന്നതു വരെ ഭവനത്തിലായാലും സമൂഹത്തിലായാലും ജോലി സ്ഥലത്തായാലും പ്രയോഗികമാക്കുക അത്ര എളുപ്പമല്ല. അനുസരണം കുടുംബത്തെ ഐക്യത്തോടെ നിലനിർത്തുന്നതിനും സൈന്യം, പോലീസ്, സാധാരണ സമൂഹം തുടങ്ങി എല്ലാ സ്ഥാപനങ്ങളെയും യോജിപ്പിച്ച് മൊത്തത്തിൽ അഭിവൃദ്ധി പ്രാപിക്കുന്നതിനും മെച്ചപ്പെട്ട ജീവിതത്തിനായുള്ള ലക്ഷ്യം കൈവരിക്കുന്നതിനും സാധിക്കുന്നു. അനേക ആത്മീക അച്ചടക്കങ്ങളിൽ ഒന്നാകുന്നു അനുസരണം. ഒരു പിതാവ് തന്റെ ഭാര്യയും മക്കളും അനുസരിക്കുന്നവരായിരിക്കണം എന്നു പ്രതീക്ഷിക്കുന്നു (എഫെ.5). ഒരു നേതാവ് തന്റെ കൂടെയുള്ള അണികൾ അനുസരണമുള്ളവരാകണമെന്നു ആഗ്രഹിക്കുന്നു. വേദപുസ്തകപരമായി ദൈവം തന്റെ സൃഷ്ടിയായ മനുഷ്യ വർഗ്ഗത്തിന്റെ ആരോഗ്യകരമായ സമ്പൂർണ്ണ ജീവിതത്തിനായി ദൈവീക കല്പനകൾ അനുസരിക്കുവാൻ കല്പിച്ചിരിക്കുന്നു. രണ്ടാം ലോക മഹായുദ്ധത്തിന്റെ അനുഭവസമ്പത്തുള്ള പിന്നീട് മിഷനറിയായി തീർന്ന ആർഥർ വാലീസ് ഇപ്രകാരം പറഞ്ഞു,“ഒരു സൈനീകന്റെ പ്രഥമ കടമ അനുസരണം ആകുന്നു. രാണ്ടാമത്തെ കടമ അനുസരണം ആകുന്നു, മൂന്നാമത്തേതും അനുസരണമാകുന്നു.”

ഫ്രെണ്ട്സ് മിഷനറി പ്രെയർ ബാൻഡിന്റെ ധർമ്മചിന്തയിൽ അനുസരണം ഉണ്ട്. FMPB യുടെ എല്ലാ പൂർണ്ണസമയ പ്രവർത്തകരും ഹോണററി പ്രവർത്തകരും സന്നദ്ധ പ്രവർത്തകരുമായ എല്ലാവരും നമ്മുടെ കർത്താവും ദൈവവുമായ യേശുക്രിസ്തുവിനെയും അവന്റെ കല്പനകളെയും അനുസരിക്കുന്നവരായിരിക്കണമെന്നു ഈ മുന്നേറ്റ പ്രസ്ഥാനം പ്രതീക്ഷിക്കുന്നു. അനുസരുണത്തിന്റെ ആർക്കും നഷേധിക്കുവാൻ കഴിയാത്ത ഉത്തമ ഉദാഹരണം യേശു ആകുന്നു.

## യേശുവിന്റെ ബാല്യത്തിൽ

യേശു ജീവിതകാലം മുഴുവൻ അനുസരണമുള്ളവനായിരുന്നു. ഒരിക്കൽ യേശു യരുശലെം ദൈവാലയത്തിൽ നിന്നും പോകാതെ നിന്നു സന്നഹദ്രിം സംഘവുമായി ആഴമായ സംവാദത്തിൽ ഏർപ്പെട്ടു. അത് അവന്റെ മാതാപിതാക്കൾക്ക് അറിയില്ലായിരുന്നു. യേശുവിന്റെ മാതാപിതാക്കൾ അവനെ തേടി വന്നു കണ്ടെത്തിയപ്പോൾ

ആശ്ചര്യപ്പെട്ടു. ''പിന്നെ അവൻ അവരോടു കൂടെ ഇറങ്ങി, നസറെത്തിൽ വന്നു അവർക്കു കീഴടങ്ങിയിരുന്നു'' ലൂക്കോ. 2:51.

## യേശുവിന്റെ ജീവിതചര്യയിൽ

യേശു തന്റെ ജീവിതഗതിയിൽ ഒരു ആശാരിയായി അനുസരണമുള്ളവനായിരുന്നതു പോലെ ദൈവപുത്രനായി തന്റെ സ്വർഗ്ഗീയ പിതാവിന്റെ ഇഷ്ടം നിറവേറ്റുന്നതിലും അനുസരണയുള്ളവനായിരുന്നു. മനപൂർവ്വമായ സമർപ്പണം നമ്മുടെ രക്ഷകനായ യേശുക്രിസ്തുവിൽ നിന്നും പ്രശംസ നേടും. ദൈവവചനം ഓർക്കുന്നതിലൂടെ നാമും തൃപ്തരായി തീരും. "ദൈവത്തെ സ്നേഹിക്കുന്നവർക്കു, നിർണ്ണയ പ്രകാരം വിളിക്കപ്പെട്ടവർക്കു സകലവും നന്മെക്കായി കൂടി വ്യാപരിക്കുന്നു എന്നു നാം അറിയുന്നു." റോമർ. 8:28.

## യേശുവിന്റെ വ്യക്തിഗതമായ ജീവിതത്തിൽ

യേശുവിനെ ഒരു ഭീഷണിയായി കണക്കാക്കിയപ്പോൾ മറ്റുള്ളവരുടെ അഭിപ്രായത്തെ അവഗണിച്ച് യേശു മറ്റുള്ളവർക്കു നന്മ ചെയ്യുന്ന തിരക്കിലായിരുന്നു. അവൻ എല്ലായ്പോഴും പിതാവായ ദൈവത്തിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിച്ചു. യേശു എല്ലായ്പോഴും തന്റെ പിതാവിന്റെ നിർദ്ദേശം മാത്രം അനുസരിച്ചു. ''യേശു അവരോടു ഉത്തരം പറഞ്ഞതു: ആമേൻ ആമേൻ ഞാൻ നിങ്ങളോടു പറയുന്നു: പിതാവ് ചെയ്തു കാണുന്നതു അല്ലാതെ പുത്രനു സ്വതേ ഒന്നും ചെയ്‌വാൻ കഴികയില്ല; അവൻ ചെയ്യുന്നതു എല്ലാം പുത്രനും അവ്വണ്ണം തന്നേ ചെയ്യുന്നു" (യോഹ.5:19).

## യേശുവിന്റെ തൊഴിലിൽ

യേശു ഒരിക്കലും ജനപ്രീതി തേടുകയോ അതിനായി ആഗ്രഹിക്കുകയോ ചെയ്തില്ല. അവൻ അനുസരണമുള്ളവനായിരുന്നു. തന്റെ ശിഷ്യന്മാരോടു ഒന്നും മറച്ചു വെച്ചതുമില്ല. യേശുവിന്റെ അധ്യാപനം കലർപ്പില്ലാത്തതായിരുന്നു. യേശുവിനു ഒരിക്കലും രഹസ്യ താല്പര്യമില്ലായിരുന്നു. യേശുവിന്റെ ജീവിതം മുഴുവനും സുതാര്യമായിരുന്നു. "യേശു അവനോടു: എന്നെ സ്നേഹിക്കുന്നവൻ എന്റെ വചനം പ്രമാണിക്കും; എന്റെ പിതാവ് അവനെ സ്നേഹിക്കും; ഞങ്ങൾ അവന്റെ അടുക്കൽ വന്നു അവനോടു കൂടെ വാസം ചെയ്യും." യോഹ.14:23.

## യേശുവിന്റെ അഭിനിവേശത്തിൽ

"ഗത്ശമന തോട്ടത്തിലെ യേശുവിന്റെ പ്രാർത്ഥന നമുക്കൊരു മാതൃകയാണ്, ഞാൻ പഠിച്ചു." കാതറിൻ മാർഷൽ പറയുന്നു. ക്രിസ്തുവിനു ക്രൂശ് ഒഴിവാക്കാമായിരുന്നു. അവസാന നാളിൽ യേശു യരുശലെമിൽ പോകാതിരിക്കമായിരുന്നു. അവിടുത്തെ പുരോഹിതന്മാരുമായി സമരസപ്പെടാമായിരുന്നു. കൈയഫാസുമായി വിലപേശാമായിരുന്നു. തന്റെ അനുയായികളെ മുതലെടുത്തു ഒരു ഭൗമീക രാജ്യത്തിന്റെ ആരംഭം കുറിച്ചു കൊണ്ട് യൂദയെ പ്രീതിപ്പെടുത്താമായിരുന്നു. പീലാത്തോസ് അവനെ മോചിപ്പിക്കുവാൻ ആഗ്രഹിച്ചു. യേശുവിനെ വിട്ടയക്കുന്നതിനായി അവനോടു സംസാരിക്കുവാൻ കെഞ്ചി. തോട്ടത്തിൽ വെച്ചു യേശുവിനു ഓടി ഒളിക്കുവാൻ ആവശ്യമായ സമയം ലഭിച്ചതാണ്. എന്നാൽ യേശു തന്റെ സ്വന്ത ഇഷ്ടം ഉപേക്ഷിച്ചു പിതാവിന്റെ തീരുമാനത്തിനായി തന്നെ വിട്ടു കൊടുത്തു.

അതാകുന്നു അനുസരണം. പ്രയാസകരമായ സാഹചര്യത്തിൽ പോലും ദൈവഹിതം അനുസരിക്കുവാൻ സ്വയം അനുവദിക്കുക. അതിനായിട്ടു ഉയരത്തിൽ നിന്നുള്ള ശക്തി സംഭരിക്കുക.

## യേശുവിന്റെ പീഡാനുഭവത്തിൽ – (പീഡനം കൈകാര്യം ചെയ്യുന്നതിൽ)

യേശു ഒരിക്കലും പ്രതികാരം ചെയ്യുവാൻ ശ്രമിച്ചില്ല. അവൻ നിശ്ശബ്ദനായിരുന്നു. അവനെ പീഡിപ്പിക്കുന്നവരുടെ മുമ്പാകെ (സൃഷ്ടിതാവ് സൃഷ്ടിയുടെ മുമ്പാകെ) നിശ്ശബ്ദതയോടെ കഷ്ടം സഹിച്ചു. അവരുടെ പാപം ക്ഷമിക്കുന്നതിനുള്ള മഹാമനസ്കത അവനുണ്ടായിരുന്നു. അധികാരത്തിൽ ഇരിക്കുന്ന നേതാക്കന്മാർ ചിലപ്പോൾ ചെയ്യുന്നതുപോലെ ഒരിക്കൽ പോലും പിതാവ് നൽകിയ അധികാരം അവൻ ഉപയോഗിക്കുവാൻ ശ്രമിച്ചില്ല. അവൻ അധികാരികളുടെയും രാജക്കന്മാരുടെയും മുമ്പാകെ നിന്നപ്പോൾ അവന്റെ അധികാരം പ്രകടിപ്പിച്ചില്ല. ശക്തമായ അധികാര പിൻബലമുള്ള മനുഷ്യർ ചെയ്യുന്നതുപോലെ മറ്റുള്ളവരെ ഭീഷണിപ്പെടുത്തുവാൻ അവൻ മുതിർന്നില്ല.

അവന്റെ ദൈനം ദിന ജീവിതത്തിൽ ശകാരിക്കപ്പെട്ടപ്പോൾ മൗനം പാലിച്ചു. ഇതെല്ലാം സാധ്യമായതിന്റെ കാരണം തന്റെ പിതാവിനോടു കൂടെയുള്ള ആഴമായ ബന്ധമാണ്. അതിരാവിലെ സമയം മണിക്കൂറുകൾ അവൻ പിതാവുമായി പ്രാർത്ഥനയിലൂടെ ബന്ധം പുലർത്തിയിരുന്നു.

"ഏക മനുഷ്യന്റെ അനുസരണക്കേടിനാൽ അനേകർ പാപികളായിത്തീർന്നതുപോലെ ഏകന്റെ അനുസരണത്താൽ അനേകർ നീതിമാന്മാരായിത്തീരും" റോമർ.5:19.

തഴച്ചു വളരുന്ന വയലിൽ നിന്നും വരണ്ട വയൽ പ്രദേശത്തേക്കു മാറ്റുന്നത് ഒരു അനീതിയാണെന്നു പൂർണ്ണ സമയ പ്രവർത്തകർ ചിന്തിച്ചേക്കാം. എന്നാൽ നാം നമ്മുടെ ദൃഷ്ടി ഉയരത്തിലുള്ള സൃഷ്ടിതാവായ ദൈവത്തിങ്കലേക്കു ഉയർത്തുമ്പോൾ നമ്മുടെ നേതാക്കന്മാരുടെ അധികാരത്തിനു കീഴ്പെടുവാൻ ദൈവം നമ്മെ സഹായിക്കും. പലപ്പോഴും നിങ്ങളുടെ സഹപ്രവർത്തകനു സ്ഥാനക്കയറ്റം നൽകുന്നതു വംശീയ പശ്ചാത്തലം പരിഗണിച്ചോ പക്ഷപാതപരമോ ആയിരിക്കാം. സാഹചര്യം എന്തു തന്നെയായാലും ആദായം നോക്കാതെ ആനുകൂല്യങ്ങൾ പരിഗണിക്കാതെ വെല്ലുവിളികളെ പരിഗണിച്ചു വില നൽകുവാൻ തയ്യാറായി കർത്താവിന്റെ മഹാനിയോഗമായ സുവിശേഷം പ്രഘോഷിക്കുക എന്നതിനോടു അനുസരണം കാണിച്ചു കൊണ്ട് ദൈവവചനം പരമാർശിക്കുവാൻ നാം ഏപ്പോഴും പഠിക്കണം.

ഈ നോമ്പുകാലത്ത് നമുക്കു ദൈവപുത്രനെ നോക്കാം. നമ്മുടെ കർത്താവായ യേശുക്രിസ്തു കാൽവറിയിൽ സഹിച്ച പാടുകളെ ധ്യാനിക്കാം. നമ്മുടെ ജീവിതത്തിന്റെ സമസ്ത മേഖലയിലും അവനെ അനുകരിക്കുവാൻ നമുക്കു ശ്രമിക്കാം. എല്ലാ സ്തുതിയും മഹത്വവും ബഹുമാനവും ദൈവത്തിനു മാത്രം.

യജമാനന്റെ കല്പന
അനുസരിക്കുന്നതിൽ
അന്തർഭവിച്ചിരിക്കുന്ന പ്രചോദനം
സ്നേഹമാകുന്നു

യോഹന്നാന്റെ സുവിശേഷത്തിൽ
യേശു വിശദീകരിക്കുന്നു, ദൈവം
ആവശ്യപ്പെടുന്ന മുഖമുദ്ര
അനുസരണമാകുന്നു.

കാലതാമസമുള്ള അനുസരണം
അനുസരണമായി കണക്കാക്കുകയില്ല.
പരോക്ഷമായതു അനുസരണമായി
കണക്കാക്കുന്നു. ദൈവത്തിന്റെ
കാഴ്ചപ്പാടിൽ സമയത്തിനു
എല്ലായ്പോഴും പ്രധാന്യമുണ്ട്.

രണ്ടു ആൺമക്കളുടെ ഉപമയിൽ
ഇളയവന്റെ പ്രവൃത്തിയെ ദൈവം
അഭിനന്ദിക്കുന്നു. ആദ്യമകന്റെ
വിമുഖത അവഗണിക്കുന്നു.
രണ്ടാമത്തവൻ ദൈവത്തിന്റെ ഹിതം
നിറവേറ്റിയതായി പറയുന്നു.

– ശ്രീമതി. മേഖല സെൽവി പ്രഭാകർ,
മൊബലൈസേഷൻ

# നമ്മുടെ പുതിയ ജനറൽ സെക്രട്ടറിക്കു

## ഊഷ്മളവും ഹൃദ്യവുമായ സ്വാഗതം



കർണ്ണാടകയിലെ ബാങ്കലൂരുവിൽ ശ്രീ. ഡി വിക്ടർ ഐസക്കിന്റെയും ശ്രീമതി തങ്കം ഐസക്കിന്റെയും മകനായി റവ. വിജയ് പ്രസന്ന ഐസക്ക് ജനിച്ചു. ചെറു പ്രായത്തിൽ തന്നെ പിതാവ് നഷ്ടപ്പെട്ട വിജയിയെ മാതാവാണ് വളർത്തിയത്. യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിക്കുന്നതിലേക്കു മാതാവ് വഴിനടത്തി. സ്റ്റാൻലി പ്രിൻസ് അണ്ണൻ ബാങ്കലൂരിൽ നടത്തിയ യോഗത്തിൽ വെച്ച് പൂർണ്ണ സമയ സുവിശേഷ വേലക്കായ് തന്നെ സമർപ്പിച്ചു. അദ്ദേഹത്തിന്റെ മാതാവ് ഒരു പ്രാർത്ഥന പോരാളിയും പ്രാർത്ഥനക്കൂട്ട നേതാവും FMPB യുടെ അനുയായിയും ആയിരുന്നു. FMPB യുടെ പ്രവർത്തനത്തിനായി പ്രാർത്ഥിക്കുകയും മിഷനറി പ്രവർത്തനത്തിനായി സാമ്പത്തിക സഹായം നൽകുകയും ചെയ്തിരുന്നു. പ്രാർത്ഥനപൂർവ്വം മകനെ പരിപോഷിപ്പിച്ചതിനാൽ ദൈവഭക്തനും വേദപുസ്തക മൂല്യങ്ങളെ വിലമതിക്കുന്നവനും മിഷൻ പ്രവർത്തനത്തോടു സമർപ്പണമുള്ളവനുമായി തീർന്നു. FMPB യുടെ ആദ്യ മിഷനറിയായ റവ. ഹാരീസ് ഹിൽട്ടൻ ഒരു ആത്മീയ പിതാവിന്റെ സ്ഥാനത്തു നിന്നു കൊണ്ട് ഐസക്കിനു ശിക്ഷണം നൽകി. ഹിൽട്ടനണ്ണൻ ആത്മീയ മകനെന്ന നിലയിൽ നമ്മുടെ മാതൃരാജ്യമായ ഇന്ത്യയിൽ മഹത്തായ നിയോഗം നിറവേറ്റുന്നതിനുള്ള അഭിനിവേശവും ദർശനവും കടപ്പാടും ഐസക്കിൽ സന്നിവേശിപ്പിച്ചു. ശ്രീ. ജോതി നാഥനെ പോലെയുള്ള പ്രാർത്ഥനക്കൂട്ട നേതാക്കന്മാരോടു ചേർന്നു പ്രദേശിക മൊബലൈസേഷൻ ശുശ്രൂഷയിൽ സജീവമായി പങ്കെടുത്തു. ഓപ്പറേഷൻ മൊബലൈസേഷനോടു ചേർന്നു ഉത്തരേന്ത്യയിൽ പ്രവർത്തിച്ചതിലൂടെ തന്റെ വിളിയെ ആഴമുള്ളതാക്കുന്നതിനും ദർശനം വിശാലമാക്കുന്നതിനും സാധിച്ചു. സെറാംമ്പൂർ യുണിവേഴ്സിറ്റിയുടെ അംഗീകാരമുള്ള സൗത്ത് ഇന്ത്യ ബിബ്ലിക്കൽ സെമിനാരിയിൽ നിന്നും

1991 ൽ ദൈവവശാസ്ത്ര ബിരുദം കരസ്ഥമാക്കി. പ്രസംഗിക്കുന്നതിനും പരിശീലിപ്പിക്കുന്നതിനും മാർഗദർശം നൽകുന്നതിലും മിഷനെ കുറിച്ചുള്ള ആഗാധമായ അഭിനിവേശം ഉരുവാക്കുന്നതിനുമുള്ള കഴിവും താലന്തുമുള്ള വ്യക്തിയായി തീർന്നു. പിന്നീട് മൊബൈൽ സെക്രട്ടറിയായ റവ. ജീ സുബ്രാം റോബർട്ട് FMPB മിഷനറിയായി ചേരുന്നതിന് വിജയ് പി. ഐസക്കിനെ ഉത്സാഹിപ്പിച്ചു. ദൈവവവിളിയോടുള്ള അനുസരണമായി 1991 ൽ FMPB മിഷനറിയായി ചേർന്നു. അദ്ദേഹത്തിന്റെ മിഷനറി യാത്ര ആരംഭിച്ചത് ചുരുങ്ങിയ കാലം ഗുജറാത്ത് മിഷനറിയായി പ്രവർത്തിച്ചു കൊണ്ടാണ്. എന്നാൽ പിന്നീട് സംഘടനയുടെ ആവശ്യ പ്രകാരം കർണ്ണാടകയിൽ ചർച്ച് – മിഷൻ മൊബലൈസേഷൻ പ്രവർത്തനത്തിൽ നിയോഗിച്ചു. 2004 ൽ ചർച്ച് ഓഫ് നോർത്ത് ഇന്ത്യ അദ്ദേഹത്തിനു കശ്ശീശ പട്ടം നൽകി ആദരിച്ചു.

അദ്ദേഹത്തിന്റെ ഭാര്യ അർപ്പുതം സെൽവി FMPB യുടെ സീനിയർ മിഷനറിമാരായ പരേതനായ ശ്രീ. എബൻ അസറിയായുടെയും (1975 –1987) ശ്രീമതി. ജ്ഞാനം അസറിയായുടെയും (1975 – 1999) നാലാമത്തെ മകളായി തുത്തൂക്കുടിയിൽ ജനിച്ചു. ശ്രീമതി. അർപ്പുതത്തിന്റെ മാതാപിതാക്കൾ അവർക്കുണ്ടായിരുന്ന പോസ്റ്റ് മാസ്റ്റർ, അദ്ധ്യാപിക എന്നീ ജോലികൾ രാജിവെച്ച് മിഷനറിമാരായി ഉത്തർപ്രദേശിലെ ബസ്തി, ഗോണ്ട എന്നീ മിഷൻ വയലുകളിൽ പ്രവർത്തിച്ചു. പിന്നീട് ബഥേൽ ബൈബിൾ കോളജിലെ പരിശീലനം പൂർത്തീകരിച്ച് അവരെ ഡൽഹി, പഞ്ചാബ് എന്നിവിടങ്ങളിലേക്കു മിഷനറിമാരായി അയച്ചു. നോർത്ത് വെസ്റ്റേൺ സോണിന്റെ കോ ഓർഡിനേറ്ററായ ശ്രീ. എബൻ അസറിയ പുതിയ മിഷൻ വയലുകളിൽ പ്രഥമ മിഷനറിയായി പ്രവർത്തിക്കുകയും പുതിയ മിഷൻ വയലുകൾ തുറക്കുന്നതിനുള്ള സാധ്യത പഠനം നടത്തി ജമ്മു കാശ്മീർ ഉൾപ്പടെ അനേക മിഷൻ വയലുകൾ തുറന്നു. മിഷനറി കുടുംബത്തിൽ ജനിച്ച സഹോദരി അർപ്പുതം FMPB യുടെ ധർമ്മചിന്തകളുടെ പശ്ചാത്തലത്തിൽ മിഷൻ വയലുകളിലാണ് പരിപോഷിക്കപ്പെട്ടത്. സ്വന്ത മാതാപിതാക്കളുടെ സാക്ഷ്യമുള്ള ആത്മീക ജീവിതം അവളെ ഉന്നതമായ നിലയിൽ ഉത്സാഹിപ്പിക്കുകയും പ്രചോദിപ്പിക്കുകയും ചെയ്തു. ദൈവീക ശുശ്രൂഷക്കായി സ്വന്ത ജീവിതം സമർപ്പിച്ചു. ഝാൻസിയിലും അലഹബാദിലും സ്കൂൾ വിദ്യാഭ്യാസം പൂർത്തീകരിച്ച് ഓപ്പറേഷൻ മൊബലൈസേഷനോടു ചേർന്നു ഉത്തരേന്ത്യയിൽ പ്രവർത്തിച്ചു. പിന്നീട് സെറാമ്പൂർ യൂണിവേഴ്സിറ്റിയുടെ അംഗീകാരമുള്ള സൗത്ത് ഇന്ത്യ ബിബ്ലിക്കൽ സെമിനാരിയിൽ ചേർന്നു 1994 ൽ ദൈവശാസ്ത്ര ബിരുദം കരസ്ഥമാക്കി.

ഒരു പോലെയുള്ള ദർശനവും സമർപ്പണവും ദൈവവേലയോടു അഭിനിവേശവുമുള്ള ഇവർ 1995 മെയ് 22 ന് വിവാഹിതരായി. ദൈവം ഇവർക്കു ഒരു പെൺ പൈതലിനെ നൽകി അനുഗ്രഹിച്ചു. അവരുടെ മകൾ ലമുവേല സാച്ചി ഇപ്പോൾ വെല്ലൂർ, ക്രിസ്റ്റ്യൻ മെഡിക്കൽ കോളജിൽ ബാച്ചിലർ ഓഫ് ഒക്കുപ്പേഷണൽ തെറാപ്പി (BOT) നാലാം വർഷം പഠിക്കുന്നു.

ഇവരുടെ പ്രവർത്തനത്താൽ കർണ്ണാടകയിലെ ചർച്ച് മിഷൻ മൊബലൈസേഷൻ ശുശ്രൂഷ അഭിവൃദ്ധി പ്രാപിച്ചതിനെ തുടർന്നു FMPB യുടെ സ്പോൺസർഷിപ്പിൽ പൂനൈ യൂണിയൻ

ബിബ്ലിക്കൽ സെമിനാരിയിൽ ഉന്നത പഠനത്തിനായി ചേർന്നു. അദ്ദേഹം B.D ബിരുദവും സഹോദരി 2010 ൽ M. Div വും കരസ്ഥമാക്കി. പഠനം പൂർത്തീകരിച്ച അവരെ ആസ്ഥാന മന്ദിരത്തിൽ പ്രവർത്തിക്കുന്നതിനായി വിളിച്ചു. ആസ്ഥാന മന്ദിരത്തിലെ വിവിധ മേഖലകളിൽ പ്രവർത്തിച്ചു. ജനറൽ സെക്രട്ടറിയുടെ പേഴ്സണൽ സെക്രട്ടറി, അഡ്മിനിസ്ട്രേറ്റിവ് സെക്രട്ടറി, ആസ്ഥാന മന്ദിര സെക്രട്ടറി, ചർച്ച് മിഷൻ പങ്കാളിത്വ ബന്ധം, പ്രൊഫഷണൽ ഫോറത്തിന്റെ ദേശീയ ശൃംഖല, ദക്ഷിണേന്ത്യ ഡിവിഷണൽ സെക്രട്ടറി എന്നീ നിലകളിൽ 33 വർഷം FMPB യിൽ പ്രവർത്തിച്ചു. ദൈവം ഏല്പിച്ച ഉത്തരവാദിത്വം സത്യസന്ധതയോടും വിനയത്തോടും വിശ്വസ്തതയോടും കൂടെ ദൈവ നാമ മഹത്വത്തിനായി ശ്രേഷ്ഠമായ നിലയിൽ നിർവഹിച്ചു. ദൈവം അവരെ തിരഞ്ഞെടുത്തു, തയ്യാറാക്കി, ശക്തീകരിച്ചു, ഡോ. സാം കമലേശനെ പോലെയുള്ള ഇതിഹാസങ്ങളിലൂടെ അവരുടെ സമ്പന്നമായ അനുഭവങ്ങളിലൂടെ സജ്ജീകരിച്ചു അനേകർക്കു അനുഗ്രഹമാകുവാൻ ദൈവം ഉപയോഗിക്കുമാറാകട്ടെ.

*“FMPB യുടെ പതിനൊന്നാമത്തെ ജനറൽ സെക്രട്ടറിയായി തീർന്ന നിങ്ങൾക്കു അഭിനന്ദനങ്ങൾ! ദൈവീക പരിജ്ഞാനവും ശക്തിയും ആലോചനയും മാർഗ്ഗനിർദ്ദേശവും നൽകി സർവ്വശക്തനായ ദൈവം നിങ്ങളെ നയിക്കട്ടെ! ഈ സംഘടനയിലൂടെ കർത്താവിനെ സേവിക്കുക”.*

**ഫ്രെണ്ട്സ് മിഷനറി**
**പ്രെയർ ബാൻഡ് കുടുംബം**


## FINANCE DEPARTMENT




**FMPB Bank Account details for sending the offering through online transaction**

A/c Name: **FRIENDS MISSIONARY PRAYER BAND**

**ICICI** - A/c No. 602701216912 - IFS Code ICIC0006027 - Branch: Anna Nagar

**ICICI Bank UPI ID: fmpb01@icici**

**SBI** - A/c No. 10402752621 - IFS Code SBIN0000987 - Branch: Ambattur

**Indian Bank** - A/c No. 406157474 - IFS Code IDIB000A599 - Branch: Vijayalakshmipuram, Ambattur

Kindly contact us: **finance@fmpb.org, WhatsApp: 7904648270**

**QR Code**
**facilities to send your offertory**

**Kindly avail the BARCODE facility also to send your offertory to the ministries of FMPB.**

# ദേശീയ ആസൂത്രണ സമ്മേളനം 2025




ഫ്രെണ്ട്സ് മിഷനറി പ്രെയർ ബാൻഡിന്റെ 2025 ലെ ആസൂത്രണ സമ്മേളനം ഫെബ്രുവരി 7 മുതൽ 9 വരെ ചെന്നയിൽ ഗുരുകുൽ തീയോളജിക്കൽ സെമിനാരിയിലെ ആഡിറ്റോറിയത്തിൽ വെച്ചു നടത്തി. ഈ ആസുത്രണ സമ്മേളനത്തിലെ ചിന്താവിഷയം 1000 മിഷനറിമാരെ ഉരുവാക്കുക, പ്രാർത്ഥനക്കൂട്ടങ്ങൾ ഇരട്ടിപ്പിക്കുക, മിഷൻ വയലുകൾ വർദ്ധിപ്പിക്കുക എന്നതാണ്. രാജ്യത്തുടനീളമുള്ള പൂർണ്ണ സമയ മിഷനറിമാരും ഹോണററി പ്രവർത്തകരും പ്രാർത്ഥനക്കൂട്ട അംഗങ്ങളും നേതാക്കളും ഉൾപ്പടെ ക്ഷണിക്കപ്പെട്ട 312 പേർ ഈ സമ്മേളനത്തിൽ സംബന്ധിച്ചു.



## സമ്മേളനത്തിനു മുമ്പുള്ള ഉപവാസ പ്രാർത്ഥന

സമ്മേളനത്തിനു മുമ്പ് 2025 ഫെബ്രുവരി ഏഴിന് രാവിലെ ഏഴു മണി മുതൽ വൈകിട്ട് ആറു മണിവരെ 11 മണിക്കൂർ ഉപവാസ പ്രാർത്ഥന നടത്തി. രാജ്യത്തിനു വേണ്ടിയും പ്രവർത്തന മേഖലയിലെ വ്യത്യസ്തമായ ആവശ്യങ്ങൾക്കു വേണ്ടിയും സമ്മേളനത്തിൽ ദൈവീക അനുഗ്രഹം ലഭിക്കേണ്ടതിനു വേണ്ടിയും പ്രാർത്ഥിച്ചു. IEM ലെ സജീവ സേവനത്തിൽ നിന്നും വിരമിച്ച മിഷനറി റവ. ജയപാൾ സിത്താർ ദൈവവചനം പങ്കുവെച്ചു.

സമ്മേളനത്തിൽ ജനറൽ സെക്രട്ടറി പ്രവർത്തന റിപ്പോർട്ട് അവതരിപ്പിച്ചു. തന്റെ നാലു വർഷത്തെ ശുശ്രൂഷ വേളയിൽ അനുഭവിച്ച ദൈവത്തിന്റെ വിശ്വസ്തതക്ക് റിപ്പോർട്ടിൽ ഊന്നൽ നൽകിയിരുന്നു. 2025 – 26 സാമ്പത്തിക വർഷത്തെക്കുള്ള അംഗീകൃത ബഡ്ജറ്റ് ഖജാൻജി അവതരിപ്പിച്ചു. സാമ്പത്തിക വളർച്ച നിരക്ക് 5.88 ശതമാനത്തിൽ നിന്നും 7.5 ശതമാനത്തിലേക്ക് ഉയർത്തിയതായി എടുത്തു പറഞ്ഞു. കൂടാതെ FMPB യുടെ ഡിവിഷണൽ, സോണൽ സെക്രട്ടറിമാർ അവരുടെ മേഖലകളിലെ പ്രാർത്ഥന വിഷയങ്ങൾ പങ്കുവെച്ചു. നിരവധി വെല്ലുവിളികളുടെയും എതിർപ്പുകളുടെയും മധ്യത്തിൽ മിഷൻ വയലുകളിൽ നടക്കുന്ന ദൈവത്തിന്റെ അത്ഭുതകരമായ പ്രവർത്തികളുടെ സാക്ഷ്യം വിവരിച്ചു.



## ദിനം 1 : 2025 ഫെബ്രുവരി 8



ചെന്നയിലെ ഹോണററി മൊബലൈസേഷൻ റീജിനൽ സെക്രട്ടറി ശ്രീ. ഇമ്മാനുവേലിന്റെ നേതൃത്വത്തിൽ യുവജന വിഭാഗവും മിഷനറിമാരുടെ മക്കളും നടത്തിയ സ്തുതി സ്തോത്ര ആരാധനയോടെ സമ്മേളനത്തിനു തുടക്കമിട്ടു. ഹിന്ദി, ഇംഗ്ലീഷ്, തമിഴ് എന്നീ ഭാഷകളിലുള്ള ജീവനുള്ള ഗാനങ്ങളാൽ വന്നു കൂടിയവരെ സ്തോത്രാരാധനയിലേക്കു നയിച്ചു.

സമ്മേളനത്തിന്റെ അദ്ധ്യക്ഷനായ FMPB പ്രസിഡണ്ട് ശ്രീ. ജോൺ ശമുവേൽ അദ്ധ്യക്ഷ പ്രസംഗം നടത്തി. വേൾഡ് മിഷന്റെ മുൻ ഡിറക്ടറും മിഷ്യോളജിസ്റ്റുമായ ഡോ. ജയകുമാർ ക്രിസ്റ്റ്യൻ ദൈവത്തിന്റെ വേദന പങ്കിടുക, ദൈവവുമായി അചഞ്ചലമായ അടുപ്പം പരിപോഷിപ്പിക്കുക എന്നീ വിഷയങ്ങളെ ആസ്പദമാക്കി മുഖ്യ സന്ദേശം നൽകി.

ഈ യോഗത്തിൽ മാൾട്ടോ, സന്താൾ, ദുംഗ്രാഭിൽ എന്നീ ജാതിക്കൂട്ടങ്ങളുടെ ഇടയിലെ പ്രവർത്തനം വിശദമാക്കുന്ന ചലച്ചിത്രം പ്രദർശിപ്പിച്ചു. പ്രവർത്തനങ്ങളുടെ പുതിയ വിവിരങ്ങളും അവതരിപ്പിച്ചു.



FMPB യുടെ അമേരിക്കയിലെ പ്രസിഡണ്ട് **ശ്രീ. സിൽവെസ്റ്റർ രാജശേഖരൻ**, ADF ന്റെ ദേശീയ ഡിറക്ടർ **ശ്രീ. സിജു തോമസ്**, **ശ്രീ. വിൽഫ്രഡ് ഡെവിദാർ** എന്നീ അതിഥികളെ ആദരിച്ചു. ഇവർ തങ്ങളുടെ വൈദഗ്ധ്യത്തിൻ മേഖലകളെ അടിസ്ഥാനമാക്കി മിഷനറിമാരരെ ഉത്സാഹിപ്പിക്കുകയും പ്രചോദിപ്പിക്കുകയും ചെയ്തു.

തുടർന്നു ഡിവിഷണൽ സെക്രട്ടറിമാർ റിപ്പോർട്ടുകൾ അവതരിപ്പിച്ചു. ദൈവത്തിന്റെ അത്ഭുതകരമായ പ്രവർത്തികൾക്കായി ദൈവത്തെ മഹത്വപ്പെടുത്തുവാൻ സദസ്സിനെ പ്രേരിപ്പിച്ചു. മിഷന്റെ പ്രവർത്തന ശൈലിയും വളർച്ചയും സംബന്ധമായി നൽകിയ 10 പ്രത്യേക ചോദ്യങ്ങൾ വിശദമായി ചർച്ച ചെയ്യുന്നതിനായി പങ്കാളികളെ 10 ഗ്രൂപ്പായി തിരിച്ചു



## ദിനം 2: 2025 ഫെബ്രുവരി 9

റവ. ഐസക് രാജ നേതൃത്വം നൽകിയ തുരുവത്താഴ ശുശ്രൂഷയോടു കൂടിയാണ് രണ്ടാം ദിനം ആരംഭിച്ചത്. സുവിശേഷം നിമിത്തം 32 ദിവസം ജയിൽ വാസം അനുഭവിച്ച മിഷനറി കൃഷ്ണകുമാർ ശക്തമായ സാക്ഷ്യം പങ്കുവെച്ചു. തുടർന്നു പത്തു ഗ്രൂപ്പു നേതാക്കന്മാരും അവരുടെ ഗ്രൂപ്പ് ചർച്ചയെ

അടിസ്ഥാനമാക്കി അവരുടെ ഉൾക്കാഴ്ചകളും പ്രതീക്ഷകളും അവതരിപ്പിച്ചു. FMPB യുടെ ശുശ്രൂഷയോടുള്ള ഒരോ പങ്കാളിയുടെയും ആഴമായ പ്രതിബദ്ധതയും ഉത്കണ്ഠയും ചോദ്യോത്തര വേള പ്രകടമായി. ജനറൽ സെക്രട്ടറി റവ. ജോൺ ബർലിൻ ഈ വർഷത്തെ പരിഗണന വിഷയം പങ്കുവെക്കുകയും സദസ്സിനെ അവരുടെ സമർപ്പണത്തെ നവീകരിക്കുന്നതിനും സമ്മേളനത്തിന്റെ ചിന്താവിഷയം പ്രായേഗിക തലത്തിലെത്തിക്കുന്നതിനായി പ്രയത്നിക്കുന്നതിനും ഉത്സാഹിപ്പിച്ചു.

FMPBയുടെ വൈസ് പ്രസിഡണ്ട് ശ്രീ. സാം പൊന്നയ്യ സമർപ്പണ പ്രാർത്ഥനക്കു നേതൃത്വം നൽകി. പ്രസിഡണ്ട് ശ്രീ ജോൺ ശമുവേൽ FMPB ദൈവത്തിന്റെ പ്രസ്ഥാനം എന്നതിനു ഉന്നൽ കൊടുത്തു കൊണ്ട് സമാപാന സന്ദേശം നൽകി. ദൈവീക ദൗത്യത്തിനും ലക്ഷ്യത്തിനും ദൈവം നൽകിയ അതുല്യമായ വിളിയെ ഓർമ്മപെടുത്തി കൊണ്ട് ഉപസംഹാര പ്രസംഗം അവസാനിപ്പിച്ചു.

നന്ദി പ്രകടനത്തിനു ശേഷം പ്രാർത്ഥനയോടും FMPB യുടെ ജനറൽ സെക്രട്ടറി റവ. ജോൺ ബർലിന്റെ ആശീർവാദത്തോടു കൂടി സമ്മേളനം സമംഗളം സമാപിച്ചു.

### നന്ദിയും അംഗീകാരവും

ഈ ദേശീയ ആസൂത്രണ സമ്മേളനം 2025 അനുഗ്രഹകരമാക്കുന്നതിനായി അക്ഷീണം പ്രയത്നിച്ച എല്ലാ പ്രാർത്ഥനക്കൂട്ട നേതാക്കന്മാരോടും ആസ്ഥാന മന്ദിരത്തിലെ നേതാക്കന്മാരോടും സന്നദ്ധ പ്രവർത്തകരോടുമുള്ള ഹൃദയംഗമായ നന്ദിയെയും കടപ്പാടിനെയും അറിയിക്കുന്നു.

ദൈവനാമം മഹത്വപ്പെടുമാറാകട്ടെ.

**റവ. ഡോ. ജെ ജെ ഹാരീസ്,** സെക്രട്ടറി, ആസ്ഥാന മന്ദിരം

## CNI ജനറൽ സെക്രട്ടറിയുമായുള്ള കൂടിക്കാഴ്ച




ചർച്ച് ഓഫ് നോർത്ത് ഇന്ത്യ ജനറൽ സെക്രട്ടറി റവ. ഡോ. അജിത് കുമാറുമായി FMPB പ്രസിഡണ്ട് ശ്രീ. ജോൺ ശമുവേൽ ന്യൂ ഡൽഹിയിലുള്ള സി എൻ ഐ ഭവനിൽ ഔപചാരിക കൂടിക്കാഴ്ച നടത്തി. ഉത്തരേന്ത്യയിലെ എല്ലാ CNI മഹായിടവകളും FMPB യും ചേർന്നുള്ള ശുശ്രൂഷയെ കുറിച്ചു വിശദമായ ചർച്ചകൾ നടത്തി. ഇതുവരെ സുവിശേഷം എത്തിയിട്ടില്ലാത്ത ഉത്തരേന്ത്യൻ മേഖലകളിലും സുവിശേഷം എത്തിക്കുവാൻ ഈ പങ്കാളിത്വം പ്രയോജനപ്പെടും. CNI യുടെ മിഷനറി ദർശനം വിപുലപ്പെടുത്തുന്നതിനും ഇതു സഹായകരമാകും.



# അനുസരണത്തിന്റെ സൗന്ദര്യം

## സ്ത്രീകൾക്കു വേണ്ടിയുള്ള ദൈവത്തിന്റെ രൂപകല്പനയെ ആശ്ലേഷിക്കുന്നു

സ്ത്രീകളുടെ നേട്ടങ്ങളുടെയും വിജയങ്ങളുടെയും ആഗോള തലത്തിലുള്ള ആഘോഷമായിട്ടാണ് എല്ലാ വർഷവും മാർച്ച് 8 **അന്തർദ്ദേശിയ വനിത ദിനം** ആയി ആചരിക്കുന്നത്. ഈ ദിവസം സംപ്രേഷണം ചെയ്യുന്ന പ്രോഗ്രാമുകൾ സ്ത്രീകളുടെ നേട്ടങ്ങളെ ആദരിക്കുകയും വിജയത്തിനായി പരിശ്രമിക്കുവാൻ വരുംതലമുറക്കു പ്രചോദനം നൽകുന്നതുമാണ്. സ്ത്രീകൾ പ്രതിബന്ധങ്ങളെ തകർത്തു മുന്നേറുന്നുണ്ടെങ്കിലും ഇപ്പോഴും അനേക സ്ത്രീകൾ മറ്റുള്ളവരിൽ നിന്നുള്ള അപമാനവും അവഹേളനവും നേരിടുന്നു.

ആധുനിക ലോകത്ത് നമുക്കു മാതൃകയാക്കാവുന്ന സാധാരണ സ്ത്രീകളെ മാതൃകകളായി ഉയർത്തി കാട്ടിക്കൊണ്ട് വേദപുസ്തകം ശ്രദ്ധേയമായ ഒരു വീക്ഷണം പ്രദാനം ചെയ്യുന്നു. പത്രോസ് ഈ സ്ത്രീകളുടെ മാഞ്ഞു പോകാത്ത സൗന്ദര്യത്തെ കുറിച്ചു സംസാരിക്കുമ്പോൾ ദൈവത്തിൽ പ്രത്യാശ വെച്ചിരുന്ന, തങ്ങളെത്തന്നെ അലങ്കരിച്ചിരുന്ന സ്ത്രീകളുടെ സൗന്ദര്യം ഏതു വിധത്തിലാണ് കാണപ്പെടുന്നത് എന്നു നമ്മെ ഓർമ്മപ്പെടുത്തുന്നു. തങ്ങളുടെ ഭർത്താക്കന്മാർക്ക് കീഴ്പ്പെട്ടു കൊണ്ടാണ് അങ്ങനെ ചെയ്തതെന്നു 1 പത്രോസ് 3:4-5 വാക്യങ്ങൾ വിശദീകരിക്കുന്നു.

ആത്മാഭിമാനത്തിനായി ബാഹ്യമായ അലങ്കാരങ്ങളിൽ ശ്രദ്ധ ചെലുത്തുന്ന സ്ത്രീകൾക്ക് കാലാതീതമായ ഒരു സൗന്ദര്യ രഹസ്യം വേദപുസ്തകം വാഗ്ദാനം ചെയ്യുന്നു: **"അനുസരണം".** ദൈവം വിലമതിക്കുന്ന സൗന്ദര്യം പണം കൊണ്ടോ ലൗകിക സമ്പത്ത കൊണ്ടോ മാനുഷിക പ്രയത്നങ്ങൾ കൊണ്ടോ വാങ്ങുവാൻ കഴികയില്ല. നാം ദൈവസന്നിധിയിൽ സമയം ചിലവിടുന്നതിലൂടെ ദൈവം നൽകുന്നതാണ് ഈ ആന്തരിക അലങ്കാരം. ലേഖനങ്ങളിൽ മാനുഷിക ബന്ധങ്ങളെ പരാമർശിക്കുമ്പോൾ **അനുസരണവും കീഴടങ്ങലും** പരസ്പരം ഉപയോഗിച്ചിട്ടുണ്ട്. അനുസരണം മനുഷ്യരുടെ മുമ്പിൽ നാം ചെയ്യുന്ന ഒരു പ്രവൃത്തിയാകുന്നു. എന്നാൽ അതേ സമയം ദൈവവുമായുള്ള നമ്മുടെ വൈകാരിക ബന്ധത്തിലൂടെ പ്രകടമാക്കുന്ന ഒരു ഗുണമാണ് കീഴടങ്ങൽ അഥവ സമർപ്പണം. ദൈവവുമായുള്ള നമ്മുടെ ബന്ധവും ദൈവവചനം നമ്മുടെ ജീവിതത്തിൽ ഉണ്ടാക്കുന്ന രൂപാന്തരീകരണവും

എന്തെന്നു നമ്മുടെ അനുസരണവും സമർപ്പണവും വെളിപ്പെടുത്തുന്നു.

ഏദൻതോട്ടത്തിൽ മനുഷ്യ വർഗ്ഗത്തിനു നഷ്ടപ്പെട്ട ബന്ധം വീണ്ടെടുക്കുന്നതിനായി പിതാവായ ദൈവം തന്റെ ഏകജാതനായ പുത്രൻ, യേശുക്രിസ്തുവിനെ ഈ ലോകത്തിലേക്കു അയച്ചു. ഫിലിപ്പിയർ 2:7–8 ഇപ്രകാരം പറയുന്നു, *"...ദാസരൂപം എടുത്തു മനുഷ്യ സാദൃശ്യത്തിലായി തന്നെത്താൻ ഒഴിച്ചു വേഷത്തിൽ മനുഷ്യനായി വിളങ്ങി തന്നെത്താൻ താഴ്ത്തി മരണത്തോളം ക്രൂശിലെ മരണത്തോളം തന്നേ, അനുസരണമുള്ളവനായിത്തീർന്നു."* യേശു പിതാവിനു അനുസരണമുള്ളവനായിരുന്നെങ്കിൽ അനുസരണവും വിനയവുമുള്ളവരായിരിക്കുവാൻ നാം എത്രയധികം പരിശ്രമിക്കണം?

പിതാവ് ചെയ്യുവാനും സംസാരിക്കുവാനും പറഞ്ഞതു മാത്രമാണ് യേശു ചെയ്തതെന്നു സുവിശേഷങ്ങളിൽ ഉടനീളം നാം കാണുന്നു. ദൈനം ദിന ജീവിതത്തിൽ പിതാവുമായുള്ള ബന്ധം മരണം വരെ അനുസരണമുള്ളവനായിരിക്കുവാൻ യേശുവിനെ പ്രാപ്തനാക്കി. അതിനാൽ അനുസരണവും സമർപ്പണവും പഠിക്കുന്നതിനുള്ള നമ്മുടെ ആത്യന്തിക മാതൃക യേശു ആകുന്നു.

കുടുംബം ദൈവത്താൽ സ്ഥാപിതമായ സ്ഥാപനം ആകയാൽ എഫെസ്യർ 5:22 ൽ പൗലൊസ് ഭാര്യമാരോടു കർത്താവിനു എന്ന പോലെ സ്വന്ത ഭർത്താക്കന്മാർക്കു കീഴടങ്ങിയിരിക്കുവാൻ നിർദ്ദേശിക്കുന്നു. ഈ ഘടനയിൽ ഭർത്താക്കന്മാരെ കുടുംബത്തിന്റെ തലവനായി വേദപുസ്തകം ചിത്രീകരിക്കുന്നു. ഭാര്യ -ഭർത്താക്കന്മാരുടെ സമത്വത്തെ കുറിച്ചു വിവിധ അഭിപ്രായങ്ങൾ നിലവിലുണ്ടെങ്കിലും ദൈവീകമായി നിയമിക്കപ്പെട്ട ഈ സ്ഥാപനത്തിൽ ക്രിസ്തുവിനു കീഴടങ്ങുമ്പോൾ ഭർത്താക്കന്മാരോടു ഐക്യപ്പെട്ടും കീഴടങ്ങിയും ജീവിക്കുവാൻ വേദപുസ്തകം നമ്മെ പഠിപ്പിക്കുന്നു.

യേശുക്രിസ്തുവിന്റെ രക്തത്താൽ നീതികരിക്കപ്പെട്ട ഭർത്താക്കന്മാരും ഭാര്യമാരും വിശുദ്ധ ജീവിതം നയിച്ച് ക്രിസ്തീയ ഭവനങ്ങൾ പണിയുന്നതിനായി വിളിക്കപ്പെട്ടിരിക്കുന്നു. ഈ സാഹചര്യം കുട്ടികളെ സ്നേഹത്തിലും ദൈവവുമായുള്ള ബന്ധത്തിലും പരിപാഷിപ്പിക്കും. ദൈവത്തോടുള്ള വിധേയത്വത്തിനു നാം ഊന്നൽ നൽകുകയും വ്യക്തി ജീവിതത്തിലും കുടുംബജീവിതത്തിലും ഐക്യത്തിനായി പരിശ്രമിക്കുകയും ചെയ്യുമ്പോൾ നമ്മുടെ പൊതു ജീവിതത്തിൽ ക്രിസ്തുവിനെ പ്രതിഫലിപ്പിക്കുവാൻ നമുക്കു കഴിയും. ദൈവത്തോടു അനുസരണം കാണിക്കുന്നതിലൂടെ നമുക്കു ചുറ്റുമുള്ളവരോടു ദൈവസ്നേഹം പ്രകടിപ്പിക്കുവാനും മറ്റുള്ളവരെ നാശത്തിൽ നിന്നും രക്ഷിക്കുന്നതിനു സഹായിക്കുവാനും കഴിയും. വിവിധ സമൂദായത്തിലും സംസ്കാരത്തിലുള്ളവരുടെ ആവശ്യങ്ങൾ നിറവേറ്റുവാൻ ദൈവം നമ്മെ ഉപയോഗിക്കുന്നു.

കാരണം നമ്മൾ ഭാര്യ, മാതാവ്, നേതാവ്, അയയ്ക്കുന്നവർ, സഹായിക്കുന്നവർ എന്നിങ്ങനെയുള്ള വേഷങ്ങൾ ചെയ്യുന്നു. പ്രീയമുള്ളവരേ, അനുസരണത്തിന്റെയും വിധേയത്വത്തിന്റെയും സൗന്ദര്യത്താൽ നമുക്കു നമ്മുടെ ജീവിതത്തെ അലങ്കരിക്കാം, അങ്ങനെ നമുക്കു നാം ചെയ്യുന്ന എല്ലാകാര്യത്തിലും ദൈവസ്നേഹം പ്രകടിപ്പിക്കുവാൻ കഴിയും.

**നിങ്ങൾക്കെല്ലാവർക്കും**
**വനിതാ ദിനാശംസകൾ!**

– **ശ്രീമതി. മണിസെൽവി സാരഥി,**
സെക്രട്ടറി, വനിതാ വിഭാഗം

# പിപ്ലൈദേവി സഭാ ചരിത്രം



## അഹവ മിഷൻ വയൽ, സഹിയാദ്രി റീജിയൻ

റവ. എൽ മാസിലാ മണി

### പൊതു വിവരം:

ഗുജറാത്തിൽ സൂബിർ താലുക്കിൽ സ്ഥിതി ചെയ്യുന്ന ഒരു ഇടത്തരം ഗ്രാമമാണ് പിപ്ലൈദേവി. ഈ ഗ്രാമത്തിൽ വസിക്കുന്ന ജനങ്ങളിൽ ഭൂരിപക്ഷവും പട്ടിക വർഗ്ഗത്തിൽ ഉള്ളവരാണ്. പിപ്ലൈദേവി ഗ്രാമത്തിലെ ജനങ്ങളിൽ 98.79% ആളുകളും പട്ടികവർഗ്ഗക്കാരാണ് ഡാങ്സ് ജില്ലയിലെ പിപ്ലൈദേവി ഗ്രാമത്തിൽ പട്ടിക ജാതിക്കാർ ആരും ഇല്ല. കർഷകരായ ഇവിടുത്തെ ജനങ്ങളിൽ കുറെച്ചു പേർക്കു സ്വന്തമായി ഭൂമിയുണ്ട്. ബാക്കിയുള്ളവർ കൂലി വേലക്കാരാണ്.

### ആരംഭം

8/9/1981 ൽ എൽ മാസിലാമണിയും ഭാര്യ ശ്രീമതി. വൻമതിയും അവരുടെ രണ്ടു വയസ്സും ഏട്ടു മാസവും പ്രായമുള്ള മകൻ ജോൺ കിങ്സ്ലിയുമായി അഹവ മിഷൻ വയൽ ആരംഭിച്ചു. പിപ്പലദഹാദ് ഗ്രാമത്തിൽ ഒരു വാടക വീട്ടിൽ താമസിച്ചു കൊണ്ടാണ് അവർ പ്രവർത്തനം തുടങ്ങിയത്. 27/9/1981 ൽ സഹോദരന്മാരായ ജി ശമുവേലും എസ് അരുൾരാജും അവരോടു ചേർന്നു പ്രവർത്തിക്കുന്നതിനായി കടന്നുവന്നു. എന്നാൽ അവർ മറ്റൊരു മിഷൻ വയലിലേക്കു വേഗത്തിൽ മാറിപ്പോയി. ഇവിടെ പ്രവർത്തിക്കുമ്പോൾ പ്രവർത്തന സാധ്യത മനസ്സിലാക്കി സമീപ ഗ്രാമമായ ജുന്നെർ ഗ്രാമത്തിലേക്കു 30/11/1982 ൽ അവർ മാറി. ജുന്നെർ ഗ്രാമത്തിലുണ്ടായ എതിർപ്പുകാരണം അവർ 30/8/1982 ൽ അഹവായിൽ പോയി താമസിച്ചു. ഈ പ്രതികൂല സാഹചര്യത്തിൽ അഹവ സി എൻ ഐ സഭയിലെ പട്ടക്കാരൻ റവ. ടി. വി. ഗ്വായ്ക്കാട് അവർക്കു വളരെ സഹായങ്ങൾ ചെയ്തു. ഡോലിയാമ്പർ ഗ്രാമത്തിന്റെ തലവനും മനുഭായിയും മിഷനറിമാരെ അവരുടെ ഗ്രാമത്തിലേക്കു ക്ഷണിച്ചു. 12/3/1983 ൽ മിഷനറിമാർ ഡോലിയാമ്പർ ഗ്രാമത്തിലേക്കു താമസം മാറ്റി. സമീപ ഗ്രാമങ്ങളിൽ സുവിശേഷം അറിയിക്കുന്നതിനു ഏറ്റവും തന്ത്രപ്രധാനമായ സ്ഥലം ആയിരുന്നു ഡോലിയാമ്പർ ഗ്രാമം. ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ടവരിലൂടെ യേശുവിനെ അറിഞ്ഞവർ അവരുടെ ഗ്രാമത്തിൽ ദൈവവേല ചെയ്യുന്നതിനായി FMPB മിഷനറിമാരെ ക്ഷണിച്ചു.

മിഷനറി കുടുംബം 1984 ൽ ഏക ദ്ദേശം എട്ടു കിലോമീറ്ററോളം തങ്ങ ളുടെ രണ്ടു കൈ കുഞ്ഞുങ്ങളെയും എടുത്തു കൊണ്ടുനടന്നു പോയി ഈ ഗ്രാമത്തിൽ ദൈവവേല ചെയ്തു. എന്തെങ്കിലും സാധനങ്ങൾ വാങ്ങണമെ ങ്കിലോ മറ്റു ആവശ്യങ്ങൾക്കോ അവർ ക്കു അഹവായിലേക്കു പോകണമാ യിരുന്നു. 1983 മുതൽ 1987 വരെ അവർക്കു ഇവിടെ നിന്നു ആരെയും ലഭിച്ചില്ല. എന്നാൽ 1987 ൽ ഡോലിയാമ്പർ ഗ്രാമ ത്തിൽ ദൈവം ചെയ്ത അത്ഭുത രോഗ സൗഖ്യത്തിലൂടെ ചിലരെ ലഭിച്ചു. യഥാർത്ഥത്തിൽ 1987 മുതൽ പിപ്ലൈ ദേവി ഗ്രാമത്തിൽ ദൈവരാജ്യം പണി യപ്പെടുന്നതിനായുള്ള ദൈവത്തിന്റെ സമയമായിരുന്നു.

## എതിർപ്പുകൾ:

1988 ൽ പിപ്ലൈദേവി ഗ്രാമത്തിൽ സുവിശേഷത്തിനു വലിയ എതിർപ്പുകൾ ഉണ്ടയാതു നിമിത്തം അവിടെ ശുശ്രൂഷ തുടരുവാൻ കഴിയാത്ത അവസ്ഥയായി. 1990 ൽ ഗ്രാമത്തലവൻ രാമുഭായിയുടെ ഉദര വേദന സൗഖ്യമായതിനെ തുടർന്നു അവൻ മദ്യാസക്തിയിൽ നിന്നും മുക്ത നായി. അതിനെ തുടർന്നു ക്രിസ്തീയ വിശ്വാസം പിന്തുടരുവാൻ ആരംഭിച്ചു. ആ ഗ്രാമത്തിലെ എതിർപ്പുകളിൽ നി ന്നും ക്രിസ്തീയ സഭക്കു മോചനം ലഭിക്കുന്നതിനു ഇതൊരു വഴിത്തി രിവായി തീർന്നു. ക്രിസ്തീയ വിശ്വാ സത്തിനു അംഗീകാരവും ഈ സംഭവ ത്തോടു കൂടി ലഭിച്ചു. 1990 ൽ അനേ കർ ക്രീസ്തീയ വിശ്വാസം സ്വീകരിച്ചു. 1990 ൽ 30 പേർ യേശുവിനെ രക്ഷി താവായി സ്വീകരിച്ചു സ്നാനമേറ്റു. ഗ്രാമത്തലവന്റെ ഭവനത്തിൽ ആഴ്ച തോറും ആരാധന യോഗം നടത്തി. ഗ്രാമത്തലവന്റെ ഭവനത്തിനു മുമ്പിൽ ഒരു താലക്കാലിക ആരാധനാലയം പണിയുന്നതു വരെ ഭവനത്തിലെ ആരാധന തുടർന്നു.

## പിപ്ലൈദേവി സഭാ ചരിത്രത്തിലെ അത്ഭുതങ്ങൾ

### ദൗലത് ഭായ് ജുൻജർ ഭായ് & ഷുക്രി ബൻ ദൗലത് ഭായ്

ഞാൻ മദ്യപാനിയായി എല്ലാവരോടും ശണ്ഠയിടുമായിരുന്നു. പെട്ടെന്നു ഞങ്ങളുടെ ജീവിതത്തിൽ വലിയ അനർ ത്ഥം സംഭവിച്ചു. എന്റെ ഭാര്യക്കു നെഞ്ചു വേദനയനുഭവപ്പെട്ടുതിനെ തുടർന്നു ഒരു ജോലിയും ചെയ്യുവാൻ കഴിയാത്ത വിധം അവൾ ക്ഷിണിതയായി. മന്ത്രവാദികളിലൂടെ ഞാൻ വളരെയധികം പൂജകൾ ചെയ്തു. പൂജക്കാവശ്യമായ സാധനങ്ങൾക്കായി ഞാൻ ഏറെ പണം ചിലവഴിച്ചു. എന്നാൽ എന്റെ ഭാര്യയുടെ ആരോഗ്യത്തിൽ യാതൊരു വിധ പു രോഗതിയും ഉണ്ടായില്ല. ഒടുവിൽ ഞങ്ങൾ കമാത്ത് ദൈവാലയത്തിൽ ചെന്നു. അവിടെവെച്ച് മിഷനറി എന്റെ ഭാര്യക്കു വേണ്ടി പ്രാർത്ഥിച്ചു. ഉടൻ തന്നെ എന്റെ ഭാര്യ സുഖം പ്രാ പിച്ചു. തുടർന്നു ഞങ്ങൾ യേശു ക്രിസ്തുവിനെ അനുഗമിക്കുവാൻ തുടങ്ങി. ഞങ്ങളുടെ ഗ്രാമത്തിൽ ആരാധനാലയം ഇല്ലാത്തതിനാൽ ഞങ്ങൾ ഡോലിയാമ്പർ ഗ്രാമത്തിൽ പോയി ആരാധനയിൽ സംബന്ധിച്ചു.

### ഷെന്റു ഭായ് രേശ്മ ഭായ് & നൈജി ബൻ ഷോന്റു

ഞാൻ മദ്യത്തിനടിമയായിരുന്ന കാലത്ത് എന്റെ ഭാര്യ പൈശാചിക ബന്ധനം നിമിത്തം വിവിധ രോഗങ്ങളാൽ കഷ്ടപ്പെട്ടു. ഭഗത്തിനെ ആരാധിച്ചും കാണിക്കകൾ സമർപ്പിച്ചും ധാരാളം പണം ചിലവിട്ടു. എന്റെ ഭാര്യ പച്ചമരുന്നുകൾ കഴിച്ചു നോക്കി.

എന്നാൽ അവളുടെ സ്ഥിതി വഷളായി കൊണ്ടിരുന്നു. ഇനിയും ചിലവഴിക്കുവാൻ ഞങ്ങളുടെ കയ്യിൽ പണം ഇല്ലാതെ വന്നപ്പോൾ ഡോലിയാമ്പർ ദൈവാലയത്തിൽ പോകുവാൻ തിരുമാനിച്ചു. സഭയിൽ വെച്ചു എന്റെ ഭാര്യക്കു വേണ്ടി പ്രാർത്ഥിച്ചതിനെ തുടർന്നു എട്ടാം ദിവസം അവൾ പൂർണ്ണ സൗഖ്യം പ്രാപിച്ചു. അന്നു മുതൽ ഞങ്ങൾ ഡോലിയാമ്പർ ഗ്രാമത്തിലെ ആരാധനയിൽ സംബന്ധിച്ചു വരുന്നു.

**സുക്കിറയ ഭായിയുടെ ഭാര്യ കെങ്കു ബൻ വിവരിക്കുന്നു:**



1989 ൽ ആദ്യ കുഞ്ഞിനു ജന്മം നൽകിയതിനെ തുടർന്നു അവൾ വളരെ ക്ഷീണിതയായി നടക്കുവാൻ കഴിയാത്ത അവസ്ഥയിലായി. അവൾ തറയിൽ നിരങ്ങി നീങ്ങി. അവളുടെ ഭർത്താവ് അവളെ ദൈവാലയം ഉള്ള ഘർക്കാടി ഗ്രാമത്തിലേക്കു കാളവണ്ടിയിൽ കൊണ്ടു പോയി. . അവൾക്കു വേണ്ടി ധാരാളം പൂജകൾ നടത്തിയിരുന്നു എന്നാൽ ഒരു വിടുതലും കിട്ടിയില്ല. സൗഖ്യത്തിനായി അവളെ ഘർക്കാടി ദൈവാലയത്തിലേക്കു കൊണ്ടു പോകുന്നതിനു ചില ആളുകൾ അവർക്കു ഉപദേശം നൽകി. .സുവിശേഷകൻ ഗോപിച്ചന്ദ് ഭായ് അവൾക്കു വേണ്ടി പ്രാർത്ഥിച്ചു. പ്രാർത്ഥന നടത്തിയ ഒരു മാസത്തോളം കാലം അവൾ തന്റെ ഭർത്താവിന്റെ സഹോദരിയുടെ വീട്ടിൽ പാർത്തു. സൗഖ്യം പ്രാപിച്ചതിനെ തുടർന്നു അവർ തക്ലിപാട ദൈവാലയത്തിലെ ആരാധനയിൽ സംബന്ധിക്കുവാൻ തുടങ്ങി.

**ഗോമ ഭായ് ഗോണ്ടിയ ഭായ് യാദവ്**



ഞാൻ ത്വക്കു രോഗത്താൽ കഷ്ടപ്പെട്ടു. ആഭിചാര പ്രവർത്തകരെ ആശ്രയിച്ചു. പച്ചമരുന്നുകൾ കഴിച്ചു. ഒരു ഫലവും ലഭിച്ചില്ല. ക്രിസ്ത്യാനിയായ ഗ്രാമത്തലവൻ ദൈവാലയത്തിൽ പോകുവാൻ എന്നെ നിർബന്ധിച്ചു. സുവിശേഷകൻ ധൻസുഖ് ഭായ് എനിക്കു വേണ്ടി പ്രാർത്ഥിച്ചു. എനിക്കു സർക്കാർ ആശുപത്രിയിൽ നിന്നു മരുന്നുകൾ വാങ്ങി നൽകി. ക്രമേണ കുഷ്ഠരോഗത്തിന്റെ വെള്ളപാണ്ടുകൾ എന്റെ ശരീരത്തിൽ നിന്നു അപ്രത്യക്ഷമായി. ഞാൻ സൗഖ്യം പ്രാപിച്ചു 1990 ൽ സ്നാനപ്പെട്ടു സഭയിലെ അംഗമായി.

**അമ്റിയ ഭായ് രാജു ഭായ് വദ്യ:**



മദ്യപാനിയായ ഞാൻ മാനസിക വിഭ്രാന്തിയിൽ ആത്മഹത്യയെ കുറിച്ചു ചിന്തിച്ചിരുന്നു. പ്രശ്ന സങ്കീർണ്ണമായ ഒരു ജീവിതമാണ് ഞാൻ നയിച്ചത്. ഒരു നാൾ എന്റെ ഭവനം അഗ്നിക്കിരയാക്കുവാൻ ശ്രമിച്ചു. സാരിയുടത്തു കൊണ്ട് ഞാൻ അലഞ്ഞു നടക്കുമായിരുന്നു. എന്റെ ഇളയ സഹോദരൻ സോനു എന്നെ സൗഖ്യത്തിനായി

ദൈവാലയത്തിലേക്കു ക്ഷണിച്ചു. ഞാൻ തക്ലിപാട ദൈവാലയത്തിലേക്കു പോയി സുവിശേഷകൻ ജിവാലിയ ഭായ് എനിക്കു വേണ്ടി പ്രാർത്ഥിച്ചു. ഞാൻ ദൈവവചനം ശ്രവിച്ചു. ഈ കാലയളവിൽ ഞാൻ മദ്യപാനം ഉപേക്ഷിച്ചു. ദൈവം എനിക്കു ശാരീരികവും മാനസികവുമായ സൗഖ്യം നൽകി. കാഴ്ച സംബന്ധമായിട്ടുണ്ടായിരുന്ന എന്റെ പ്രശ്നവും പരിഹരിക്കപ്പെട്ടു. ഈ സൗഖ്യത്തിനായി ഏകദേശം ഒരു വർഷം സമയം എടുത്തെങ്കിലും ഞാൻ പൂർണ്ണ സൗഖ്യം പ്രാപിച്ചു. കഴിഞ്ഞ 22 വർഷമായി ഒരു വിശ്വാസിയായി ഞാൻ ജീവിക്കുന്നു.

1988, 1989 കാലങ്ങളിൽ പിപ്ലെദേവി ഗ്രാമത്തിലെ അനേക ആളുകൾ സൗഖ്യത്തിനായി സമീപത്തുള്ള ദൈവാലങ്ങളിൽ പോകുന്നതിനു ദൈവം പ്രേരിപ്പിച്ചു. ഈ ദൈവാലയങ്ങളിലുള്ള FMPB സുവിശേഷകരും മിഷനറിമാരും ഈ അന്വേഷകർക്കു വേണ്ടി പ്രാർത്ഥിക്കുകയും ക്രിസ്തുവിനെ കണ്ടെത്തുവാൻ അവരെ സഹായിക്കുകയും ചെയ്തു. മുകളിൽ പ്രസ്താവിച്ച തരത്തിലുള്ള ചില സാക്ഷ്യങ്ങളെ തുടർന്നു പിപ്ലെദേവി ഗ്രാമത്തിലെ സഭ വളരുവാൻ തുടങ്ങി.

## സഭയുടെ വളർച്ച

ഗ്രാമത്തലവൻ വിശ്വാസത്തിലേക്കു വന്നു, വിശ്വാസികൾ രോഗികളായ ബന്ധുക്കളോടു അവരുടെ വിശ്വാസം പങ്കുവെച്ചു തുടങ്ങിയവയാണ് സഭാ വളർച്ചയുടെ പ്രധാന കാരണങ്ങൾ. നവജീവൻ സേവ മണ്ഡൽ അവരുടെ മെഡിക്കൽ ക്ലീനിക്ക് 1990 ൽ ഡോലിയമ്പാറിൽ നിന്നു പിപ്ലെദേവിയിലേക്കു മാറ്റി. CNI യുടെ ഉപദേശി റവ. ജിവാലിയ ഭായിയും കുടുംബവും ഈ ക്ലീനിക്കിൽ പ്രവർത്തിക്കുന്നുണ്ടായിരുന്നു. ആശുപത്രിയിൽ ചികിത്സക്കു വന്നവരോടു ഇവർ സുവിശേഷം പങ്കുവെക്കുകയും അവർക്കു വേണ്ടി പ്രാർത്ഥിക്കുകയും ചെയ്തു. 1996 ൽ എകദേശം 90 കുടുംബം പിപ്ലെദേവി ഗ്രാമത്തിൽ നിന്നും വിശ്വാസത്തിലേക്കു വന്നു.

## ദൈവാലയ നിർമ്മാണവും സമർപ്പണവും

1990 ൽ ഗ്രാമത്തലവൻ രാമു ഭായ് തന്റെ ഭവനത്തിനു മുമ്പിൽ ഒരു താൽക്കാലിക ദൈവാലയം പണിയുന്നതിനായി മുന്നോട്ടു വന്നു. താൽക്കാലിക ദൈവാലയത്തിന്റെ നിർമ്മാണത്തെ കുറിച്ചു സോനു ഭായ് രാജു ഭായ് വിവരിക്കുന്നു: വിശ്വാസികളുടെ എണ്ണം വർദ്ധിച്ചപ്പോൾ ഒരു താൽക്കാലിക ദൈവാലയം പണിയുന്നതിനു എല്ലാവരും കൂടി തീരുമാനം എടുത്തു. ഓരോ വിശ്വാസിയും അവരുടെ ഭവനത്തിൽ നിന്നു ഒരു തടി ദൈവാലയ നിർമ്മാണത്തിനായി ദാനമായി നൽകി. ഞങ്ങൾ എല്ലാവരും ചേർന്നു കാർവി (ഭിത്തി ഉണ്ടാക്കുന്നതിനായി ഉപയോഗിക്കുന്ന കട്ടിയുള്ള പുല്ല്) വാങ്ങി. തുടർന്നു ഞങ്ങൾ ദൈവാലയം പണിതു. പിപ്ലെദേവി ഗ്രാമത്തിൽ നിർമ്മിച്ച ദൈവാലയത്തിന്റെ സമർപ്പണ ശുശ്രൂഷ 26/9/1990 ൽ അഹവ CNI പട്ടക്കാരൻ റവ. ടി. വി. ഗ്വായ്ക്കാട് നിർവഹിച്ചു. 2000 ഡിസംബറിൽ **രണ്ടാമത്തെ ദൈവാലയം** നിർമ്മിച്ചു. ആ നാളിൽ റവ. ഡി. ഏബ്രഹാം എന്ന മിഷനറിയാണ് അവിടെ പ്രവർത്തിച്ചിരുന്നത്. അതൊരു ഇടത്തരം ദൈവാലയം ആയിരുന്നു. മധുരൈയിൽ നിന്നുള്ള പാസ്റ്റർ ദുദ്ലെ തങ്കയ്യ ഈ ദൈവാലയത്തിന്റെ സമർപ്പണ

ശുശ്രൂഷക്കു നേതൃത്വം നൽകി. സ്കൂൾ അദ്ധ്യാപകനായ ശ്രീ. സീതാറാം ഭായ് ചാമർ ഭായ് ദാനമായി നൽകിയ വസ്തുവിലാണ് ഈ ദൈവാലയം പണിതത്. 5/1/2008 ൽ ഇന്നു കാണുന്ന **മൂന്നാമത്തെ ദൈവാലയ** നിർമ്മാണം ആരംഭിച്ചു. 12/10/2010 ൽ മൂന്നാമത്തെ ദൈവാലയത്തിന്റെ പ്രതിഷ്ഠ നടത്തി. റീജിനൽ ഫീൽഡ് സെക്രട്ടറി റവ. എസ് അരുൾരാജ് ഈ സമർപ്പണ ശുശ്രൂഷക്ക് നേതൃത്വം നൽകി. ചില പ്രാർത്ഥനക്കൂട്ട നേതാക്കന്മാരും ഈ സമർപ്പണ ശുശ്രൂഷയിൽ സംബന്ധിക്കുന്നതിനായി വന്നിരുന്നു. ഈ ദൈവാലയത്തിന്റെ സ്ഥലം സീതാറാം ഭായ് ദാനമായി നൽകി. ദൈവവാലയ നിർമ്മാണ വേളയിൽ എതിർപ്പുകളൊന്നുമില്ലായിരുന്നു. ദൈവാലയ നിർമ്മാണത്തിലെ മുഴുവൻ അധ്വാനവും വിശ്വാസികൾ സൗജന്യമായി ചെയ്തു.

## സഭ നടപടികളും പ്രധാന വിവരങ്ങളും

പൊക്കുട്മാൽ ഗ്രാമത്തിൽ നിന്നുള്ള നാലു കുടുംബങ്ങൾ പതിവായി ഇവിടെ ആരാധനക്കു വന്നിരുന്നു. ഈ സഭയിലെ ജനങ്ങൾ കുക്ന, ഭീൽ എന്നീ ജാതി വിഭാഗങ്ങളിൽ ഉള്ളവരായിരുന്നു. ഭൂരിപക്ഷം ആളുകൾ ഭീൽ സമുദായത്തിൽ നിന്നുള്ളവരാണ്. 250 പേർ ആരാധന യോഗത്തിൽ സംബന്ധിക്കുന്നു. 60 ശതമാനം ആളുകളും കരിമ്പിൻ തോട്ടത്തിൽ ജോലി ചെയ്യുന്നവരാണ്. സീതാറാം ഭായ് ആരാധന യോഗത്തിനു നേതൃത്വം കൊടുക്കുന്നു. മോത്തിറാം ഭായി പ്രാർത്ഥനക്കൂട്ടങ്ങൾ നടത്തുന്നതിനു വേണ്ട സഹായം നൽകുന്നു. സീതാറാം ഭായ് അല്ലെങ്കിൽ അദ്ദേഹത്തിന്റെ മകൻ മനോജ് ഭായ് യോഗങ്ങൾ നടത്തുന്നു. ആരാധനയോഗങ്ങൾ, ഭവന പ്രാർത്ഥനകൾ, വെള്ളിയാഴ്ച പ്രാർത്ഥനക്കൂട്ടങ്ങൾ, ബുധനാഴ്ച രാത്രി യോഗങ്ങൾ എന്നിവ ക്രമമായി നടക്കുന്നു. വർഷത്തിൽ ഒന്നോ രണ്ടോ പ്രാവശ്യം യുവജനങ്ങൾക്കായി ക്യാമ്പ് സംഘടിപ്പിക്കും. സ്ത്രീജനങ്ങളുടെ കൂട്ടായ്മയും ഇടയ്ക്കിടെ നടത്താറുണ്ട്. വർഷത്തിൽ നാലു പ്രാവശ്യം ഉണർവ്വു യോഗം അല്ലെങ്കിൽ പ്രത്യേക യോഗങ്ങൾ സംഘടിപ്പിക്കും. അക്രൈസ്തവർ അവരുടെ ഉത്സവങ്ങളിൽ കാണിക്ക നൽകുവാൻ വിശ്വാസികളോടു ആവശ്യപ്പെടും എന്നാൽ ക്രിസ്ത്യാനികൾ കൊടുക്കാറില്ല. രണ്ടു മാസത്തിലൊരിക്കൽ ഉപവാസ പ്രാർത്ഥന നടത്തും. രോഗികളെ സന്ദർശിച്ചു അവർക്കു വേണ്ടി പ്രാർത്ഥിക്കാറുണ്ട്.

## പ്രാർത്ഥനാ വിഷയങ്ങൾ

- ഗ്രാമത്തിലുള്ള മുഴുവൻ ആളുകളും യേശുവിനെ രക്ഷിതാവായി സ്വീകരിക്കണം.
- വിശ്വാസികൾ വിശ്വാസത്തിൽ ശക്തരായി തീരണം. അവർ പിന്മാറിപ്പോകാതെ വിശ്വാസത്തിൽ ഉറച്ചു നിൽക്കണം.
- സണ്ടെസ്കൂളിന്റെ പ്രവർത്തനം തുടരണം.
- എല്ലാവർഷത്തിലും സെപ്റ്റംബർ മുതൽ ഏപ്രിൽ വരെ ജനങ്ങൾ കുടിയേറ്റ തൊഴിലാളികളായി പോകാറുണ്ട്.
- വിശ്വാസികൾ രോഗികളാകുമ്പോൾ വിശ്വാസത്തിൽ നിന്നും പിന്മാറിപ്പോകാതെ വിശ്വാസത്തിൽ ഉറച്ചു നിൽക്കേണ്ടതിനായി പ്രാർത്ഥിക്കുക.

മാർച്ച്
1
ശനി

## ജന്മദിനാശംസകൾ

തിങ്കു സെമെ, ദാൽസാക്കാം സുയന്താക്ക്,
സുരഭി അശോക് നായക്ക്,
എല്ല സെമെ, ബിനോദ് സോപ്രമേരി,
ലുൻകിം തൊങ്കാം ഖൊങ്സ്വായി,
ദിക്തിങ് ബൗ കെ, ജയ് ബീർ സിങ്,
ലത്കോലുൻ ബെയിതെ, ദിഹെ എസ്,
തിങ്നെയിനെങ് സോമ്പു സിങ്സെൻ,
ഓംപ്രകാശ് ഗുപ്ത, താങ്വൻസാങ് ജി,
ജാഘോഗാംഹാവോകിപ്, മാർഗരറ്റ് സിങ് ദാസ്,
നിങ്തൗജാം അലോൻ സിങ്,
ഹൊയ്തിൻ മെതെ ലാൽ

## ജമ്മു

### നൗഷേര: സിയാൻലുന്താങ് സൗ & ലിങ്നെയ്ഹോയ്

എതിർപ്പുകളുടെ മദ്ധ്യത്തിലും ജനങ്ങൾ സുവിശേഷത്തോടു താൽപര്യം കാണിക്കുന്നു. റൂബി, മമത എന്നിവർ യഥാക്രമം 10 വർഷം, ആറു വർഷമായി തലമുറകൾക്കു വേണ്ടി പ്രാർത്ഥിച്ചു ദൈവം അവർക്കു മക്കളെ നൽകി അനുഗ്രഹിച്ചു. പൈശാചിക ബന്ധനത്തിൽ നിന്നു സൗരവ് വിടുതൽ പ്രാപിച്ചു.

വൃക്ക സംബന്ധമായ രോഗത്താൽ വലയുന്ന പൈസാഗിരാമിന്റെയും പത്തു വർഷത്തോളമായി കുടൽ സംബന്ധമായ രോഗത്താൽ കഷ്ടപ്പെടുന്ന സാംരാജിന്റെയും സൗഖ്യത്തിനായി പ്രാർത്ഥിക്കുക. മദ്യസക്തിയിൽ പ്രീയയുടെ ഭർത്താവ് അവളെ തുടർച്ചയായി അസഭ്യം പറയുകയും പഴിക്കുകയും ചെയ്യുന്നു. അയാളുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക. സജ്ജെജ തന്റെ കുടുംബവുമായി അനുരഞ്ജനപ്പെട്ടു സമാധാന ജീവിതം നയിക്കേണ്ടതിനായി പ്രാർത്ഥിക്കുക. സഭ നടപടികളിൽ നല്ല ഉത്തരവാദിത്വത്തോടെ പ്രവർത്തിച്ചിരുന്ന ആരതി സ്വസമുദായത്തിന്റെ എതിർപ്പിനെ തുടർന്നു ആരാധന യോഗത്തിൽ സംബന്ധിക്കുന്നതിനു മടിക്കുന്നു. അവൾ വിശ്വാസത്തിൽ ബലപ്പെടേണ്ടതിനായി പ്രാർത്ഥിക്കുക.

## ഹിമാചൽ

### റാമ്പൂർ

### ദൗ ജാപയൗ ഗുയിതെ & ഫ്ളോറൻസ് ലമുവങ്

ആരാധന യോഗം നടത്തുന്നതിനായി മോട്ടർ സൈക്കിളിൽ പോയ മിഷനറിമാർ അപകടത്തിൽ പെട്ടു. അവരുടെ മോട്ടർ സൈക്കിൾ വലിയ ഒരു കുഴിയിൽ വീണു മറിഞ്ഞു. നിസ്സാര പരുക്കുകളോടെ ദൈവം മിഷനറിമാരെ പരിപാലിച്ചു. നമ്മുടെ പ്രാദേശിക സുവിശേഷകൻ ബൈക്കിൽ കുന്നിറങ്ങി വരുമ്പോൾ ബൈക്ക് വലിയൊരു പാറയിൽ ഇടിച്ചു. ദൈവം അവന്റെ ജീവനെ കൃപയാൽ പരിപപാലിച്ചു. ചിത്രദേവിയുടെ കൊച്ചുമകൻ ശ്വാസം കിട്ടാതെ ബുദ്ധിമുട്ടിയപ്പോൾ അവൾ വിശ്വാസത്തോടുകൂടി പ്രാർത്ഥിച്ചു. ദൈവം പ്രാർത്ഥന കേട്ടു കൊച്ചുമകന്റെ ജീവൻ തിരികെ കൊടുത്തു.

മാതാവിനെ ആരാധനയിൽ സംബന്ധിക്കുന്നതിനു അനുവദിക്കാത്ത സതീഷിന്റെ ഹൃദയത്തിൽ രൂപാന്തരം ഉണ്ടാകേണ്ടതിനായി പ്രാർത്ഥിക്കുക. വിശ്വാസത്തിൽ നിന്നും പിന്മാറിപ്പോയ മീനറാം, സൂരജ് എന്നിവർ മറ്റുള്ളവർ ദൈവത്തിങ്കലേക്കു വരുന്നതിനും മാനസാന്തരപ്പെടുന്നതിനും തടങ്കൽപാറയായി നിൽക്കുന്നു. ഇവരുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക. വിശ്വാസികളുടെ മക്കൾ സ്കൂൾ വർഷാവസാന പരീക്ഷക്കായി തയ്യാറെടുക്കുന്നു. അവരുടെ വിജയത്തിനായി പ്രാർത്ഥിക്കുക.

**മാർച്ച്**
# 2
**ഞായർ**

### അന്നി
### ജിൻസ്വാം & ചിങ് ഹോയ്കിം

സുവിശേഷ പ്രതികൾ വിതരണം ചെയ്തു കൊണ്ടു സുവിശേഷം പ്രഘോഷിച്ചു. ഈ ഗ്രാമത്തിൽ നിന്നു ലഭിച്ച പുതിയ സ്നേഹിതരായ കോബിൻ, ജൻസ്വന്ത്, പ്രേമ, താരം ദാസ് എന്നിവർ ആത്മീകമായി വളരേണ്ടതിനായി പ്രാർത്ഥിക്കുക. മദ്യാസക്തനായിരുന്ന മനിഷ് കുടുംബാംഗങ്ങളുടെ നിരന്തരമായ പ്രാർത്ഥനയുടെ ഫലമായി അതിൽ നിന്നും മുക്തനായി വിശ്വാസ ജീവിതം നയിക്കുന്നു.

ശരീരത്തിൽ ചൊറിച്ചിൽ അനുഭവപ്പെടുന്ന കൊബിന്റെയും പൈശാചിക ബന്ധനത്തിൽ കഴിയുന്ന ജസ്വന്തിന്റെയും വിടുതലിനായി പ്രാർത്ഥിക്കുക. പ്രേമ, നമ്മുടെ വിശ്വാസികളുടെ മക്കളായ സുഷമ, ലക്ഷ്മി ചന്ദ്ര, രജനിശ്രീ എന്നീവർക്കു അനുയോജ്യരായ ജീവിത പങ്കാളികളെ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. പുതിയ ഗ്രാമത്തിൽ ആരാധന യോഗം ആരംഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### രോഹ്റു : ജോൺസൺ ശങ്കർ & ജപറാണി

സവുര, ദൈയുനി പ്രദേശങ്ങളിൽ നിന്നു ഓരോ കുടുംബം വിശ്വാസത്തിലേക്കു കടന്നു വന്നു. നയാഗുറാമിന്റെ അഭാവത്തിൽ വീട്ടിൽ മോഷ്ടാക്കൾ കയറിയെങ്കിലും യാതൊന്നും മോഷ്ടിച്ചില്ല. ദൈവം അവർക്കു കോട്ടയായി നിന്നു കാത്തു പരിപാലിച്ചു. ജോലി സ്ഥലത്തു വെച്ചു വൈദ്യുതാഘാതമേറ്റ കുഷാലിനെ കാര്യമായ പരുക്കുകളേൽക്കാതെ ദൈവം വിടുവിച്ചു.

പൈശാചിക ബന്ധനത്തിൽ സ്വയം മുറിവേല്പിക്കുന്ന അകൻഷ, മസ്കാൻ, കല്പന എന്നിവരുടെ വിടുതലിനായി പ്രാർത്ഥിക്കുക. ഉദരത്തിൽ ട്യൂമർ ബാധിച്ചു വേദനയനുഭവിക്കുന്ന നൈരു ഭായിയുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. ശസ്ത്രക്രീയയിലൂടെ കാൽ മുറിച്ചു കളഞ്ഞ ശ്യാം ലാൽ നടക്കുന്നതിനു കഷ്ടപ്പെടുന്നു. ക്രിതൃമ കാൽ ഉപയോഗിച്ചു നടക്കുവാൻ പഠിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### റിക്കോങ് പിയോ : എ ശങ്കർ & രൂത്ത് മേരി

പൾസ് കൂടിയതിനെ തുടർന്നു ആശുപത്രിയിൽ പ്രവേശിപ്പിച്ച പഞ്ചത്തിനെ പ്രാർത്ഥന കേട്ടു കർത്താവ് അവന്റെ പൾസ് നിരക്ക് കുറച്ചു. ദൈവം അവനെ സൗഖ്യമാക്കി അവൻ സുരക്ഷിതനായി ഭവനത്തിൽ വന്നു. നീലം, പുജിലു എന്നിവരുടെ വിവാഹം ക്രീസ്തീയ ആചാര പ്രകാരം നടത്തി ദൈവനാമം മഹത്വപ്പെട്ടു.

പതിവായി ആരാധനയിൽ സംബന്ധിക്കുന്ന പൂനം, രൂപ, സീമ, ആശ, അശ്വിൻ, അവാന്തിക, കാകമങ്, മാരിശ്മൻ, രാജി, അജയ് എന്നിവർ യേശുവിലുള്ള വിശ്വാസം പരസ്യമായി ഏറ്റു പറയുന്നതിനു മടിക്കുന്നു. അവർ എത്രയും വേഗം യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക.സുനിതയുടെ വീട്ടിൽ പിറന്ന കന്നുകുട്ടിക്കു കാഴ്ചയില്ല. ഗ്രാമവാസികൾ അവളുടെ ഭവനം ശപിക്കപ്പെട്ടതാണെന്നു വിധിയെഴുതി. ദൈവം സുനിതയെ ആ ഗ്രാമത്തിനു ഒരു അനുഗ്രഹമാക്കി തീർക്കേണ്ടതിനായി പ്രാർത്ഥിക്കുക.

**മാർച്ച്**

**3**

**തിങ്കൾ**

**ജന്മദിനാശംസകൾ**

ജീവൻ രഞ്ജൻ മഹാപത്ര,
ജോൺ ശാമുവേൽ എ,
പ്രസ്തുത ബതി പാനി,
മേഴ്സി എലിസബേത്ത് എസ് ജപശീലൻ,
താങ് ചിൻ ലീയാൻ എൽ

**നെർവ : ഇമ്മാനുവേൽ ജപ & സംഗീത ജസിന്ത**

അഞ്ചു സ്ഥലത്തു ഉപവാസ പ്രാർത്ഥന സംഘടിപ്പിച്ചു. ദൈവകൃപയാൽ അനവധിയാളുകൾ പ്രാർത്ഥന യോഗത്തിൽ സംബന്ധിച്ചു.

വിശ്വാസികൾ മുടക്കമില്ലാതെ സഭ ആരാധനയിൽ സംബന്ധിക്കേണ്ടതിനും അവർ ദൈവവചനം അനുസരിക്കേണ്ടതിനുമായി പ്രാർത്ഥിക്കുക. ഈ നാളുകളിൽ അനവധി പുതിയ ആരാധനക്കൂട്ടങ്ങൾ ഉരവാകുന്നു. ഇതൊന്നും നമ്മുടെ ശുശ്രൂഷയാൽ സ്ഥാപിതമാകുന്ന ആരാധനക്കൂട്ടങ്ങൾക്കു തടസ്സമാകാതിരിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

## പഞ്ചാബ്

### ജൈയ്തോ

**ചിത്തരഞ്ജൻ താണ്ടി & തേജസ്വിത താണ്ടി**

കൈദിക് ജനവിഭാഗത്തിലെ ആളുകളുടെ ഇടയിൽ സുവിശേഷം അറിയിക്കുന്നതിനു തുറന്ന വാതിൽ ലഭിച്ചു. അവർ സുവിശേഷത്തോടു താൽപര്യം കാണിക്കുന്നു. മയക്കു മരുന്നിനടികളായ യുവജനങ്ങളുടെ വിടുതൽ ലക്ഷ്യമിട്ടു യൗവ്വനക്കാരുടെ ഇടയിൽ ഒരു പ്രത്യേക പ്രാർത്ഥനക്കൂട്ടം ആരംഭിച്ചു.

മാനസിക വിഷാദത്താൽ ഏഴു വർഷത്തിലധികമായി കഷ്ടപ്പെടുന്ന അജയ് സിങ് ഇപ്പോൾ ആരാധനയിൽ സംബന്ധിക്കുവാൻ തുടങ്ങി. വിശ്വാസത്തോടു കൂടിയ പ്രാർത്ഥനയാൽ ദൈവം അവനെ സൗഖ്യമാക്കേണ്ടതിനായി പ്രാർത്ഥിക്കുക. കാൻസർ രോഗം നിമിത്തം മരണത്തിനു കീഴടങ്ങിയ മാൻദീപ് സിങിന്റെ കുടുംബാംഗങ്ങളുടെ ആശ്വാസത്തിനായി പ്രാർത്ഥിക്കുക. മയക്കു മരുന്നിന്റെ അടിമകളായ പരംജിത് സിങ്, രാജ സിങ് എന്നിവരുടെ വിടുതലിനായി പ്രാർത്ഥിക്കുക. അമ്രിസർ പ്രദേശത്തു ആരംഭിച്ച സുവിശേഷീകരണ യജ്ഞത്തിന്റെ വിജയത്തിനായി പ്രാർത്ഥിക്കുക.

### മാൻസ

**ദെബർത്ത വിശ്വാസ് & മന്ന സിങ്**

പുതിയ ആളുകൾ ആരാധനയിൽ സംബന്ധിക്കുന്നു. കുറുക്നി, നാബ എന്നീ ഗ്രാമങ്ങളിൽ ആദ്യമായി സത്സാംഗ് പ്രോഗ്രാം നടത്തി. അനേകർ പങ്കെടുത്തു സുവിശേഷം ശ്രവിച്ചു. വനിത നേതാക്കളുടെയും സഭാമൂപ്പന്മാരുടെയും പരിശീലന പ്രോഗ്രാം വിജയകരമായി നടത്തി.

സർക്കാർ, നാഗൽ, രത്തനഗർ എന്നീ ഗ്രാമങ്ങളിൽ നടത്തുവാനുദ്ദേശിക്കുന്ന സത്സാംഗ് പ്രോഗ്രാമിന്റെ അനുഗ്രഹത്തിനായി പ്രാർത്ഥിക്കുക. ഈശ നഗർ, പജ്വാല, പുർജി എന്നീ പ്രദേശങ്ങളിൽ ജീസസ് ഫിലിം പ്രദർശിപ്പിച്ചു. അനേക പുതിയ ബന്ധങ്ങൾ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഗണേശ് റാം, സൻസിങ് എന്നിവർ കർത്താവിങ്കലേക്കു തിരികെ വരേണ്ടതിനായി പ്രാർത്ഥിക്കുക.

മാർച്ച്
# 4
ചൊവ്വ

## ജന്മദിനാശംസകൾ

ജോൺ ബർലീൻ എസ്,
തിമ്മേശ് എം പി, കിഷാന്ത ലിമ്മ,
ദിനേശ് മറിയ,
പൻസുരി മൊഹ്ലിൻ

## അഹമ്മദ്ഗഡ് മാന്ദി

### കൃപ രക്ഷണ ബരെ & ഷക്കീന

ഒരു വ്യക്തി യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു വിശ്വാസ പ്രഖ്യാപനം നടത്തി. ധുൽമ, രോഹിത്, മൗദി എന്നീ ഗ്രാമങ്ങളിൽ പുതിയ ആരാധനക്കൂട്ടം രൂപീകരിച്ചു. ക്ഷയ രോഗത്താൽ കഷ്ടപ്പെട്ട ആശയുടെ ആരോഗ്യത്തിനു പ്രാർത്ഥനയെ തുടർന്നു പുരോഗതിയുണ്ട്. ഓട്ടോറിക്ഷ അപകടത്തിൽ അകപ്പെട്ട റീനയെ ദൈവം അത്ഭുതകരമായി രക്ഷിച്ചു.

ജണ്ടാൽ, ദോസ്താർ എന്നീ ഗ്രാമങ്ങളിൽ പുതിയ ആരാധനക്കൂട്ടം ഉരുവാക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഉടനെ നടത്തുവാനുദ്ദേശിക്കുന്ന വിശ്വാസ പ്രഖ്യാപന യോഗം, സഭാമൂപ്പന്മാരുടെ പരിശീലനം എന്നിവയുടെ ആനുഗ്രഹത്തിനായി പ്രാർത്ഥിക്കുക. സഭാ മൂപ്പൻ സന്താലിയുടെ അമ്മായിയമ്മ അവശതയാൽ കഷ്ടപ്പെടുന്നു. അവളുടെ മകൻ അപസ്മാരത്താൽ വലയുന്നു. ഈ കുടുംബത്തിന്റെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. മിഷനറിമാരുടെയും സുവിശേഷകരുടെയും വിശ്വാസികളുടെയും സുരക്ഷിതത്വത്തിനായി പ്രാർത്ഥിക്കുക. സഭയിലെ യൗവ്വനക്കാർ സാക്ഷ്യമുള്ള ജീവിതം നയിക്കേണ്ടതിനും അവർ സുവിശേഷീകരണ യജ്ഞത്തിൽ പങ്കാളികളാകേണ്ടതിനുമായി പ്രാർത്ഥിക്കുക.

### ബത്തിണ്ട : സജ്ജീബ് ആനന്ദ് & പ്രസ്തുതബതി

പുച്ചോ മണി, ബൈരുപ, മാണി കാലൻ, മൗർ മണ്ടി എന്നീ നാലു ഗ്രാമങ്ങളിൽ സത്സാംഗ് പ്രോഗ്രാം സംഘടിപ്പിച്ചു. യുവജനങ്ങൾക്കായി നടത്തിയ ആത്മീയ യോഗത്തിൽ അനേക യൗവ്വനക്കാർ പങ്കെടുത്തു അനുഗ്രഹം പ്രാപിച്ചു. വൃക്ക സംബന്ധമായ രോഗത്തിൽ നിന്നും വിടുതൽ പ്രാപിച്ച രാജാസിങ് ഇപ്പോൾ ആരാധന യോഗത്തിൽ സംബന്ധിക്കുന്നു. പാപസ്വഭാവമായ മയക്കു മരുന്നിനടിമയായ മോനി സിങിനെ കർത്താവ് സൗഖ്യമാക്കി. റാണി കൗർ നമ്മുടെ സഭാമൂപ്പയായ സത്വീർ കൗർ എന്നിവർ ആവേശത്തോടെ സഭയുടെ വത്യസ്തമായ ശുശ്രൂഷകളിൽ പങ്കാളികളാകുന്നു.

ഈ മിഷൻ വയലിലെ പ്രവർത്തനത്തിനു സമർപ്പിതരായ സുവിശേഷകരെയും സന്നദ്ധ സുവിശേഷകരെയും ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. മദ്യത്തിനടിമകളായ കരൻ, ഇന്ദ്രേഷ്, കുൽദീപ് എന്നിവരുടെ വിടുതലിനായി പ്രാർത്ഥിക്കുക. ബൈരുപുര പുച്ചോമണ്ടി എന്നീ ഗ്രാമങ്ങളിൽ നടക്കുന്ന ദൈവാലയ നിർമ്മാണം വേഗത്തിൽ പൂർത്തീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. പ്രമേഹ രോഗിയായ ലൗപ്രീത്, പൈശാചിക ബന്ധനത്തിലായ രാജസിംഗം എന്നിവരുടെ വിടുതലിനായി പ്രാർത്ഥിക്കുക. നമ്മുടെ മിഷനറിമാരുടെ മാതാപിതാക്കൾ രോഗത്താൽ കഷ്ടപ്പെടുന്നു. അവരുടെ സമ്പൂർണ്ണ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. ഈ മാസം നടത്തുവാൻ പദ്ധതിയിട്ടിരിക്കുന്ന എല്ലാ പ്രോഗ്രാമുകളും തടസ്സമില്ലാതെ നടക്കേണ്ടതിനായി പ്രാർത്ഥിക്കുക.

മാർച്ച്
5
ബുധൻ

ഉപവാസ
പ്രാർത്ഥന
ദിനം

**ജന്മദിനാശംസകൾ**

തങ്കമ്മാൾ ജപരാജ്, സുനിൽ മാത്യു കെ,
രവി കുമാർ എസ്,
സ്റ്റെല്ല ഡേവിഡ് പെരുമാൾ ,
ശംഭുനാഥ് നായക്ക്, ലുബിൻ മുർമ്മു

## ഉത്തർഖാണ്ഡ്

### ബാസ്പൂർ

**ക്രിസ്റ്റ്യൻ പ്രകാശ് & സുമിത്ര ബൻ**

പൂജാരിയായ വിനോദ് യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. ദുർസ്വപ്നങ്ങൾ കാണുന്നതിനാൽ ഉറങ്ങുവാൻ കഴിയാതെ കഷ്ടപ്പെട്ട സോഹാനി ദൈവാലയത്തിൽ കടന്നു വന്നു പ്രാർത്ഥിച്ചതിനെ തുടർന്നു കർത്താവ് പൂർണ്ണ സൗഖ്യം നൽകി. നമ്മുടെ വിശ്വാസി ശിവറാമിനു തഹസിൽദാറായി സർക്കാർ ജോലി ലഭിച്ചു.

സയാന ഉദരത്തിലെ കാൻസറിനാലും സവിത രക്താർബുദത്തിനാലും കഷ്ടപ്പെടുന്നു. സൗഖ്യത്തിനായി പ്രാർത്ഥിക്കുക. ഹൃദയത്തിനു ചുറ്റും വെള്ളം കെട്ടിക്കിടക്കുന്നതിനാലും ഇതര രോഗങ്ങളാലും ജോലി ചെയ്യുവാൻ കഴിയാതെ ബുദ്ധിമുട്ടുന്ന ലക്ഷ്മണിന്റെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. പ്രേം ജോഷി എന്ന പ്രായമുള്ള വ്യക്തി മാനസിക രോഗത്തിൽ ഗ്രാമത്തിലുള്ളവരുമായി ശണ്ഠയിടുന്നു. ഇയാളുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക.

### കിച്ച : ബിഭാബ പാനി & ബിത്തിക

ആൻഡ്രു, അമൻ എന്നിവർ കുടുംബമായി സുവിശേഷ വേലയിൽ ആവേശത്തോടെ പങ്കെടുക്കുന്നു. നിഷ തളർവാതത്തിൽ നിന്നും പ്രാർത്ഥനയാൽ സുഖം പ്രാപിച്ചു.

സാന്ധിപുരു, പന്തനഗർ, ശക്തിപരം, ലാൽപൂർ എന്നീ ഗ്രാമങ്ങിൽ സുവിശേഷം പ്രഘോഷിക്കുന്നതിനു അവസരം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. സ്വന്ത ഗ്രാമത്തിൽ ക്രിസ്തീയ വിശ്വാസത്തിനെതിരെ എതിർപ്പും ഉപദ്രവം നേരിടുന്ന സാഹചര്യത്തിൽ വിശ്വാസികൾ ക്രിസ്തീയ വിശ്വാസത്തിൽ ഉറച്ചു നിൽക്കേണ്ടതിനായി പ്രാർത്ഥിക്കുക. കിച്ച മിഷൻ വയലിൽ ആരാധന നടത്തുന്നതിനു അനുയോജ്യമായ സ്ഥലം കണ്ടെത്തേണ്ടതിനായി പ്രാർത്ഥിക്കുക.

### മാൽധചൗർ

**ശിശുപാൽ & അനിത**

ശേഖർ സിങ്, ധരംപാൽ എന്നിവർ മദ്യാസക്തിയിൽ നിന്നും ബിട്ടു, ദീപ, എയ്ഞ്ചൽ എന്നിവർ സാത്താന്യ പോരാട്ടത്തിൽ നിന്നും മുക്തരാകേണ്ടതിനായി പ്രാർത്ഥിക്കുക. പ്രശാന്തിന്റെ കുടുംബത്തിൽ ഒരു പൈതലിനെ നൽകി ദൈവം അനുഗ്രഹിച്ചു. ദൈവനാമം മഹത്വപ്പെട്ടു.

നാരയൺപൂർ, ജ്യോതിപുര എന്നി ഗ്രാമങ്ങളിലുള്ളവർ നമ്മുടെ വിശ്വാസികളെ അടിക്കടി ഉപദ്രവിക്കുന്നു. ഇവരുടെ ഹൃദയത്തിൽ രൂപാന്തിരം ഉണ്ടാകേണ്ടതിനായി പ്രാർത്ഥിക്കുക. പൈശാചിക ബന്ധനത്തിൽ നിന്നും സുനില, സർവേശായ് എന്നിവർ വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ബിന്ദെർസിങ്, ബൽദേവ് എന്നിവർ മദ്യാസക്തിയിൽ നിന്നും മുക്തരാകേണ്ടതിനായി പ്രാർത്ഥിക്കുക. കാളിദാസ്, കണ്ടോ, പ്രസാന്ദ്, പൂജ, ഇന്ദർപാൽ, മീനാക്ഷി, ധർമ്മേന്ദർ, അനുരാധ എന്നിവർ യേശുവിലുള്ള വിശ്വാസം പരസ്യമായി പ്രഖ്യാപിച്ചു.

മാർച്ച്
6
വ്യാഴം

## ജന്മദിനാശംസകൾ

ജയിംസ് അരുൾരാജ് എം

### ദിനേശ്പൂർ

**ശിവകുമാർ & സുശീല മാർഗ്**

നാലു ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിക്കുന്നതിനു ദൈവം അവസരം നൽകി. അനേക നാളുകളായി രോഗികളായി കഴിഞ്ഞ സീമ പ്രാർത്ഥനയുടെ ഫലമായി രോഗസൗഖ്യം പ്രാപിച്ചു. ഗീതയുടെ മടുത്തു പോകാത്ത പ്രാർത്ഥനയാൽ അവളുടെ കുഞ്ഞിന്റെ വളഞ്ഞ കാൽ സാവധാനത്തിൽ നിവരുന്നു. ഇപ്പോൾ ആ പൈതൽ നടക്കുവാൻ തുടങ്ങി. നമ്മുടെ വിശ്വാസി സുരജിനു സ്വന്തമായി ഭവനം പണിയുവാൻ ദൈവം കരുണ ചെയ്തു.

അപസ്മാര രോഗത്താൽ കഷ്ടപ്പെടുന്ന ദസ്പുര ഗ്രാമത്തിലെ നമ്മുടെ വിശ്വാസിയായ പരംജിത്തിന്റെയും കരൾ വീക്കത്താൽ വലയുന്ന കേദ ഗ്രാമത്തിലെ വിശാലിന്റെയും വൃക്ക സംബന്ധമായ രോഗത്താൽ വലയുന്ന ക്യാമ്പ് ഒന്നിലെ ആശീഷിന്റെയും സൗഖ്യത്തിനായി പ്രാർത്ഥിക്കുക. പൈശാചിക ബന്ധനത്തിൽ നിന്നും കാമ്പൂർ ഗ്രാമത്തിലെ നീരജ് കൗറും കേദ ഗ്രാമത്തിലെ സുവേദയും വിടുതൽ പ്രാപിച്ചു.

## ഹരിയാന

### ബർവാല

**മിന്തു കുതും & സുബ്രഭാഗ്**

സത്സാംഗ് പ്രോഗ്രാമും മുന്നു സ്ഥലത്തു സഭാമൂപ്പന്മാരുടെ സംഗമവും സംഘടിപ്പിച്ചു. 17 വയസ്സുള്ള സജ്ജൈ ഒരു അപകടത്തിൽ പെട്ടെങ്കിലും പരുക്കുകളേൽക്കാതെ ദൈവം വിടുവിച്ചു. കയ്പൂർ ഗ്രാമത്തിൽ സംഘടിപ്പിച്ച വേദപുസ്തക മത്സരങ്ങളിൽ അനേക യൗവ്വനക്കാർ പങ്കെടുത്തു. യുവജനങ്ങളുടെ വാർഷീക ക്യാമ്പ് സംഘടിപ്പിച്ചു അനേകർക്കു അനുഗ്രഹകരമായിരുന്നു. സനിയാൻ ഗ്രാമത്തിലെ പൂനത്തെ ക്ഷയ രോഗം നിമിത്തം ആശുപത്രിയിൽ പ്രവേശിപ്പിച്ചു ചികിത്സിച്ചു. പ്രാർത്ഥന കേൾക്കുന്ന ദൈവം അവളെ സൗഖ്യമാക്കി.

ഞരമ്പു സംബന്ധമായ പ്രശ്നത്താൽ കഴുത്തിലും അവയവങ്ങളിലും അനുഭവിക്കുന്ന ബുദ്ധിമുട്ടിൽ നിന്നും നരേഷ് സൗഖ്യം പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. നമ്മുടെ ആരാധന യോഗത്തിൽ പുതുതായി സംബന്ധിക്കുന്ന പാരിക്കു കാഴ്ച ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. റജിധാനി കോളനിയിലെ നീലം രക്തസ്രാവത്താലും വൃക്ക സംബന്ധമായ രോഗത്താലും വലയുന്നു സൗഖ്യത്തിനായി പ്രാർത്ഥിക്കുക. അപകടത്തിൽ ഗുരുതരമായ പരുക്കു പറ്റിയ ജീന്ദ് ഗ്രാമത്തിലെ അനിലിനെ ആശുപത്രി ചികിത്സയിലിരിക്കെ പ്രാർത്ഥന കേട്ടു കർത്താവ് സൗഖ്യമാക്കി.

### റത്തിയ

**കാർത്തീകേയൻ & ജയന്തി**

നിരന്തരമായ പ്രാർത്ഥനയുടെ ഫലമായി പാപ്ലി ക്ഷയ രോഗത്തിൽ നിന്നും സുഖം പ്രാപിച്ചു. മിരാന ഗ്രാമത്തിലെ വിശ്വാസികൾ സഭയുടെ വാർഷീകം ആനന്ദത്തോടെ ആഘോഷിച്ചു. പൈശാചിക ബന്ധനത്തിൽ നിന്നും രേഖ പ്രാർത്ഥനയിലൂടെ വിടുതൽ പ്രാപിച്ചു.

ക്ഷയ രോഗത്തിൽ നിന്നും വരുണ സുഖം പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. തലമുറകൾക്കായി നിരന്തരം പ്രാർത്ഥിക്കുന്ന രേഖ, ജ്യോതി, പാപ്ലി, എന്നിവർക്കു മക്കളെ നൽകി ദൈവം അനുഗ്രഹിക്കേണ്ടതിനായി പ്രാർത്ഥിക്കുക. 13 വയസ്സുള്ള രാജ്‌വീർ സിങിനു ഇപ്പോഴും സംസാരിക്കുവാനുള്ള കഴിവ് ലഭിച്ചിട്ടില്ല. സൗഖ്യത്തിനായി പ്രാർത്ഥിക്കുക.

**മാർച്ച്**
**7**
**വെള്ളി**

### ജന്മദിനാശംസകൾ

ഗിൽബർട്ട് വില്യംസ് എസ്,
സോളമൻ ജ്ഞാനശേഖർ, ജോൺ അരുൾരാജ്,
തോങ് ഖോ ലുൻ കിപ്ഗൻ,
ലിയാൻബിയാക്നെമി സിങ്

### തോഷാം : അജയ് ബർദെ

സത്സാംഗ് പ്രോഗ്രാമിലൂടെ രണ്ടു ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. ബൽവാസ് ഗ്രാമത്തിൽ പുതിയ ആരാധനക്കൂട്ടം ആരംഭിക്കുന്നതിനു ദൈവം കൃപ നൽകി.

മദ്യാസക്തിയിൽ ലക്ഷ്മിയുടെ സഹോദരൻ കുടുംബാംഗങ്ങളെ അസഭ്യം പറയുന്നു. അവൻ അതിൽ നിന്നും മുക്തനായി യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ജഗദീഷ്, പ്രതാപ്, പപ്പി എന്നീ കുടുംബങ്ങൾ ആരാധനയിൽ പതിവായി സംബന്ധിക്കേണ്ടതിനായി പ്രാർത്ഥിക്കുക. അനേക നാളുകളിലെ കാത്തിരിപ്പിനൊടുവിൽ നേഹക്കു സുഖ പ്രസവം നൽകി ദൈവം അനുഗ്രഹിച്ചു.

## രാജസ്ഥാൻ

### ഖാജുവാല ന്യൂ

### വി കുമാർ & പാട്രിസ്യ

8 KD, 4 ADM എന്നീ കോളനികളിൽ സുവിശേഷം പ്രഘോഷിക്കുന്നതിനു ദൈവം സഹായിച്ചു. 8 KD കോളനിയിലുള്ള ഗുരുവിന്ദർ സിങിന്റെ കുടുംബം പ്രാർത്ഥന യോഗം നടത്തുന്നതിനു തന്റെ ഭവനം തുറന്നു നൽകി. 5 PST കോളനിയിലുള്ള മായ ദേവി - സത്നാം കുടുംബം ഈ ഭവന പ്രാർത്ഥനയിൽ സംബന്ധിക്കുകയും അവരുടെ കോളനിയിൽ സുവിശേഷം അറിയിക്കുന്നതിനു ഞങ്ങളെ ക്ഷണിക്കുകയും ചെയ്തു.

കരൾ സംബന്ധമായ രോഗത്താൽ വലയുന്ന 27 KD കോളനിയിൽ ഉള്ള ഗുരുദേവ് സിങിന്റെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. മാനസിക വിഭ്രാന്തിയിൽ അലഞ്ഞു നടക്കുന്ന സുഖ്പ്രീതിന്റെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക.

### തപുക്കാര

### ദാനിയേൽ മാർവൽ രാജ് & ജപശീലി; രാജമ്മാൾ ജോൺസൺ

ഭവനമില്ലാതെ കഷ്ടപ്പെട്ട സുനിതക്കു സ്വന്തമായി ഒരു വീടു വാങ്ങുവാൻ ദൈവം കൃപ ചെയ്തു. മദ്യത്തിനും മയക്കു മരുന്നിനും അടിമയായിരുന്ന തേജ്ഭായ് പ്രാർത്ഥനയാൽ അവയിൽ നിന്നും മുക്തനായി. അവന്റെ കുടുംബാംഗങ്ങൾ ഇപ്പോൾ സഭാ ആരാധനയിൽ പങ്കെടുക്കുകയും നമ്മുടെ പ്രവർത്തനങ്ങളെ പിന്തുണയ്ക്കുകയും ചെയ്യുന്നു.

മദ്യാസക്തിയിൽ ഭവനത്തിലുള്ളവരെ അസഭ്യം പറയുന്ന അജിത് മാനസാന്തരപ്പെട്ടു ഈ ദുഷിച്ച സ്വഭാവത്തിൽ നിന്നും മുക്തനാകേണ്ടതിനും യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനുമായി പ്രാർത്ഥിക്കുക. ഹരിജിത്തിനു വീണ്ടും ജനനം പ്രാപിച്ച ഒരു ജീവിത പങ്കാളിയെ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. സർക്കാർ ജോലി ലഭിക്കുന്നതിനായുള്ള പരീക്ഷക്കു തയ്യാറെടുക്കുന്ന വിജയ്ക്കായി പ്രാർത്ഥിക്കുക. ഈ മിഷൻ വയലിൽ ദൈവാലയം പണിയുന്നതിനാവശ്യമായ വസ്തു ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

മാർച്ച്
8
ശനി

**ജന്മദിനാശംസകൾ**

ഹമുവേൽ ലിമ്മ,
റാണി ഉറാൻവ്

# ഉത്തർ പ്രദേശ്

## സിക്കന്ദ്ര

### പച്ചിയ ഭായ് & സവിത ബൻ

നാലു സ്ഥലത്തു വിശ്വാസികൾക്കായി ആരോഗ്യ ശുചിത്വ സംഗമങ്ങൾ സംഘടിപ്പിച്ചു. പീഡനത്തിന്റ മദ്ധ്യത്തിൽ വിശ്വാസികൾ വിശ്വാസത്തിൽ വളരുന്നു. ശൈത്യകാലത്തുണ്ടാകുന്ന സാധാരണം രോഗങ്ങളിൽ നിന്നും നമ്മുടെ വിശ്വാസികളെ ദൈവം സുരക്ഷിതമായി പരിപാലിച്ചു. വിഷപ്രാണിയുടെ ദംശനമേറ്റ കമലേശിനെ കർത്താവ് സൗഖ്യമാക്കി.

സെലംമ്പൂർ, ഇങ്കാവര, നന്ദു എന്നീ ഗ്രാമങ്ങളിൽ ആരാധനക്കൂട്ടം ആരംഭിക്കുന്നതിനു എടുക്കുന്ന ഉദ്യമത്തെ ദൈവം അനുഗ്രഹിക്കേണ്ടതിനായി പ്രാർത്ഥിക്കുക. പുർദെയ്, രാജ്പൂർ, നിനോക്ര എന്നീ ഗ്രാമങ്ങളിലെ രാത്രിയോഗം പുനരാരംഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. പീഡനത്തിന്റെ മധ്യത്തിൽ വിശ്വാസികൾ സുരക്ഷിതരായി ധൈര്യമുള്ളവരായിരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഹിമൻഷ, ഭാരത് എന്നിവരെ പോലെയുള്ള മറ്റു ചിലരും ആശയകുഴപ്പങ്ങളിൽ നിന്നു മുക്തരാകേണ്ടതിനായി പ്രാർത്ഥിക്കുക. ഉടനെ നടത്തുന്ന ആത്മാക്കളെ നേടുന്നവർക്കായുള്ള പരിശീലന പ്രോഗ്രാമിന്റെ അനുഗ്രഹത്തിനായി പ്രാർത്ഥിക്കുക.

## സ്ത്രീകൾക്കായി നമുക്കു പ്രാർത്ഥിക്കാം

സ്ത്രീകൾ ദൈവത്തിന്റെ അത്ഭുത സൃഷ്ടിയാകുന്നു. അവർ ആദരിക്കപ്പെടേണ്ടവരാണ്. എന്നാൽ നമ്മുടെ രാജ്യത്ത് അവർ ബഹുവിധ വെല്ലുവിളികൾ അഭിമുഖീകരിക്കുന്നു. തുല്യ വേതനം ലഭിക്കുന്നില്ല (പുരുഷന്മാർക്കു 100 രൂപ ലഭിക്കുമ്പോൾ സ്ത്രീകൾക്കു 40 രൂപയാണ് കിട്ടുന്നത്), വംശീയ അനീതി, ലിംഗാധിഷ്ഠിത അക്രമം, അപര്യാപ്തമായ ആരോഗ്യ പരിപാലനം, പരിമിതമായ വിദ്യാഭ്യാസം (സ്ത്രീകളുടെ സാക്ഷരത 65.46%, പുരുഷന്മാരുടെ സാക്ഷരത 80.88%). മനുഷ്യക്കടത്ത് ഉൾപ്പെടെയുള്ള പ്രശ്നങ്ങൾ ഉണ്ട്. (കുറഞ്ഞപക്ഷം ഒരു ദിവസം 3 സ്ത്രീകൾ എങ്കിലും കാണാതെ പോകുന്നു), ഓൺലൈൻ പീഡനം, ഗാർഹിക പീഡനം (38%), തിരഞ്ഞെടുത്ത ഗർഭഛിദ്രം, പെൺ ശിശു ഹത്യ, സ്ത്രീധനം, ശൈശവ വിവാഹം, കുടുംബത്തിലെ പരിതാപകരമായ നില. 2024 ഡിസംബറിലെ കണക്കനുസരിച്ച് ഇന്ത്യയിൽ 707 ദശലക്ഷം സ്ത്രീകൾ ഉണ്ട്.

## നമുക്കു പ്രാർത്ഥിക്കാം

**1.** കൂടുതൽ വനിതാ നേതാക്കൾ ഉയരണം. **2.** തൊഴിൽ - ജീവിത സന്തുലാ വസ്ഥക്കുവേണ്ടി വഴക്കമുള്ള ജോലി ക്രമീകരണങ്ങൾ. **3.** കുടുംബത്തിലും സമൂഹത്തിലും സ്ത്രീകൾ മാനിക്കപ്പെടണം. **4.** വിജയകരമായ ജീവിതഗതിയെ സഹായിക്കുന്ന വിധം തൊഴിൽ - ജീവിത സന്തുലാവസ്ഥയെ പിന്തുണക്കുന്ന നയങ്ങൾ **5.** കുടുംബത്തിലും സമൂഹത്തിലും സ്ത്രീകൾ സംരക്ഷിക്കപ്പെടുകയും എല്ലാ മേഖലയിലും നേട്ടങ്ങൾ കൈവരിക്കുകയും ചെയ്യണം. **6.** FMPB യിൽ പ്രവർത്തിക്കുന്ന 436 കുടുംബസ്ഥരായ സ്ത്രീകളുടെയും 36 അവിവാഹിതരുടെയും 15 വിധവമാരുടെയും സംരക്ഷണത്തിനായും ആരോഗ്യത്തിനായും ദൈവം അവരെ ഉപയോഗിക്കേണ്ടതിനായും പ്രാർത്ഥിക്കുക.

**മാർച്ച്**
**9**
**ഞായർ**

## ജന്മദിനാശംസകൾ

വാസന്തി സ്റ്റെല്ല ഇമ്മാനുവേൽ,
ജ്ഞാന സുന്ദരി ആർഥർ, ഡേവിഡ് പി,
പ്രവതി മണി വിനോദ് കുമാർ

### ഹസൈറാൻ

**സുരേഷ് മാൾട്ടോ & പ്രേമലത**

മഞ്ഞപിത്തത്തിനാലും രക്തത്തിന്റെ അളവ് കുറഞ്ഞതിനാലും കഷ്ടപ്പെട്ട സന്ധ്യയെ കർത്താവ് സൗഖ്യമാക്കി. ആയുഷിന്റെ കൊച്ചുമകൻ രാകേഷ് കാലു തെറ്റി ടെറസ്സിൽ നിന്നു താഴെ വീണെങ്കിലും ദൈവം അത്ഭുതകരമായി വിടുവിച്ചു. മീൻ മുള്ള് തൊണ്ടയിൽ കുടുങ്ങി കഷ്ടപ്പെട്ട രാഗിസ്നത്തിനെ പ്രാർത്ഥന കേട്ടു കർത്താവ് സൗഖ്യമാക്കി.

ജോഗി സമൂദായത്തിലുള്ളവർ ആരാധനയിൽ സംബന്ധിക്കുന്നതിനെ സർദാർ രാമകൃഷ്ണൻ എതിർക്കുന്നു. അദ്ദേഹം ഈ ദുഷ്ട പ്രവൃത്തി നിർത്തി മാനസാന്തരപ്പെടേണ്ടതിനായി പ്രാർത്ഥിക്കുക. രാത്രിയിൽ ഉറങ്ങുവാൻ കഴിയാതെ ബുദ്ധിമുട്ടുന്ന സർവേശിന്റെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. നമ്മുടെ വിശ്വാസി റാംപെട്ടി യാദവിന്റെ മകൾ ആരദിക്കു അനുയോജ്യനായ ജീവിത പങ്കാളിയെ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. റാം കുമാറിന്റെ ഭാര്യ അയാളെ ഉപേക്ഷിട്ടു പോയി. അവൾ അനുതപിച്ചു മടങ്ങി വരേണ്ടതിനായി പ്രാർത്ഥിക്കുക. രാംകിഷേർ, സുത്തേന്ദർ എന്നിവർക്കു ഭവനം പണിയുന്നതിനു തടസ്സം നിൽക്കുന്ന വനം വകുപ്പ് ഉദ്യോഗസ്ഥർക്കായി പ്രാർത്ഥിക്കുക. വീടു പണിയുന്നതിനാവശ്യമായ എല്ലാ അനുമതികളും പ്രാദേശിക ഭരണ സംവിധാനത്തിൽ നിന്നു ലഭിച്ചിട്ടുണ്ട്. എല്ലാ തടസ്സങ്ങളും നീക്കി വേഗത്തിൽ വീടു പണിയേണ്ടതിനായി പ്രാർത്ഥിക്കുക.

### ബസ്തി : ജെ ശ്രീനിവാസൻ & ഷീബ ജി ചന്ദ്ര

രണ്ടു ദിവസത്തെ യുവജന ക്യാമ്പിൽ 35 യൗവ്വനക്കാർ പങ്കെടുത്തു അനുഗ്രഹം പ്രാപിച്ചു. കഠിനമായ ശൈത്യത്തിൽ വിശ്വാസികളെയും മിഷനറിമാരെയും ദൈവം അത്ഭുതകരമായി പരിപാലിച്ചു. ഉത്തർപ്രദേശിലെ പ്രവർത്തനങ്ങളെ കുറിച്ചു മിഷനറി ബാങ്കളൂരിലെ സ്ത്രീജന യോഗത്തിൽ പങ്കുവെച്ചപ്പോൾ അനേകർ പ്രാർത്ഥിക്കുവാൻ തയ്യാറായി മുന്നോട്ടു വന്നു.

മാനസിക രോഗികളായ 18 വയസ്സുള്ള സുധയുടെയും കാരുണാമ്മയുടെയും സൗഖ്യത്തിനായി പ്രാർത്ഥിക്കുക. നമ്മുടെ വിശ്വാസി ദീപയുടെ പിതാവ് പപ്പു മദ്യാസക്തിയിൽ നിന്നും വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. അമരാവതിയുടെ നേത്ര രോഗം സൗഖ്യമാകേണ്ടതിനായി പ്രാർത്ഥിക്കുക. നമ്മുടെ മുൻ സ്വദേശ സുവിശേഷകൻ ഹരിഹർ യാദവിനെയും മറ്റു അഞ്ചു പേരെയും പോലീസ് അറസ്റ്റു ചെയ്തു. അത്ഭുതകരമാം വിധം ദൈവം അവരെ മോചിപ്പിക്കേണ്ടതിനായി പ്രാർത്ഥിക്കുക. പതിവായി ആരാധന യോഗത്തിൽ സംബന്ധിക്കുന്ന യൗവ്വനക്കാർക്കു നല്ല ജോലി നൽകി ദൈവം അനുഗ്രഹിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഉത്തർപ്രദേശിൽ പ്രവർത്തിക്കുന്ന എല്ലാ പ്രവർത്തകരുടെയും വിശ്വാസികളുടെയും സുരക്ഷിതത്വത്തിനായി പ്രാർത്ഥിക്കുക.

**മാർച്ച്**

**10**

**തിങ്കൾ**

### ജന്മദിനാശംസകൾ

സെൽവകുമാർ ആർ,
പ്രമീള സൊറൻ,
ഷർമിള സതീഷ്

### ബർത്താന

**രാജൻ & ജപമലർ**

പൈശാചിക ബന്ധനത്തിൽ നിന്നും രോഹിത്, മീര, അനിൽ എന്നിവർ വിടുതൽ പ്രാപിച്ചു. സംസാരിക്കുവാൻ കഴിയാതിരുന്ന ഏഴു വയസ്സുകാരൻ ധനരാജ് പ്രാർത്ഥനയെ തുടർന്നു സംസാരിക്കുവാൻ തുടങ്ങി.

സുമൂർത്തി മമത, പ്രദീപ് എന്നിവർ യേശുവിലുള്ള വിശ്വാസം പരസ്യമായി ഏറ്റു പറയേണ്ടതിനായി പ്രാർത്ഥിക്കുക. മെഘ്ന സഭക്കെതിരായുള്ള കേസിൽ വിശ്വാസികൾക്കു അനുകൂലമായ വിധി ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. സ്വദ്ദേശ സുവിശേഷകൻ ശ്യാം സുന്ദറിനെതിരെ എടുത്ത കേസിൽ തെളിവിന്റെ അഭാവത്തിൽ കേസ് തള്ളിക്കളയേണ്ടതിനായി പ്രാർത്ഥിക്കുക.

### ഗാട്ടംപൂർ

**ജാങ്കോലുൻ തൗതാങ് & നൈതിയാൻചിങ് തൗതാങ്**

രണ്ടു വർഷമായി പൂട്ടിയിട്ടിരുന്ന ഘാട്ടംപൂർ ദൈവാലയം പോലീസ് സഹോയത്തോടെ തുറന്നു വൃത്തിയാക്കി ആരാധന യോഗം പുനരാരംഭിച്ചു. പ്രാദേശിക പോലീസിന്റെ അനുവാദത്തോടെ എല്ലാ സഭകളിലെ യും ആരാധന യോഗവും പുനരാരംഭിച്ചു.

ഘാട്ടംപൂർ സഭയിൽ ആരാധന യോഗം സുരക്ഷിതവും സൂഷ്മവുമായ വിധം നടത്തേണ്ടതിനായി പ്രാർത്ഥിക്കുക. പോലിസുകാരുടെ കാർക്കശ്യമായ നിലപാടു നിമിത്തം ആരാധന യോഗത്തിൽ സംബന്ധിക്കുന്നതിനു ഭയപ്പെടുന്ന വിശ്വാസികൾ ആരാധന യോഗത്തിൽ സ്വതന്ത്രമായി പങ്കെടുക്കുന്നതിനു ധൈര്യപ്പെടേണ്ടതിനായി പ്രാർത്ഥിക്കുക.

### ജാലൗൻ (സിർസകലാർ)

**രാകേഷ് രത്തിലാൽ ഗവിത് & ഇർഗർ രേശ്മ മാരുതി**

തിക്കാർ ഗ്രാമത്തിൽ പുതിയ ആരാധനക്കൂട്ടം ഉരുവാക്കി. ബജിന ഗ്രാമത്തിലെ ഒരു ഭവനത്തിൽ പ്രാർത്ഥനക്കൂട്ടം പുതുതായി തുടങ്ങി. ഉമ്രി ഗ്രാമത്തിലെ ഒരു കുടുംബം വിശ്വാസത്തിലേക്കു കടന്നുവന്നു. ഉമ്രി ഗ്രാമത്തിൽ ഒരു കുടുംബം യേശുവിനെ രക്ഷിതാവായി സ്വീകരിച്ചു. രാമ്പൂർ ഇടത്താവളത്തിലെ പ്രവർത്തനം അനുഗ്രഹകരമാകേണ്ടതിനായി പ്രാർത്ഥിക്കുക.

തളർവാതത്താൽ കഷ്ടപ്പെടുന്ന ദിക്കാർ ഗ്രാമത്തിലെ രാംഘാന്ദിന്റെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. തലമുറകളില്ലാതെ കഷ്ടപ്പെടുന്ന ദിനേശ്, ഹേമലത എന്നിവർക്കു മക്കളെ നൽകി ദൈവം അനുഗ്രഹിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ക്ഷയ രോഗത്താൽ കഷ്ടപ്പെടു◌ുന്ന ഗാന്ധി ബന്നിന്റെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. കുനിയപുര, ദുഷിപുര, ജഗംപുര എന്നീ ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിക്കുന്നതിനു അവസരം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. അടിക്കടി പനിയാൽ കഷ്ടപ്പെടുന്ന ജാൻവിയുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക.

**മാർച്ച്**

**11**

**ചൊവ്വ**

**ജന്മദിനാശംസകൾ**

ആശീർ സെൽവരാജ് സി,
പ്രവീൺ ദാസ്,
സതികാന്ത പരിച്ച

## മദ്ധ്യപ്രദേശ്

### ഖർഗോൺ

**ബിനിത് പ്രസാദ് ഭരതൻ & അമോജിത ബിനിത്**

സുവിശേഷത്തോടു താൽപര്യം കാണിക്കുന്ന ജലാൽബാനി, സിപതാൻ, സൈക്കാദ, രാമപുര, നൈഗോട്, ശാരദാപൂർ എന്നീ ഗ്രാമങ്ങളിൽ ലഘു ലേഖകൾ വിതരണം ചെയ്ത വേളയിൽ എതിർപ്പുകളുണ്ടായി. എന്നാൽ ഇവിടുത്തെ ജനങ്ങൾ സുവിശേഷത്തോടു ഇപ്പോഴും താൽപര്യം കാണിക്കുന്നു. ആത്മാക്കളെ ആദായപ്പെടുത്തുന്നവർക്കായി നടത്തിയ പരിശീലന ക്യാമ്പിൽ 35 സ്ത്രീകൾ പങ്കെടുത്തു.

സിലോദിയ ഗ്രാമത്തിലെ അനിത പൈശാചിക ബന്ധനത്തിൽ നിന്നും വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ചെറു പ്രായം മുതലെ നല്ലവണ്ണം സംസാരിക്കുവാൻ പ്രാപ്തിയില്ലാത്ത അമൃത എന്ന ചെറിയ പെൺകുട്ടിയുടെ വിടുതലിനായി പ്രാർത്ഥിക്കുക. കൈയിലും കാലിലും വ്യണം വന്നതിനാൽ കഷ്ടപ്പെടുന്ന ബർഗ നായക്കിന്റെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. കരാദിയ ഗ്രാമത്തിൽ സുവിശേഷത്തെ എതിർക്കുന്നവരുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക. നഗവ ഗ്രാമത്തിൽ എതിർപ്പു നിമിത്തം നിർത്തിവെച്ച പ്രാർത്ഥനയോഗം പുനരാരംഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. യൗവ്വനക്കാർ സുവിശേഷ വേലയിൽ താൽപര്യംപൂർവ്വം പങ്കെടുക്കേണ്ടതിനായി പ്രാർത്ഥിക്കുക.

**ചിറിയ : മഹേന്ദ്രൻ & പുഷ്പം**

ബൈജാപൂർ, സർപത് എന്നീ ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിക്കുന്നതിനു അവസരം ലഭിച്ചു. ഭൂമി പണയപ്പെടുത്തി കടം എടുത്ത കറിയബുത്ത പണം തിരികെ നൽകിയിട്ടും വസ്തു തിരികെ നൽകിയില്ല. വിശ്വാസികൾ ഒത്തു ചേർന്നു പ്രാർത്ഥിച്ചു. ദൈവം പ്രാർത്ഥന കേട്ടു വസ്തു യഥാർത്ഥ ഉടമക്കു തിരികെ ലഭിച്ചു. കൃഷിക്കാവശ്യമായ വെള്ളം ലഭിക്കാത്തതിനാൽ സൽപാലും കുടുംബവും ഒരു കിണർ കുഴിക്കുന്നതിനായി നിരന്തരം പ്രാർത്ഥിച്ചു കൊണ്ടിരുന്നു. അവർ കിണർ കുഴിച്ചപ്പോൾ 15 അടി ആഴത്തിൽ അവർക്കു ആവശ്യമായ വെള്ളം കിട്ടി. പാർക്കുന്നതിനു ഭവനം ഇല്ലാതെ ബുദ്ധുമുട്ടിയ രേഖ വിഷയം ദൈവസന്നിധിയിൽ അർപ്പിച്ചു പ്രാർത്ഥിച്ചു. സർക്കാർ പദ്ധതിയിലൂടെ ദൈവം അവൾക്കു ഒരു ഭവനം നൽകി.

സുവിശേഷം പ്രഘോഷിച്ച ദൗലത്പൂർ ഗ്രാമത്തിൽ ദൈവം ശക്തിയായി പ്രവർത്തിക്കേണ്ടതിനായി പ്രാർത്ഥിക്കുക. റാവ്റാം ഗ്രാമത്തിൽ സുവിശേഷം പ്രഘോഷിക്കുന്നതിനെ എതിർത്ത വ്യക്തികളുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക. പൈശാചിക ബന്ധനത്തിൽ നിന്നും സാധന വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. കക്ഷത്തിൽ പരു വന്ന് ജോലി ചെയ്യുവാൻ പ്രയാസപ്പെടുന്ന സോണിഭായിയുടെ സൗഖ്യത്തിനായ് പ്രാർത്ഥിക്കുക.

**മാർച്ച്**
**12**
**ബുധൻ**

ഉപവാസ
പ്രാർത്ഥന
ദിനം

**ജന്മദിനാശംസകൾ**

ഷൈനി കിങ്സ്ലി
ലത്ഖോഗിൻ മാതെ

## അസം

### ഗോഹ്പൂർ

**നാഥൻകുമാർ ബബർത്ത & നിരുപമ നാഥൻ**

രണ്ടു ഗ്രാമങ്ങളിൽ വിശ്വാസികളുടെ യോഗവും ഒരു ഗ്രാമത്തിൽ രാത്രിയോഗവും നടത്തി. അനിതക്കു സുഖ പ്രസവം നൽകി ദൈവം അനുഗ്രഹിച്ചു. ഏഴു ഗ്രാമങ്ങളിൽ അനുധാവന പ്രവർത്തനം നടത്തി. പുതുതായി ലഭിച്ച സ്നേഹിതരെ ദൈവവചനത്താൽ ബലപ്പെടുത്തി.

മൂന്നു ഗ്രാമങ്ങളിലെ ദൈവാലയ നിർമ്മാണം വേഗത്തിൽ പൂർത്തീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. സുവിശേഷത്തോടു താൽപര്യം കാണിക്കുന്ന നബീൻ വിശ്വാസത്തിൽ വളരേണ്ടതിനായി പ്രാർത്ഥിക്കുക. തൈറോയ്ഡിനാൽ കഷ്ടപ്പെടുന്ന മിഷനറിയുടെ ഭാര്യ നിരുപമ ശസ്ത്ര ക്രിയ ഇല്ലാതെ സൗഖ്യം പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

## ബീഹാർ

### റാണിഗഞ്ച്

**എം ആനന്ദൻ & നിഷ ഐ**

റൈക്ക, സിമ്മ, സിക്കി എന്നീ ഗ്രാമങ്ങളിൽ അനുധാവന പ്രവർത്തനം നടത്തി. രോഗത്താൽ കഷ്ടപ്പെട്ട രാഖാ ഗ്രാമത്തിലെ സത്യാദേവി റിഷിയെ പ്രാർത്ഥനയാൽ കർത്താവ് സൗഖ്യമാക്കി.

പുതിയ ഗ്രാമങ്ങളിൽ ആരാധനക്കൂട്ടങ്ങൾ ഉരുവാക്കേണ്ടതിനായി പ്രാർത്ഥിക്കുക. മൂന്നി ദേവി, മന്ദാർ റിഷി എന്നിവരുടെ സൗഖ്യത്തിനായും ഇവരിലൂടെ സിമ്മ ഗ്രാമത്തിൽ പുതിയ ആരാധനക്കൂട്ടം ആരംഭിക്കേണ്ടതിനായും പ്രാർത്ഥിക്കുക.

### ഈസ്റ്റേൺ ഗാംഞ്ചറ്റിക് റീജിയൻ

**ബാബു പുഷ്പരാജ് & റയ്ച്ചൽ ജോയ്സ്**

രാഖാ, സിമ്മ, സിക്നി, പക്കാശി എന്നീ ഗ്രാമങ്ങളിൽ ഫലപ്രദമാം വിധം അനുധാവന പ്രവർത്തനം നടത്തി. കേര ഗ്രാമത്തിൽ പുതിയ ഒരു ആരാധനക്കൂട്ടം ആരംഭിച്ചു. ഫത്തെപൂർ, രാംതുങ്ക, ബങ്കാൽപാരി, മഹത്പൂർ എന്നീ പ്രദേശത്തു നാടകത്തിലൂടെ സുവിശേഷം പ്രഘോഷിച്ചു.

പുതുതായി വിശ്വാസത്തിലേക്കു വന്ന മുന്നിദേവിക്കു കാഴ്ച ശക്തി തിരികെ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. സുവിശേഷത്തോടു താൽപര്യം കാണിക്കുന്ന രാജവാൻസി ജനങ്ങളുടെ മദ്ധ്യേ പ്രവർത്തിക്കുന്നതിനു സമർപ്പണമുള്ള സ്വദേശ സുവിശേഷകനെ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ത്രിവേണി ഗ്രാമത്തിൽ സുവിശേഷം അറിയിക്കുവാൻ സമർപ്പിതനായ നീരജിനെ ദൈവം ഉപയോഗിക്കേണ്ടതിനായി പ്രാർത്ഥിക്കുക. മിർസ്വ, രത്തൻസ്വ, ധൻകാല, ഭിലുവ എന്നീ ഗ്രാമങ്ങളിൽ അനുധാവന പ്രവർത്തനം നടത്തി. സകാർഷ ഗ്രാമത്തിൽ നടത്തുന്ന മെഡിക്കൽ ക്യാമ്പിലൂടെ സുവിശേഷം അറിയിക്കുന്നതിനു അവസരം ലഭിക്കേണതിനായി പ്രാർത്ഥിക്കുക.

## മാർച്ച്
## 13
## വ്യാഴം

**ജന്മദിനാശംസകൾ**

ഹുത്തോയ് അച്ചുമി കെ,
യേശു പ്രകാശ് ജെ

## ജാർഖണ്ഡ്

**ജമ & മഹാറോ ഹോസ്റ്റൽ**

**മുന്ന മൊഹന്തിയാർ & സുമിതദാസ്**

തുമ്പർപാന്ത്, തുത്താലി, ഡോമനാദി എന്നീ ഗ്രാമങ്ങളിൽ ദൈവകൃപയാൽ പുതിയ ആരാധനക്കൂട്ടങ്ങൾ രൂപീകരിച്ചു. രണ്ടു സ്ഥലത്ത് ആത്മാക്കളെ ആദായപ്പെടുത്തുന്നവർക്കായുള്ള പരിശീലനം സംഘടിപ്പിച്ചു.

ആത്മാക്കളെ ആദായപ്പെടുത്തുന്നവർക്കായി നടത്തിയ പരിശീലന ക്യാമ്പിൽ പങ്കെടുത്തു തീരുമാനം എടുത്ത സഭാമൂപ്പനന്മാരും വിശ്വാസികളും വിശ്വസ്തതയോടെ തങ്ങളടെ ഗ്രാമങ്ങളിലുള്ളവരോടു സുവിശേഷം പങ്കുവെക്കേണ്ടതിനായി പ്രാർത്ഥിക്കുക. ജോലി തേടി മറ്റു സ്ഥലങ്ങളിലേക്കു കുടിയേറി പോയ വിശ്വാസികൾ വിശ്വാസത്തിൽ ഉറച്ചു നിൽക്കേണ്ടതിനായി പ്രാർത്ഥിക്കുക. പക്ഷാഘാതത്താൽ കഷ്ടപ്പെടുന്ന റാംദാൻ സൊറന്റെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക.

**ലാൽമട്ടിയ**

**അമരേന്ദ്രൻ & ഗൗരമ്മ**

പുതിയ ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. പൈശാചിക ബന്ധനത്തിൽ നിന്നും ജസ്സിക്ക വിടുതൽ പ്രാപിച്ചു. ആശുപത്രിയിൽ രോഗികളെ സന്ദർശിച്ചു അവരോടു സുവിശേഷം പങ്കുവെച്ചു പ്രാർത്ഥിക്കുവാൻ ദൈവം കൃപ നൽകി.

യേശുവിലുള്ള വിശ്വാസം പരസ്യമായി ഏറ്റു പറയുന്നതിനു തയ്യാറെടുത്ത വിശ്വാസികളിൽ ചിലർ - പൽഗോമി ഗ്രാമത്തിലെ തലബാബു ബെസ്തി, കാദര ഗ്രാമത്തിലെ പ്രീയ ഹസ്താക്, തലഗായ് ഗ്രാമത്തിലെ തലബാബു - നിര്യാതരായി. അതിനാൽ ഗ്രാമത്തിലുള്ളവർ വിശ്വാസം ത്യജിക്കുവാൻ നമ്മുടെ വിശ്വാസികളെ നിർബന്ധിക്കുന്നു. അവർ വിശ്വാസത്തിൽ ഉറച്ചു നിൽക്കേണതിനും തങ്ങളുടെ വിശ്വാസം പരസ്യമായി പ്രഖ്യാപിക്കേണ്ടതിനുമായി പ്രാർത്ഥിക്കുക. കാൻസർ രോഗത്തിൽ നിന്നും സലോമി വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

**അമലഗാച്ചി : ഗജൻ ചമ്പ്രമേരി & റോഷില മാച്ചഹാരി**

ദലൈപൂർ ഗ്രാമത്തിൽ രാത്രി യോഗം വിപുലമായ രീതിയിൽ സംഘടിപ്പിച്ചു. ഏകദേശം 350 വ്യക്തികൾ ഈ യോഗത്തിൽ സംബന്ധിച്ചു സുവിശേഷം ശ്രവിച്ചു. വഴി തെറ്റി പോയതിനാൽ പുതിയ ഗ്രാമത്തിൽ സുവിശേഷം അറിയിക്കുവാൻ അവസരം ലഭിച്ചു.

ബാഗർപൂർ, ദലൈപൂർ എന്നീ ഗ്രാമങ്ങളിൽ വിതെച്ച സുവിശേഷത്തിന്റെ വിത്തു ഫലം കായ്ക്കേണ്ടതിനായി പ്രാർത്ഥിക്കുക. സൻബഹാരി ഗ്രാമത്തിൽ പുതുതായി ആരംഭിക്കുവാൻ പദ്ധതിയിടുന്ന ആരാധനക്കൂട്ടം വേഗത്തിൽ യാഥാർത്ഥ്യമാകേണ്ടതിനായി പ്രാർത്ഥിക്കുക. സഭാമൂപ്പന്മാരും സ്വദേശ സുവിശേഷകരും ആരാധനക്കൂട്ടങ്ങളെ ഫലപ്രദവും ആത്മീകവുമായ വിധം നയിക്കുവാൻ പ്രാപ്തരാകേണ്ടതിനായി പ്രാർത്ഥിക്കുക.

മാർച്ച്
14
വെള്ളി

## ജന്മദിനാശംസകൾ

എലിസബേത്ത് ഡേവിഡ്,
വ്യാസു ബാബു എ,
വുങ് തിയാൻ ചിങ് താങ് ചിൻ ലിയാൻ,
ബീരാരി റീതാബൻ

### ഹാൻസ്ഡിഹ

**പി സെന്തിൽ കുമാർ & മുത്തുസെൽവി**

ലൂസിയ സഭയുടെ മൂപ്പൻ രോഗത്താൽ മരണവക്കിലെത്തി, വിശ്വാസികളുടെ ശ്രദ്ധയോടു കൂടിയ പ്രാർത്ഥനയാൽ ദൈവം അയാളെ സൗഖ്യമാക്കി. സഭാമൂപ്പനായ സുബ്രാമിനെ കൊല്ലുന്നതിനു ശത്രുക്കൾ തയ്യാറാക്കിയ പദ്ധതികൾ തകർന്നു പോയി. അപസ്മാര രോഗത്തിൽ നിന്നും മനോജിനു അത്ഭുത സൗഖ്യം ലഭിച്ചതിനെ തുടർന്നു കുടുംബം മുഴുവൻ യേശുവിനെ രക്ഷിതാവായി സ്വീകരിച്ചു.

ഉടനെ നടത്തുവാനുദ്ദേശിക്കുന്ന മൂന്നു ദിവസത്തെ സുവിശേഷ മേളയുടെ അനുഗ്രഹത്തിനായി പ്രാർത്ഥിക്കുക. താമസ സൗകര്യം, ഭക്ഷണം, ശൗചാലയ സൗകര്യങ്ങൾ, കുട്ടികളുടെയും യുവജനങ്ങളുടെയും പ്രത്യേക യോഗങ്ങൾ, ഗായകസംഘം, വചന ശുശ്രൂഷ നിർവഹിക്കുന്നവർ തുടങ്ങിയവയുടെ ക്രമീകരണങ്ങൾക്കായി പ്രാർത്ഥിക്കുക. അക്കവാന, ദബായ്, കമുനിയ എന്നീ ഗ്രാമങ്ങളിൽ ക്രമമായി നടത്തുന്ന ഭവന സന്ദർശനത്തിലൂടെ അവിടെ ഒരു ആരാധനക്കൂട്ടം രൂപീകരിക്കുക എന്ന ലക്ഷ്യം യാഥാർത്ഥ്യമാകേണ്ടതിനായി പ്രാർത്ഥിക്കുക.

### ബഥേൽ ബോയ്സ് ഹോസ്റ്റൽ - കൈരപാനി

**മനോജ്കുമാർ പാനി & ശാന്തനി പാനി**

ബാലഭവനത്തിലെ കുട്ടികൾ ആവേശത്തോടെ യുവജന സമ്മേളനത്തിലും ആത്മീക ആലോചന യോഗത്തിലും സംബന്ധിച്ചു. കുട്ടികൾക്കായി നടത്തിയ ഏകദിന സമ്മേളനം അനുഗ്രഹകരമായിരുന്നു. കഴിഞ്ഞ 20 ദിവസമായി ടൈഫോയ്ഡിനാൽ ഭാരപ്പെട്ട രുബിൻ മുർമ്മു പ്രാർത്ഥനയുടെ ഫലമായി സൗഖ്യം പ്രാപിച്ചു. കാതിൽ അണുബാധ ഉണ്ടായ അജയ് സൊറനും കിഷോൻ സൊറനും സൗഖ്യം പ്രാപിച്ചു.

കോളജിൽ അവസാന വർഷ പരീക്ഷ എഴുതുന്ന ബർന്നബാസ്, ജറേഷ് എന്നീവർക്കു ദൈവീക പരിജ്ഞാനം ലഭിച്ചു പരീക്ഷ നല്ലവണ്ണം എഴുതേണ്ടതിനായി പ്രാർത്ഥിക്കുക. അവർത്തിച്ചുള്ള ജലക്ഷാമത്തിനും ജനറേറ്ററിന്റെ തകരാറുകൾക്കും പരിഹാരം ഉണ്ടാകേണ്ടതിനായി പ്രാർത്ഥിക്കുക. കോളജ് ഹോസ്റ്റലുകളിൽ താമസിച്ചു പഠിക്കുന്ന നമ്മുടെ വിദ്യാർത്ഥികൾ സാക്ഷ്യമുള്ള ജീവിതം നയിക്കേണ്ടതിനായി പ്രാർത്ഥിക്കുക. കാലിൽ നീർവീക്കമുണ്ടായ വില്യം ടുഡു, അപസ്മാര രോഗികളായ ദാനിയേൽ സൊറൻ, ബസ്രം, രോഗ പ്രയാസത്താൽ വലയുന്ന ശൈലേഷ്, ജയിംസ് മാറാണ്ടി ഫംഗസ് ബാധയാൽ ഭാരപ്പെടുന്ന ശിമോൻ ബസ്കി എന്നിവരുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. നമ്മുടെ ബാലഭവനത്തിലെ പ്രവർത്തകർക്കു നല്ല ആരോഗ്യവും ജ്ഞാനവും ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

## മാർച്ച് 15 ശനി

### ജന്മദിനാശംസകൾ

അരുണ കിങ്സ്ലി, സ്റ്റാലിൻ ജീവ എൻ,
പരൻ ജോതി ലൂസിന സുബ്രമണ്യൻ,
എയ്ഞ്ചലീൻ വാസന്തി ഇളങ്കോവൻ,
ഹിൽജാം കെന്നടി സിങ്,
രാജൻ എസ്, ഷൈല ഹൻസ്താക്

### ഭഗയ്യ

**പി. ജപകുമാർ & പൊൻലത ജെ**

പൈശാചിക ബന്ധനത്തിൽ നിന്നും സർഗുൺ പ്രാർത്ഥനയിലൂടെ പൂർണ്ണ വിടുതൽ പ്രാപിച്ചു. അതികഠിനമായ ശൈത്യത്തിൽ നിന്നും നമ്മുടെ മിഷനറിമാരെയും വിശ്വാസികളെയും ദൈവം പരിപാലിച്ചു. നമ്മുടെ മിഷനറി മോട്ടർ സൈക്കിൾ അപകടത്തിൽ വീണെങ്കിലും ദൈവം അത്ഭുതകരമായി വിടുവിച്ചു.

തലയിൽ ട്യൂമർ ബാധിച്ച രണ്ടു വയസ്സുള്ള എസ്ഥേറിനെ ആശുപത്രിയിൽ പ്രവേശിപ്പിച്ചിരിക്കുന്നു. ദൈവം കരുണ ചെയ്തു അവളെ സൗഖ്യമാക്കേണ്ടതിനായി പ്രാർത്ഥിക്കുക. ചികിത്സക്കാവശ്യമായ പണം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. സുവിശേഷത്തോടു താൽപര്യം കാണിക്കുന്ന ദോലാത്പൂർ ഗ്രാമത്തിലെ ബജരംകി യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. കാൺപൂർ, ശ്രിപൂർ, പതാർഗിരി, നാദി, കുമാർദോ എന്നീ ഗ്രാമങ്ങളിൽ ആരാധനക്കൂട്ടം ആരംഭിക്കുവാൻ ദൈവം കൃപ നൽകി. മസൂരിയ ഗ്രാമത്തിൽ ദൈവാലയം നിർമ്മിക്കുന്നതിനു എടുക്കുന്ന ഉദ്യമങ്ങൾ വിജയിക്കേണ്ടതിനായി പ്രാർത്ഥിക്കുക. വിശ്വാസികളായ രക്ഷിതാക്കളും അവരുടെ യൗവ്വനക്കാരായ മക്കളും വിശുദ്ധ വിവാഹ ജീവിതത്തിന്റെ പവിത്രത മനസ്സിലാക്കി വിശുദ്ധ ജീവിതം നയിക്കുന്നതിനു തങ്ങളെ സമർപ്പിക്കേണ്ടതിനായി പ്രാർത്ഥിക്കുക. സുവിശേഷത്തെ എതിർക്കുന്ന മുനിലാൽ, ഡോമ, ജഗദീഷ്, ശങ്കർ, ചോട്ടലാൽ, മധു ഒറാവൻ എന്നിവരുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക.

### ലിട്ടിപാട

**എബനേസർ ശാമുവേൽ & മെയ്ബൽ**

അഞ്ചു ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. രോഹൻഘാട്ടിലെ നമ്മുടെ സഭാ മുപ്പൻ സക്കൽഭായിയുടെ ഭാര്യയുടെ പ്രസവ സമയത്തു ദൈവം അത്ഭുതകരമായ വിടുതൽ നൽകി. കുടുംബത്തിലെ പ്രശ്നങ്ങൾ നിമിത്തം വിഷാദത്തിലായിരുന്ന മൂൻഷി മാറാണ്ടിയെ ദൈവം സൗഖ്യമാക്കി. അവൻ കുടുബത്തോടൊപ്പം സമാധാന ജീവിതം നയിക്കുന്നു.

വിശ്വാസികളുടെ ക്യാമ്പ്, വേദപഠനക്കൂട്ടം, സഭാ മൂപ്പന്മാരുടെ പരിശീലന ക്യാമ്പ് എന്നിവ അനുഗ്രഹകരമായി സംഘടിപ്പിക്കേണ്ടതിനായി പ്രാർത്ഥിക്കുക. കടടോള ഗ്രാമത്തിലെ സഭാ മൂപ്പന്റെ ഭാര്യയുടെ സുഖ പ്രസവത്തിനായി പ്രാർത്ഥിക്കുക. ഉടനെ നടത്തുവാനുദ്ദേശിക്കുന്ന വിശ്വാസികളുടെ സുവിശേഷ മേള തടസ്സങ്ങളില്ലാതെ നടത്തേണ്ടതിനായി പ്രാർത്ഥിക്കുക. ജഗദീശ്വർ, സാമ്പൂർ, സഹെൽ◌, തഗരങ്കി എന്നീ ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിക്കേണ്ടതിനും ഈ ഗ്രാമങ്ങളിൽ ആരാധനക്കൂട്ടം ഉരുവാകേണ്ടതിനുമായി പ്രാർത്ഥിക്കുക.

മാർച്ച്
16
ഞായർ

## ജന്മദിനാശംസകൾ

യെക്ടോ ചോപ്പി,
അഗസ് ഏബനേസർ എഡ്വേർഡ് ജപസിങ്,
അനിമോൾ ജോൺ കുമാർ
ഷെഫാലി ഹൻസ്ത

## തീൻപഹാട്

### നെഹമ്യാവ് & അനാമിക

പുരുഷന്മാരുടെ ആത്മീകാഭിവൃദ്ധി ലക്ഷ്യമിട്ടു പുരുഷന്മാരുടെ കൂട്ടായ്മ ആരംഭിച്ചു. ജോലിക്കായി ഹൈദ്രബാദിലേക്കു പോയ ഛത്തിലാലിനു ദേഹാസ്വാസ്ഥ്യം നേരിട്ടു. പ്രാർത്ഥനയാൽ അവൻ സൗഖ്യം പ്രാപിച്ചു. യുവജന കൂട്ടായ്മയുടെ പരിശ്രമത്താൽ യുവതി യുവാക്കന്മാരുടെ ഒരു സംഘം പശ്ചിമ ബംഗാളിൽ പോയി സുവിശേഷം പങ്കുവെച്ചു. ഈ യൗവ്വനക്കാരുടെ കൂട്ടം മറ്റു സഭകളിലെ യൗവ്വനക്കാർക്കു മാതൃകയാകേണ്ടതിനും കൂടുതൽ യൗവ്വനക്കാരെ ദൈവവേല ചെയ്യുവാൻ ഉത്സാഹിപ്പിക്കേണ്ടതിനുമായി പ്രാർത്ഥിക്കുക.

പിതാവിന്റെ വേർപാടിനെ തുടർന്നു രാംദേവ് മുണ്ടക്കു ആരാധനാലയത്തിൽ വരുന്നതിനുള്ള താൽപര്യം നഷ്ടപ്പെട്ടു. അവൻ ക്രിസ്തുവിൽ പ്രത്യാശയുള്ളവനായി ദൈവാലയത്തിലേക്കു കടന്നു വരേണ്ടതിനായി പ്രാർത്ഥിക്കുക. രണ്ടു നവജാത ശിശുക്കളെ നഷ്ടപ്പെട്ടു നിരാശിതനായ ടിനുവിനു ദൈവീക ആശ്വാസം ലഭിക്കേണതിനും ഈ പ്രതിസന്ധിയിൽ നിന്നും കരകയറേണ്ടതിനുമായി പ്രാർത്ഥിക്കുക. മിഥിലേഷ് ദൊപ്പു, ഗുഡുവ മുണ്ട, ജൂലി കുമാരി, നിരഞ്ജൻ ദൊപ്പു, മണ്ഡൽ മുണ്ട എന്നിവർ ആത്മീക വളർച്ച പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. സർക്കാരിനു ഭൂമി കടമായി നൽകിയ വിശ്വാസികൾക്കു അർഹമായ ആനുകൂല്യങ്ങൾ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

# പശ്ചിമ ബംഗാൾ

## സാംസി

### ദീപാർത്ഥന & മിഥിലേഷ്

ഫിലിം ശുശ്രൂഷ, സുവിശേഷീകരണ യജ്ഞം, രാത്രിയോഗം എന്നിവ വിഘ്നങ്ങളില്ലാതെ അനുഗ്രഹകരമായി സംഘടിപ്പിച്ചു. ഗുഷാഹ ഗ്രാമത്തിൽ ഞയാറാഴ്ച ആരാധന ആരംഭിച്ചു. ദക്ഷിൻ സാഗർ ഗ്രാമത്തിലെ ദൈവാലയ നിർമ്മാണം പൂർത്തീകരിച്ചു. മദ്യാസക്തിയിൽ നിന്നും ദാലു ഹസ്തയുടെ ഭാര്യ വിടുതൽ പ്രാപിച്ചു.

സുവിശേഷ പ്രഘോഷണത്തിൽ സഭാമൂപ്പന്മാരുടെ കുടുംബവും സുവിശേഷകരുടെ കുടുംബവും തീഷ്ണതയോടെ പങ്കെടുക്കേണ്ടതിനായി പ്രാർത്ഥിക്കുക. ജിത്താൽപൂർ ബജിത്പൂർ എന്നീ ഗ്രാമങ്ങളിൽ താൽക്കാലിക ദൈവാലയം പണിയേണ്ടതിനായി പ്രാർത്ഥിക്കുക. ഗുഷാഹ ഗ്രാമത്തിലെ നാരായൺ മുർമ്മു, ചോടെ മുർമ്മു, മുകേഷ് മുർമ്മു, അനിൽ കിസ്കു, ബാബുജി കിസ്കു, മാണിക് മുർമ്മു, ഒദമ്പുഗരി ഗ്രാമത്തിലെ മങ്കലു ഹസ്ത എന്നിവരുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക. സുവിശേഷത്തെ എതിർക്കുന്ന ടാഗോർ കിസ്കു, മിഥുൻ ഹസ്ത, ലാലു സൊറൻ, സുനിൽ കിസ്കു, മജ്ജു കിസ്കു എന്നിവർ മാനസാന്തരപ്പെട്ടു യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

**മാർച്ച്**

**17**

**തിങ്കൾ**

## ജന്മദിനാശംസകൾ

സെൽവരാജ് എ,
സവിത ദേവി

### പക്കുവഹാട്

**രാമകൃഷ്ണ &**
**അഞ്ജലി ദേവി ബന്തുമില്ലി**

അപസ്മാര രോഗത്താൽ വലഞ്ഞ കോമാലി ഹസ്തയെ കർത്താവ് സൗഖ്യമാക്കി. പ്രിസ്തി മുർമ്മുവും അസ്ത മുനിയും തങ്ങളുടെ വിദ്യാഭ്യാസം തുടരുന്നു. ഗർഭസ്ഥ ശിശു നഷ്ടപ്പെട്ടതിനെ തുടർന്നു മാരകമായി തകർന്നു പോയ കൽപന പ്രാർത്ഥന യിലൂടെ ആരോഗ്യം വീണ്ടെടുത്തു. യുവജനങ്ങളുടെ ഇടയിലെ ശുശ്രൂഷയിൽ പങ്കെടുത്ത വിശ്വനാഥ ടുഡു പൂർണ്ണ സമയ സുവിശേഷ വേലക്കായി തന്നെ സമർപ്പിച്ചു. പിസുഗ ഹസ്തയുടെ കാണാതെ പോയ മകൻ പ്രാർത്ഥനയെ തുടർന്നു സുരക്ഷിത നായി ഭവനത്തിൽ തിരികെ വന്നു.

സുവിശേഷത്തെ എതിർക്കുന്ന ജെയ്ൻ മുർമ്മു, ലാറ്റർ മുർമ്മു, സിബു ടുഡു, മഹാജോൺ ഹസ്ത എന്നിവരുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക. മറ്റു സ്ഥലങ്ങളിൽ കുടിയേറ്റ തൊഴിലാളികളായി പോയ വിശ്വാസികളുടെ സുരക്ഷിതത്വത്തി നായി പ്രാർത്ഥിക്കുക. നമ്മുടെ സ്വദേശ സുവിശേഷകരായ ശീമോൻ കിസ്കു, ജിത്ത ഹെബ്രം എന്നിവരുടെ സുരക്ഷിതത്വത്തിനും ദൈവീക ബല ത്തിനുമായി പ്രാർത്ഥിക്കുക.

### താപാൻ

**ഹരമോഹൻ പ്രഭുദാസ് നായക് &**
**കുമാരി സുസമ പാനി**

പനിയും ചുമയും നിമിത്തം അൻഡോൽ ഗ്രാമത്തിലെ 11 വയസ്സുള്ള അമിത് സൊറൻ ഒരു രാത്രിയിൽ അബോധാവസ്ഥയിലായി. വിശ്വാസികൾ ആ രാത്രി മുഴുവൻ അവനു വേണ്ടി പ്രാർത്ഥിച്ചു. ദൈവം അവരുടെ പ്രാർത്ഥന കേട്ടു അടുത്ത പ്രഭാതത്തിൽ അമിത് പൂർണ്ണ ആരോഗ്യത്തോടെ എഴുന്നേറ്റു. മൂക്കിലൂടെ രക്തം വന്ന ജയ് ദേവ് മുർമ്മുവിനെ കർത്താവ് സൗഖ്യമാക്കി. നമ്മുടെ വിശ്വാസി ഡെബു സൊറന്റെ ശവസംസ്കാരം നടത്തുവാൻ ഗ്രാമത്തിൽ ഒരാളും തയ്യാറാകാതിരുന്നപ്പോൾ ഗ്രാമത്തല വന്റെ ഉള്ളത്തിൽ ദൈവം പ്രവർത്തിച്ചു. ഗ്രാമത്തിലുള്ളവരുടെ സഹായത്തോടെ ശവം സംസ്കരിക്കുവാൻ തയ്യാറായി മുന്നോട്ടു വന്നു. പ്രധാന മന്ത്രിയുടെ ഭവന നിർമ്മാണ പദ്ധതയിലൂടെ നമ്മുടെ അനേക വിശ്വാസികൾക്കു ഭവനം ലഭിച്ചു.

വിഷാദ രോഗിയായ പൂജ ടുഡുവിന്റെയും ക്ഷയ രോഗിയായ ദുർഗ്ഗ മുർമ്മുവിന്റെയും പലവിധ ശരീരിക പ്രയാസത്താൽ വലയുന്ന വിൽമുനി യുടെയും മസ്തിഷ്ക സംബന്ധമായ രോഗത്താൽ കഷ്ടപ്പെടുന്ന പുൾമുനി മാറാണ്ടിയുടെയും ശ്വസന സംബ ന്ധമായ രോഗത്താൽ കഷ്ടപ്പെടുന്ന ബ ാസന്തി ഹെബ്രത്തിന്റെയും അമിത രക്ത സമ്മർദ്ദത്താൽ വലയുന്ന സോനോടി ടുഡുവിന്റെയും സൗഖ്യത്തിനായി പ്രാർ ത്ഥിക്കുക. സുവിശേഷ വേലക്കായി സമർപ്പിച്ച യൗവ്വനക്കാർ പരിശുദ്ധാ ത്മാവിന്റെ സഹയാത്തോടെ സാക്ഷ്യ മുള്ള ജീവിതം നയിക്കേണ്ടതിനായി പ്രാർ ത്ഥിക്കുക.

മാർച്ച്
18
ചൊവ്വ

### ജന്മദിനാശംസകൾ

ഇന്ദിരമ്മ ദാനിയേൽ വിജയരാജ്

### ഇതഹാർ

**അഷ്ടബൻ ആദിത്യ കുമാർ ലിമ & മാനിനി അദീത്യ**

പ്രധാനമന്ത്രിയുടെ ഭവന നിർമ്മാണ പദ്ധതി പ്രകാരം നമ്മുടെ പത്തു വിശ്വാസികൾക്കു ഭവനം ലഭിച്ചു. പ്രാദേശിക സുവിശേഷകരുടെ പരിശീലന പ്രോഗ്രാം വിജയകരമായി നടത്തി.

പുതിയ വിശ്വാസികൾ ആനന്ദത്തോടെ ആത്മീക ജീവിതം നയിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ക്ഷയ രോഗിയായ പൂരൻ ടുഡുവിന്റെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. അനേക നാളുകളായി പുറം വേദനയാൽ കഷ്ടപ്പെടുന്ന ലൂഥർ ഹെബ്രം, വിം സൊറൻ എന്നിവരുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക.

### കരന്തിഹി

**കൈത്തിഗിൻവായ്ഫെയ്**

കിസങ്ഗഞ്ച് പ്രദേശത്തെ ശുശ്രൂഷ വിപുലപ്പെടുത്തി. പഞ്ഞിപ്പാറയിൽ സുവിശേഷം പ്രഘോഷിച്ചു. ഗുന്ദർഗാവ് ഗ്രാമത്തിലെ വിശ്വാസികൾ ആരാധന യോഗം നടത്തുന്നതിനായി അവരുടെ പരിശ്രമത്താൽ താൽക്കാലിക ദൈവാലയം പണിതു. അനേക നാളുകളായി നടക്കുവാൻ കഴിയാതെ ബുദ്ധിമുട്ടിയ ഗുണാർഗാവ് ഗ്രാമത്തിലെ സൃഷ്ടി കിസ്കു വിശ്വാസത്തോടു കൂടിയ പ്രാർത്ഥനയാൽ നടക്കുവാൻ തുടങ്ങി.

പിന്മാറ്റ ജീവിതം നയിക്കുന്ന ഹയെപാൻ ഹസ്ത, സിബു ബസ്കി എന്നിവർ വിശ്വാസത്തിലേക്കു തിരികെ വരേണ്ടതിനായി പ്രാർത്ഥിക്കുക സുവിശേഷത്തെ എതിർക്കുന്ന വിജയ് മഗദോ, പബ്ലു മുർമ്മു എന്നിവർ മാനസാന്തരപ്പെട്ടു യേശുവിന്റെ സ്നേഹം രുചിച്ചറിയേണ്ടതിനായി പ്രാർത്ഥിക്കുക. ഉൽക്കാത്ത്, സത്നിക്കുട്ടു എന്നീ ഗ്രാമങ്ങളിലെ ആരാധന തടസ്സമില്ലാതെ പുനരാരംഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### ബാലുഘാട്

**കിങ്സ്ലി ലിവിങ്സ്റ്റൺ & ഡെൽഫിൻ; രജ്ജൻ കസാല**

സഭാമുപ്പന്മാരുടെ ക്യാമ്പ് വിജയകരമായി നടത്തി. ഒമ്പതു ഗ്രാമങ്ങളിൽ അനുധാവന പ്രവർത്തനം നടത്തി. എല്ലാ ആരാധനക്കൂട്ടങ്ങളിലും വേദപഠന ക്ലാസ്സുകൾ വിഘ്നമില്ലാതെ നടക്കുന്നു. ചെറുപൈതങ്ങളെ ദൈവവചനത്തിൽ പരിപോഷിപ്പിക്കുന്നതിനായി സണ്ടെസ്കൂളും ഭംഗിയായി നടക്കുന്നു.

സുവിശേഷം ശ്രവിച്ച തെത്കേട്ടാല, സക്കാറിയ, അമൃത്പൂർ, ബല്ല എന്നീ ഗ്രാമങ്ങളിലുള്ളവരുടെ ഉള്ളിൽ ദൈവാത്മാവ് പ്രവർത്തിക്കേണ്ടതിനും സത്യ ദൈവത്തെ അവർ അറിയേണ്ടതിനുമായി പ്രാർത്ഥിക്കുക. സഭാമൂപ്പന്മാരായ സുശീൽ ഹസ്താക്, അമിൻ ഹസ്കു, രോഹൻ മുർമ്മു, സാം കിസ്കു എന്നിവർ ആത്മീക വളർച്ച പ്രാപിച്ച് അവരുടെ ആരാധനക്കൂട്ടത്തെ ആത്മീകമായി പരിപോഷിപ്പിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഈ മാസം നടത്തുവാനുദ്ദേശിക്കുന്ന പ്രോഗ്രാമുകളുടെ അനുഗ്രഹത്തിനായി പ്രാർത്ഥിക്കുക.

**മാർച്ച്**
**19**
**ബുധൻ**

ഉപവാസ പ്രാർത്ഥന ദിനം

## ജന്മദിനാശംസകൾ

രേണുമ സാദങ്കി ദീപ്തിലാൽ മാലി, ഡെൽഫിൻ കിങ്സ്ലി ലിവിങ്സ്റ്റൺ

## ഒഡിഷ

### ജഗനാഥപൂർ : ബസുദിയോ മാൾട്ടോ & ബാസന്തി മാൾട്ടോ; സുരേഷ് മാൾട്ടോ

പുതിയ ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. യുവജനങ്ങളെ കൂട്ടിക്കൊണ്ടു ഉല്ലാസ യാത്ര നടത്തി അവർക്കു ആത്മീക പരിപോഷണവും ആലോചനയും നൽകി. ബരംജമ്ട ഗ്രാമത്തിൽ അതിശയകരമാം വിധം യുവജനങ്ങൾക്കായി ഒരു പരിശീലന കേന്ദ്രം നിർമ്മിച്ചു. ബിർജോം ജാതിക്കൂട്ടങ്ങളുടെ ഇടയിൽ ഒരു പ്രാർത്ഥനക്കൂട്ടം ആരംഭിച്ചു.

സുവിശേഷം പ്രഘോഷിച്ച മാനഗിസൈ, ഗുമിർദ, കുമാർദുങ്കി എന്നീ ഗ്രാമങ്ങളിലുള്ളവരുടെ ഹൃദയങ്ങളിൽ ദൈവം പ്രവർത്തിക്കേണ്ടതിനായി പ്രാർത്ഥിക്കുക. അപസ്മാര രോഗത്താൽ കഷ്ടപ്പെടുന്ന സുഖിലാൽ ലാഹോരി, ഭഗവാൻ ലാഹോരി, കോത്തിറാം ലാഹോരി എന്നിവരുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. തളർവാതത്താൽ കഷ്ടപ്പെടുന്ന ഗുരുബരിയുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. ഉടനെ നടത്തുവാനുദ്ദേശിക്കുന്ന ആത്മാക്കളെ നേടുന്നവരുടെ പരിശീലന ക്യാമ്പ്, പ്രാദേശിക സുവിശേഷകരുടെ കുടുംബ സംഗമം എന്നിവയുടെ അനുഗ്രഹത്തിനായി പ്രാർത്ഥിക്കുക. വിശ്വാസികളുടെ ആത്മീക വളർച്ചക്കായി ആരംഭിച്ച വേദപഠന ക്ലാസ്സും പ്രാർത്ഥനക്കൂട്ടങ്ങളും നല്ല രീതിയിൽ നടക്കേണ്ടതിനായി പ്രാർത്ഥിക്കുക.

## ഗുജറാത്ത്

### സെളംമ്പ

### യുവനേശ് & ഝാൻസി റാണി

വിവാഹം കഴിഞ്ഞ് അനവധി വർഷങ്ങൾ മക്കളില്ലാതെ ഭാരപ്പെട്ട തകംസ ബന്നിനു ഒരു ആൺ പൈതലിനെ നൽകി ദൈവം അനുഗ്രഹിച്ചു. രണ്ടു സ്ഥലങ്ങളിൽ സ്ത്രീകളുടെ യോഗം വജയകരമായി സംഘടിപ്പിച്ചു. പക്ഷാഘാതം വന്നു നടക്കുവാൻ കഴിയാതെ ഭാരപ്പെട്ട നികിത സഭയിൽ വന്നു വിശ്വാസത്തോടു കൂടി പ്രാർത്ഥിച്ചപ്പോൾ ദൈവം അവളെ സൗഖ്യമാക്കി. വസ്തു സംബന്ധമായ തർക്കത്തിൽ നിരാശിതനായ സതീഷ് ആ പ്രശ്നം ദൈവസഭയിൽ കൊണ്ടുവന്നു പ്രാർത്ഥിച്ചു. വിഷയത്തിനു സമാധാനപരമായ തീർപ്പുണ്ടായി.

യേശുക്രിസ്തുവിലുള്ള വിശ്വാസം പരസ്യമായി ഏറ്റു പറയുന്നതിനു തയ്യാറെടുക്കുന്ന 15 പേർ വിശ്വാസത്തിൽ വളരേണ്ടതിനും ക്രിസ്തുവിലുള്ള വിശ്വാസം ധൈര്യപൂർവ്വം പ്രഖ്യാപിക്കേണ്ടതിനുമായി പ്രാർത്ഥിക്കുക. വൃക്ക സംബന്ധമായ രോഗത്താൽ വലയുന്ന ഈശ്വർ ഭായിയുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. സുവർധക്കു ദൈവഭയമുള്ള ജീവിത പങ്കാളിയെ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. നമ്മുടെ മിഷനറിമാരുടെ പത്ത്, പന്ത്രണ്ട് ക്ലാസ്സുകളിലെ ബോർഡ് പരീക്ഷ എഴുതുന്ന മക്കൾക്കായി പ്രാർത്ഥിക്കുക. അവർ ഉന്നത വിജയം കരസ്ഥമാക്കേണ്ടതിനായി പ്രാർത്ഥിക്കുക.

**മാർച്ച്**
**20**
**വ്യാഴം**

## ജന്മദിനാശംസകൾ

ഡേവിഡ് പെരുമാൾ, ജോർജ് സി ആർ,
പുഷ്പിത ബഞ്ചമിൻ ബഹ്റ,
ജ്ഞാന സെൽവറാണി സ്റ്റാലിൻ ജീവ,
ബിമൽ ചന്ദ്ര മുർമ്മു,
ശമുവേൽ ബബോർത്ത

### സൂറത്ത്

**മാധവറായ് & ജപതങ്കം**

ഉമിയ നഗർ, ഗണേശ് നഗർ എന്നിവിടങ്ങളിൽ പുതിയ ആരാധനക്കൂട്ടങ്ങൾ ആരംഭിച്ചു. ദാരിദ്ര്യം നിമിത്തം കഷ്ടപ്പെട്ട പാപ്പു ബൻ, വാസന്തി ബൻ എന്നിവർക്കു അവരുടെ ഉപജീവന മാർഗ്ഗത്തിനായി ഒരു ഓട്ടോറിക്ഷ വാങ്ങുന്നതിനു ദൈവം കൃപ ചെയ്തു.

കാഴ്ച ശക്തി നഷ്ടപ്പെടുന്ന നിഷബന്നിന്റെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. പോലീസ് സേനയിൽ കയറുന്നതിനു പരീക്ഷ എഴുതിയ ഷാഹിൽ, അരിഫ്, ആരവ് എന്നിവരുടെ വിജയത്തിനായി പ്രാർത്ഥിക്കുക. വിശ്വാസത്തിൽ നിന്നും പിന്മാറിപ്പോയ ശീവാനിയും കുടുംബവും വിശ്വാസത്തിലേക്കു തിരികെ വരേണ്ടതിനായി പ്രാർത്ഥിക്കുക. ജോലി തേടി ഹൈദ്രബാദിൽ പോയ ഉമേശ്വരിയുടെ സുരക്ഷിതത്വത്തിനായി പ്രാർത്ഥിക്കുക.

### അഹ്വ : വിഘ്നേശ്വരൻ & എയ്ഞ്ചലിൻ എം

രക്തം സംബന്ധമായ രോഗത്താൽ കഷ്ടപ്പെട്ട കോമാസിയ ഗ്രാമത്തിലെ കമലേശിനെ പ്രാർത്ഥനയാൽ ദൈവം പരിപൂർണ്ണ സൗഖ്യം നൽകി. വിവാഹം കഴിഞ്ഞു അഞ്ചു വർഷമായ സുരേന്ദ്രൻ ഊർമ്മിള എന്നിവർക്കു സുന്ദരിയായ മകളെ നൽകി ദൈവം അനുഗ്രഹിച്ചു. ജന്മനാ നടക്കുവാൻ കഴിയാത്ത രവീണ ബൻ പ്രാർത്ഥനയെ തുടർന്നു സൗഖ്യം പ്രാപിച്ചു. അവൾ ഇപ്പോൾ വടിയുടെ സഹായത്താൽ നടക്കുന്നു.

ന്യൂമോണിയയാൽ ഭാരപ്പെടുന്ന മിഷനറി സഹോദരന്റെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. പുതുതായി ആരാധന യോഗത്തിൽ സംബന്ധിക്കുന്ന മോഹൻ ഭായ് നെഞ്ചു വേദനയാൽ കഷ്ടപ്പെടുന്നു സൗഖ്യത്തിനായി പ്രാർത്ഥിക്കുക. അപസ്മാര രോഗത്താൽ കഷ്ടപ്പെടുന്ന തുങ്കൽ ഗ്രാമത്തിലെ ചെറു പൈതൽ ശൈലേഷിന്റെ സൗഖ്യത്തിനായ് പ്രാർത്ഥിക്കുക.

### രക്ഷനായ ദൈവം!

മദ്ധ്യപ്രദേശിലെ ഖർഗോൺ മിഷൻ വയലിലുള്ള സെല്ലോടിയ ഗ്രാമത്തിൽ വസിക്കുന്ന 62 വയസ്സുള്ള സുശീല മാജിക്കു കർത്താവിനെ അറിയില്ലായിരുന്നു. ഭർത്താവിന്റെ വേർപാടിനു ശേഷം അവൾ തന്റെ മകളുടെ കൂടെയാണ് താമസിക്കുന്നത്. ഒരു ദിവസം അവൾ രോഗിയായി. ആശുപത്രിയിൽ പ്രവേശിപ്പിച്ചു. രക്ത പരിശോധനയിൽ അവൾക്കു എയ്ഡ്സ് രോഗമുള്ളതായി കണ്ടു. സുശീലയെ മകളുടെ ഭവനത്തിലേക്കു അയച്ചു. എന്നാൽ ഗ്രാമീണർ അവളെ ഒഴിവാക്കി. അവളെക്കുറിച്ചു അപവാദങ്ങൾ പ്രചരിപ്പിക്കുവാൻ തുടങ്ങി. അവളുടെ മരുമകൻ വിശ്വാസിയായിരുന്നു. അവൻ സുവിശേഷം പങ്കുവെച്ചു അവൾക്കു വേണ്ടി പ്രാർത്ഥിക്കുവാൻ തുടങ്ങി. ചില ദിവസങ്ങൾക്കു ശേഷം സുശീല വീണ്ടും ആശുപത്രിയിൽ പോയി രക്ത പരിശോധനയിൽ എയ്ഡ്സിന്റെ ലക്ഷണങ്ങൾ ഇല്ലെന്നു കണ്ടെത്തി. ഹല്ലേലുയ്യ! സുശീല സൗഖ്യമാക്കിയ ദൈവത്തെ വാഴ്ത്തിപാടുകയും സാക്ഷ്യം മറ്റുള്ളവരുമായി പങ്കു വെക്കുകയും ചെയ്യുന്നു.

**മാർച്ച്**

**21**

**വെള്ളി**

## ജന്മദിനാശംസകൾ

സെലീന ഹസ്താക്ക് മിർജോ കിസ്കു,
പ്രോപില്ല ബോസുമാത്രി പ്രൊദിപ് മുഷഹാരി,
ഗോവിന്ദരാജ് ഇ @ ബഞ്ചമിൻ,
ശശികല വെങ്കിടേശൻ, രാജേന്ദ്രൻ ജെ,
ഗണേഷ് ആർ

### വിജയ നഗർ

**വിജയ കുമാർ & സുശീല**

ദൈവകൃപയാൽ മൂന്നു സ്ഥലത്തു ആരാധനക്കൂട്ടങ്ങൾ ആരംഭിച്ചു. പുതുതായി നിർമ്മിച്ച സിക്രി ദൈവാലയത്തിന്റെ സമർപ്പണ ശുശ്രൂഷ നടത്തി. വലിയൊരു കൂട്ടം ആളുകൾ ഒരുമിച്ചു കൂടി ദൈവത്തെ ആരാധിക്കുകയും സമർപ്പണ ശുശ്രൂഷയിൽ പങ്കെടുക്കുകയും ചെയ്തു.

പൊഗർബോള, സമല്യബാൻവ എന്നീ ഗ്രാമങ്ങളിലെ ദൈവാലയ നിർമ്മാണം വേഗത്തിൽ പൂർത്തീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഇവിടെയുള്ള 11 സഭകളിലെ വിശ്വാസികളും ആത്മീക പക്വത പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ദുംഗ്ര ഭീൽ ജാതികളുടെയിടയിൽ ആത്മീക ഉണർവ്വ് ഉണ്ടാകേണ്ടതിനായി പ്രാർത്ഥിക്കുക. സുനിതയുടെ കഴുത്തിലുണ്ടായ ട്യൂമർ നിമിത്തം ഭക്ഷണം കഴിക്കുവാൻ കഴിയുന്നില്ല. അവളുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക.

### മെഹ്സാന: ശംഭുനാഥ് നായക് & രാജേശ്വരി പ്രധാൻ

ഇവിടെ സംഘടിപ്പിച്ച അന്വേഷക ക്യാമ്പിൽ പുദോദ ഗ്രാമത്തിലെ പർമാർ ജനവിഭാഗത്തിലുള്ള അനേകർ സംബന്ധിച്ചു താൽപര്യപൂർവ്വം സുവിശേഷം ശ്രവിച്ചു. കമർഷെവർപാർക്ക് ഗ്രാമത്തിൽ പുതിയ ആരാധനക്കൂട്ടം ആരംഭിച്ചു. ആനന്ദി, സോനാൽ എന്നിവർ വിശ്വസ്ഥതയോടെ മറ്റുള്ളവർക്കു മധ്യസ്ഥത അണയ്ക്കുന്ന ശുശ്രൂഷ തുടരുന്നു.

സുവിശേഷം ശ്രവിച്ച പർമാർ ഗ്രൂപ്പിലെ ജനങ്ങളുടെ ഇടയിൽ ആത്മീക ഉണർവ്വുണ്ടാകേണ്ടതിനായി പ്രാർത്ഥിക്കുക. രാത്രിയോഗങ്ങളിൽ പങ്കെടുക്കുന്നവർ യേശുക്രിസ്തുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ആശിഷിനും ആകാശിനും അനുയോജ്യമായ ജീവിത പങ്കാളികളെ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

## കാറ്റ് പ്രതികൂലമാണെങ്കിലും വചനം വിതെച്ചു!

ജാർഖണ്ഡിലെ അമലഗാച്ചി മിഷൻ വയലിൽ പ്രവർത്തിക്കുന്ന മിഷനറി ഗജൻ ചന്ദ്രമേരിയും കുടുംബവും വിശ്വാസികളെ കാണുന്നതിനായി ഒരു ഗ്രാമം സന്ദർശിച്ചു. ഗ്രാമത്തിലുള്ള എല്ലാവരും ജോലിക്കു പോയതിനാൽ ആരെയും കണ്ടില്ല. നിരാശിതരായ അവർ മടങ്ങിവരുന്ന വഴി തെറ്റി മറ്റൊരു ഗ്രാമത്തിൽ ചെന്നു. ആ ഗ്രാമത്തിൽ ആരെയും അവർക്കറിയില്ല. ദൈവീക വഴിനടത്തലിൽ പ്രകാരം അവർ ഒരു കുടിലിന്റെ വരാന്തയിൽ ഇരുന്ന വചനം പ്രസംഗിച്ചു. ഒരു മാതാവ്, ചെറുപ്പക്കാരനായ തന്റെ മകൻ നാരായണന്റെ ഫോട്ടോ കാണിച്ചിട്ടു പറഞ്ഞു, ഇവന്റെ വിവരം അറിഞ്ഞിട്ടു അനേകനാളുകളായി. ഇവനു വേണ്ടി പ്രാർത്ഥിക്കുവാൻ ആവശ്യപ്പെട്ടു. മിഷനറി നാരായണനു വേണ്ടി പ്രാർത്ഥിച്ചിട്ടു മടങ്ങിപ്പോന്നു. അടുത്ത ദിവസം മിഷനറിമാർക്കു വിവരം ലഭിച്ചു നാരായൺ മുംബൈയിൽ നിന്നും സുരക്ഷിതനായി ഭവനത്തിൽ തിരികെ വന്നു. ഇന്ന് ആ ഗ്രാമത്തിൽ ഒരു പ്രാർത്ഥന യോഗം നടക്കുന്നുണ്ട്. ദൈവനാമം മഹത്വപ്പെടുമാറാകട്ടെ!

മാര്‍ച്ച്
22
ശനി

**ജാവട് - സെന്റ് തോമസ് ഇംഗ്ലീഷ് സ്കൂള്‍ : ഹരിബാബു & പങ്കജം; പൊന്‍ അഗസ്റ്റിന്‍ & ജോയ്സ് ശോഭന; സതീഷ് കുമാര്‍ & ക്രിസ്റ്റി ജയന്തി; ദാനിയേല്‍ രാജാമണി എസ് & സോഫിയ; രൂത്ത് മാള്‍ട്ടോ; തങ്ങ്ബിയാക്മുയാന്‍**

ഡോ. ബ്യൂലയുടെ നേതൃത്വത്തില്‍ മെഡിക്കല്‍ ക്യാമ്പ് നടത്തി കുട്ടികള്‍ക്കു ആലോചനയും ആവശ്യമായ ചികിത്സയും നല്‍കി. നമ്മുടെ കുട്ടികളെ ജില്ലാ തലത്തിലും താലുക്ക് തലത്തിലും ഉള്ള ഹാന്‍ഡ് ബോളിന്റെയും ഫുഡ്ബോളിന്റെയും ടീമിലേക്കു തിരഞ്ഞെടുത്തു. 12-ാം ക്ലാസ്സിലെ കുട്ടികള്‍ക്കു തുടര്‍പഠനത്തിനുള്ള ആലോചന ക്ലാസ്സ് സംഘടിപ്പിച്ചു.

പത്താം ക്ലാസ്സിലെ ബോര്‍ഡ് പരീക്ഷക്കു തയ്യാറെടുക്കുന്ന 48 കുട്ടികള്‍ക്കായും 12-ാം ക്ലാസ്സിലെ ബോര്‍ഡ് പരീക്ഷക്കു തയ്യാറെടുക്കുന്ന ഒമ്പതു കുട്ടികള്‍ക്കായും പ്രാര്‍ത്ഥിക്കുക NEETപരീക്ഷക്കു തയ്യാറെടുക്കുന്ന കുട്ടികള്‍ അതില്‍ വിജയം വരിക്കേണ്ടതിനായി പ്രാര്‍ത്ഥിക്കുക. ചിക്കന്‍ പോക്സ് ബാധിച്ചു വീട്ടില്‍ പോയ കുട്ടികള്‍ വേഗത്തില്‍ സൗഖ്യം പ്രാപിച്ചു തിരികെ വന്നു സ്കൂളില്‍ പോകേണ്ടതിനായി പ്രാര്‍ത്ഥിക്കുക. കുട്ടികളുടെ കളിക്കളത്തിനു ആവശ്യമായ വസ്തു ലഭിക്കേണ്ടതിനായി പ്രാര്‍ത്ഥിക്കുക. സ്കൂളില്‍ പഠിക്കുന്ന വിശ്വാസികളുടെ രണ്ടാം തലമുറ കുട്ടികളെ പഠിപ്പിക്കുവാന്‍ സമര്‍പ്പണവും സര്‍ക്കാര്‍ നിഷ്കര്‍ഷിക്കുന്ന യോഗ്യതയുമുള്ള അദ്ധ്യാപകരെ ലഭിക്കേണ്ടതിനായി പ്രാര്‍ത്ഥിക്കുക. അദ്ധ്യാപകരുടെയും മറ്റു പ്രവര്‍ത്തകരുടെയും സുരക്ഷിതത്വത്തിനായി പ്രാര്‍ത്ഥിക്കുക.

## ദാദ്ര നഗര്‍ ഹാവേലി

### ഖാന്‍വേല്‍

**അരുള്‍ ആസീര്‍ ഡി & സുഗുണ എല്‍**

നഗര്‍, ബര്‍സായ്, കിന്നോലി എന്നീ ഗ്രാമങ്ങളില്‍ നിന്നുള്ള ഏഴു കുടുംബങ്ങള്‍ വിശ്വാസത്തിലേക്കു വന്നു. രാത്രിയില്‍ വിഷപാമ്പിന്റെ പുറത്തു ചവിട്ടിയ മല്ലി ഭായിയെ ദൈവം അത്ഭുതകരമായി വിടുവിച്ചു. മോട്ടര്‍ സൈക്കിള്‍ അപകടത്തില്‍ പെട്ട കിരണ്‍ ബായ്, മാലി ഭായ് എന്നിവര്‍ പരുക്കുകളേല്‍ക്കാതെ രക്ഷപ്പെട്ടു. കരള്‍ സംബന്ധമായ രോഗത്താല്‍ വലഞ്ഞ വാന്‍ഷി ഭായിയെ കര്‍ത്താവ് സൗഖ്യമാക്കി. മിഷനറിമാരെയും സുവിശേഷകരെയും ദൈവം സുരക്ഷിതമായി പരിപാലിച്ചു.

രണ്ടു വയസ്സുള്ള സുരജിന്റെ ശരീരത്തിലുണ്ടാകുന്ന വെള്ളപാണ്ട് സൗഖ്യമാകേണ്ടതിനായി പ്രാര്‍ത്ഥിക്കുക. മരത്തില്‍ നിന്നു വീണ് ഇടുപ്പിനും കൈകള്‍ക്കും പരുക്കു പറ്റിയ ജയവന്ദ് ബന്നിന്റെ സൗഖ്യത്തിനായി പ്രാര്‍ത്ഥിക്കുക. ജീപ്പ് അപകടത്തില്‍ പരുക്കു പറ്റിയ സോന്‍ജി ഭായിയുടെ സൗഖ്യത്തിനായി പ്രാര്‍ത്ഥിക്കുക. പ്രോസ്റ്റേറ്റ് ഗ്രന്ഥിയിലെ നീര്‍വീക്കത്താല്‍ കഷ്ടപ്പെടുന്ന ജാനു ഭായിയുടെ വിടുതലിനായി പ്രാര്‍ത്ഥിക്കുക. വിശ്വാസികളുടെ ആത്മീക വളര്‍ച്ചക്കായും അവര്‍ മറ്റുള്ളവരെ ക്രിസ്തുവിങ്കലേക്കു നയിക്കേണ്ടതിനുമായി പ്രാര്‍ത്ഥിക്കുക.

**മാർച്ച്**
**23**
**ഞായർ**

**ജന്മദിനാശംസകൾ**

സുകന്തോ കുമാർ സിങ്,
നെംസാവാഹ് തങ്ലാൽ സൗ

## മഹാരാഷ്ട്ര

### സർഗണ

**റ്റി. മയിൽസ്വാമി & യേശുമണി റ്റി**

ബഹ്റ ഗ്രാമത്തിലെ ഉമേഷ് മാനസിക വിഭ്രാന്തിയിൽ കാട്ടിലൂടെ അലഞ്ഞു തിരിയുകയായിരുന്നു. അവനു വേണ്ടി ധാരാളം പൂജകൾ നടത്തിയെങ്കിലും ഒരു പ്രയോജനവും ഉണ്ടായില്ല. അവനെ ദൈവാലയത്തിൽ കൊണ്ടു വന്നു വിശ്വാസികളെല്ലാവരും കൂടിച്ചേർന്നു അവനു വേണ്ടി പ്രാർത്ഥിച്ചു. ദൈവം അവനു സമ്പൂർണ്ണ സൗഖ്യം നൽകി. ശിവപാട, ഹിരൺപൂർ എന്നീ ഗ്രാമങ്ങളിൽ പുതിയ ആരാധനക്കൂട്ടങ്ങൾ രൂപീകരിച്ചു. സണ്ടെസ്കൂൾ അദ്ധ്യാപകരുടെ പരിശീലന പ്രോഗ്രാമിൽ 32 യൗവ്വനക്കാർ സംബന്ധിച്ചു.

പുത്താർദി ഗ്രാമത്തിലെ ദൈവാലയ നിർമ്മാണം സോണിറാവ്, കെത്തു ബായി എന്നിവർ നൽകിയ കേസ് നിമിത്തം നിർത്തിവെക്കേണ്ടി വന്നു. ഇവരുടെ മാനസാന്തരത്തിനും ദൈവാലയ നിർമ്മാണം പുനരാരംഭിക്കേണ്ടതിനായും പ്രാർത്ഥിക്കുക. സുവിശേഷത്തെ ശക്തമായി എതിർക്കുന്ന കുകാന്ത്മുണ്ട ഗ്രാമത്തിലെ യശ്വന്ത് ബായിയുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക. പോറിഗവുട ഗ്രാമത്തിലെ ആരാധന നിറുത്തുന്നതിനായി എട്ടു പൂജാരികൾ ഒരുമിച്ചു ശ്രമിക്കുന്നു. അവരുടെ ശ്രമങ്ങൾ സർവ്വശക്തനായ ദൈവത്തിന്റെ മുമ്പാകെ നിർമ്മൂലമാകേണ്ടതിനായി പ്രാർത്ഥിക്കുക. ഈ പൂജാരിമാരുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക. ബാപ്ലുൻ ഗ്രാമത്തിൽ ആരാധന ആരംഭിക്കുന്നതിനു തടസ്സമായി നിൽക്കുന്ന പാണ്ടു, മനോഹർ എന്നിവരുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക.

### പിമ്പല്നെർ

**ബാലാജി നേടാലം & ജഗദ്വീശരി**

പുതിയ ഗ്രാമങ്ങളിലെ ആളുകൾ സുവിശേഷം ശ്രവിച്ചു. കാദി, പൽസാന എന്നീ ഗ്രാമങ്ങളിൽ ആഴ്ച തോറും സ്ത്രീജന യോഗം നടത്തേണ്ടതിനായി പ്രാർത്ഥിക്കുക. അസ്ഥ, മൊവാണ്ടി എന്നീ ഗ്രാമങ്ങളിൽ പുതിയ ആരാധനക്കൂട്ടങ്ങൾ ആരംഭിച്ചു. ജ്യോതിക്കു ക്ഷയം രോഗമുണ്ടെന്നു മനസ്സിലാക്കിയ ഭർത്താവ് അവളെ ഉപേക്ഷിച്ചിട്ടു പോയി. അവളുടെ നിരന്തരമായ പ്രാർത്ഥനയുടെ ഫലമായി അയാൾ അനുരഞ്ജനപ്പെട്ടു മടങ്ങിവന്നു അവളോടു ചേർന്നു ജീവിക്കുന്നു.

വിശ്വാസികളുടെ 10,12 ക്ലാസ്സുകളിലെ ബോർഡു പരീക്ഷക്കായി തയ്യാറെടുക്കുന്ന കുട്ടികൾക്കായി പ്രാർത്ഥിക്കുക. ജോറി, കനിമാന്ദി, മോഗപാട എന്നീ ഗ്രാമങ്ങളിൽ പുതിയ ആരാധനക്കൂട്ടങ്ങൾ രൂപീകരിച്ചു. രോഗാത്, കസാത്പെയർ, പഞ്ചോലി ഗ്രാമ പഞ്ചായത്ത് എന്നിവിടങ്ങളിൽ ദൈവാലയം പണിയുന്നതിനു അനുയോജ്യമായ സ്ഥലം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. വാൽവെ ഗ്രാമത്തിൽ ആരാധന നടത്തുന്നതിനു തടസ്സം നിൽക്കുന്ന ലാവി ഭായിയുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക.

മാർച്ച്
24
തിങ്കൾ

**ജന്മദിനാശംസകൾ**

നിരോല അമിർ കാന്ത് ദിഗാൽ
കെനോസ് സ്റ്റാൻലി ഇമ്പരാജ്

### നേർ

### മൂർത്തി & ഭാരതി മൂർത്തി

നമ്പൂർ, കുസുമ്പ എന്നീ ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. രണ്ടു റീജിയനുകളിൽ സ്ത്രീകളുടെ യോഗവും കുട്ടികളുടെ യോഗവും അനുഗ്രഹകരമായി നടത്തി. വസ്മാർ ഗ്രാമത്തിൽ നിർത്തിവെച്ച ആരാധന പുനരാരംഭിച്ചു.

സുവിശേഷം പുതുതായി പ്രഘോഷിച്ച ഗ്രാമങ്ങളിൽ സ്നേഹിതരെ ലഭിക്കേണ്ടതിനായും അവിടെ ആരാധനക്കൂട്ടങ്ങൾ രൂപീകരിക്കേണ്ടതിനുമായി പ്രാർത്ഥിക്കുക. വേദപഠന ക്ലാസ്സിൽ യൗവ്വനക്കാരും വിശ്വാസികളും ആവേശത്തോടും താൽപര്യത്തോടും കൂടി സംബന്ധിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഉടനെ നടത്തുവാനുദ്ദേശിക്കുന്ന സുവിശേഷികരണ വേലയുടെ അനുഗ്രഹത്തിനായി പ്രാർത്ഥിക്കുക.

### ധാദഗൗൺ

### എബനേസർ ശമുവേൽ & ജോഷ്ന ജയറാണി

കണ്ണീർ ഒഴുകുന്ന രോഗത്താൽ ദീർഘനാളായി കഷ്ടപ്പെട്ട കാദിക്ക ഗ്രാമത്തിലെ ജാമ്ലിബായി ചെയ്ത ചികിത്സകളൊന്നും ഫലം കണ്ടില്ല. ഒടുവിൽ ദൈവസന്നിധിയിൽ പ്രാർത്ഥിച്ചപ്പോൾ അവൾക്കു സൗഖ്യം ലഭിച്ചു. പൈശാചിക പോരാട്ടത്തിൽ ശരീരം ക്ഷീണിച്ചു പെട്ടെന്നു ശബ്ദം നിന്നു പോയ മൊക്രഭായിയെ വിശ്വാസികളുടെ പ്രാർത്ഥനയാൽ ദൈവം സൗഖ്യമാക്കി. ഒരാഴ്ചക്കുള്ളിൽ അവനു ശബ്ദം തിരികെ ലഭിച്ചു.

ക്ഷയ രോഗിയായ മോനീക്കയുടെയും കഴഞ്ഞ പത്തു വർഷത്തിലധികം മലത്തോടൊപ്പം രക്തം പോകുന്ന രോഹിദാസിന്റെയും സൗഖ്യത്തിനായി പ്രാർത്ഥിക്കുക. കഴുത്തിൽ ട്യൂമർ ബാധിച്ച അരവിന്ദിന്റെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക.

### ചോപ്ട &
### സങ്വി നയ ജീവൻ ഹോസ്റ്റൽ

### വസാവ ഭാങ്സിങ് മൗലിയ & മഹാലെ യമൻബൻ പോസില ഭായ്

കൈയിലെ എല്ലിൽ പൊട്ടലുണ്ടായതിനെ തുടർന്നു വീട്ടിൽ പോയ നമ്മുടെ ബാലഭവനത്തിലെ രാകേഷ് സൗഖ്യം പ്രാപിച്ചു തിരികെ വന്നു. ചോപ്ട് ഗ്രാമത്തിലെ നമ്മുടെ വിശ്വാസിയുടെ പ്രാർത്ഥന കേട്ടു മൂന്നു വർഷത്തോളം മാനസിക വിഭ്രാന്തിയിൽ കഴിഞ്ഞിരുന്ന മകനെ ദൈവം സൗഖ്യം നൽകി വിടുവിച്ചു. മഞ്ഞപിത്തത്തിൽ നിന്നും നമ്മുടെ ബാലഭവനത്തിലെ കുട്ടി സൗഖ്യം പ്രാപിച്ചു.

പത്താം ക്ലാസ്സിലെ ബോർഡു പരീക്ഷ എഴുതുന്ന കുട്ടികൾക്കായി പ്രാർത്ഥിക്കുക. കൈക്കു പൊട്ടലുണ്ടായതിനെ തുടർന്നു കഷ്ടപ്പെടുന്ന പ്രേം, ഈശ്വർ എന്നിവരുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. ത്വക്കു രോഗത്താൽ കഷ്ടപ്പെടുന്ന നമ്മുടെ വിശ്വാസിയുടെ മകന്റെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. നമ്മുടെ വിശ്വാസി സുനിലിന്റെ കുടുംബത്തിന്റെ പ്രാർത്ഥന കേട്ടു അവർക്കു തലമുറകളെ നൽകേണ്ടതിനായി പ്രാർത്ഥിക്കുക.

മാർച്ച്
25
ചൊവ്വ

## ജന്മദിനാശംസകൾ

ലമീംഗ്ഹോയി സൗ

### ഇഗത്പുരി : നാഗാർജുൻ എം & തിലകവതി ആർ

ജവത്കുർത്ത ഗ്രാമത്തിലെ നമ്മുടെ വിശ്വാസിയായ ഹരിബന്ധുവിനെ സ്വന്തം കാള ആക്രമിച്ചു. വലിയ അപകടം സംഭവിക്കാതെ ദൈവം അവനെ പരിപാലിച്ചു. ആത്മഹത്യ ചിന്തയാൽ കഷ്ടപ്പെട്ട സോനാലിയെ സജ്ജൈയുടെ വിശ്വാസത്തോടു കൂടിയ പ്രാർത്ഥനയാൽ ദൈവം വിടുവിച്ചു.

ഭർത്താവ് ആത്മഹത്യ ചെയ്തതിനെ തുടർന്നു വനിത യോഗേഷ് ഭയത്തിലും പൈശാചിക ബന്ധനത്തിലും അകപ്പെട്ടു തന്റെ രണ്ടു മക്കളെയും ഉപേക്ഷിച്ചു. ഇവളെ ദൈവം തൊട്ടു സൗഖ്യമാക്കേണ്ടതിനായി പ്രാർത്ഥിക്കുക. നമ്മുടെ പുതിയ വിശ്വാസിയായ നന്ദിനിയുടെ മരുമകൾ കഠിനമായ ഉദര വേദനയാൽ കഷ്ടപ്പെടുന്നു. ദിവ്യ സൗഖ്യം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. രക്താർബുദത്താൽ വലയുന്ന ശാലിനിയുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. വിശ്വാസികളിൽ ആശയക്കുഴപ്പം ഉണ്ടാക്കുന്ന ദുരുപദേശക സമൂഹത്തിൽ നിന്നും വിശ്വാസികൾ സുരക്ഷതരായിരിക്കേണതിനും അവർ സത്യ സുവിശേഷത്തെ മുറുകെ പിടിക്കേണ്ടതിനുമായി പ്രാർത്ഥിക്കുക. സുവിശേഷവേലയെ എതിർക്കുന്ന ഡാമ്നി, അതെർവാടി, ജനവാനിവാടി എന്നീ ഗ്രാമങ്ങളിലെ ഗ്രാമത്തലവന്മാരായ ഗൗതം, ബന്ധുരാഗ് എന്നിവരുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക.

### ചാലീസ് ഗൗൺ

### യേശു പ്രകാശ് & സുനന്ദ ബല്ലി

ബന്ദുഗാവ്, വക്കുദ, ബോനാദി, ബാൻസി എന്നീ ഗ്രാമങ്ങളിൽ അനുധാവന പ്രവർത്തനം നടത്തി. രോഗത്താൽ ശയ്യാവലംബനായ ഗൗദം ബഹൽ പ്രാർത്ഥനയാൽ എഴുന്നേറ്റിരുന്നു ഭക്ഷണം കഴിക്കുവാൻ സാധിക്കുന്നു.

രക്തസമ്മർദ്ദത്താൽ കഷ്ടപ്പെടുന്ന മിഷനറിയുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. മൈഗ്രേൻ തലവേദനയാൽ രേഖ ബന്നിനു ജോലി ഒന്നും ചെയ്യുവാൻ കഴിയുന്നില്ല, സൗഖ്യത്തിനായി പ്രാർത്ഥിക്കുക. ജുലാൽ, സിന്ധു എന്നിവർ മദ്യപിച്ച് വിട്ടിൽ വഴക്കുണ്ടാക്കുന്നു. ഈ ദുഷിച്ച സ്വഭാവത്തിൽ നിന്നും ഇവർ മുക്തരായി യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### അക്കൽകുവ

### ജഗമോഹൻ സിങ് & സ്വാതി ശർമ്മ

എട്ടു ഗ്രാമങ്ങളിൽ അനുധാവന പ്രവർത്തനം നടത്തി. എഴു ആരാധനക്കൂട്ടങ്ങളിൽ ഉപവാസ പ്രാർത്ഥനകൾ നടത്തി. വിശ്വാസികൾ ആവേശത്തോടെ പ്രാർത്ഥന യോഗത്തിൽ സംബന്ധിച്ചു സ്വന്ത ഗ്രാമത്തിലുള്ളവരുടെ മാനസന്തരത്തിനായി പ്രാർത്ഥിച്ചു.

മൂത്രാശയ സംബന്ധമായ പ്രയാസം അനുഭവിക്കുന്ന ടിച്ചു ബായിയുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. ക്ഷയ രോഗിയായ സുനന്തയുടെയും വയറിളക്കത്തിനാലും ശർദ്ദിലിനാലും കഷ്ടപ്പെടുന്ന റജി ഭായിയുടെയും സൗഖ്യത്തിനായി പ്രാർത്ഥിക്കുക. വീടു പണി ആരംഭിച്ച ഉഷക്കു സർക്കാരിൽ നിന്നു എല്ലാ ആനുകൂല്യങ്ങളും ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

മാർച്ച്
26
ബുധൻ

ഉപവാസ പ്രാർത്ഥന ദിനം

**ജന്മദിനാശംസകൾ**

ജേക്കബ് ജ്ഞാനപണ്ഡിതൻ എം
മറിയ സെൽവി ധർമ്മരാജ്
ആൽബർട്ട് സന്തോഷ് രാജ് ജെ,
ചിങ് നെയ് സീയാൻ

**ബോയ്സർ : ബസന്ത ഗുരു**

ലഘുലേഖ വിതരണം നടത്തി. ഇവിടെ ദേശത്തിന്റെ വിടുതലിനായി നടത്തിയ മൂന്നു ദിവസ ഉപവാസ പ്രാർത്ഥനയിൽ അനേകർ പങ്കെടുത്തു അനുഗ്രഹം പ്രാപിച്ചു. വിവാഹം കഴിഞ്ഞു 12 വർഷത്തോളം മക്കളില്ലാതെ ഭാരപ്പെട്ട പസുലബന്നിനു പ്രാർത്ഥനയുടെ ഫലമായി ഒരു പൈതലിനെ നൽകി അനുഗ്രഹിച്ചു.

സരാസി ഗ്രാമത്തിൽ പുതുതായി ആരംഭിച്ച പ്രാർത്ഥനക്കൂട്ടത്തെ നിർത്തിവെപ്പിക്കുന്നതിനു ചില മതഭ്രാന്തന്മാർ ശ്രമിച്ചു കൊണ്ടിരിക്കുന്നു. അവരുടെ ഹൃദയത്തിൽ മാറ്റം സംഭവിക്കേണ്ടതിനായി പ്രാർത്ഥിക്കുക. തലൈവായ് ഗ്രാമത്തിലെ വിശ്വാസികളെ ഭീഷണിപ്പെടുത്തുന്നവരുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക. കാരെ ഗ്രാമത്തിലെ സഭ ഇടിച്ചു കളയുവാൻ ശ്രമിക്കുന്ന ഗ്രാമത്തലവൻ ദൈവസ്നേഹം രുചിച്ചറിയേണ്ടതിനായി പ്രാർത്ഥിക്കുക.

**ഗാഡ്ചന്ദൂർ & പാന്ദർക്കാവട**

**പോൾ ആൽബർട്ട് &**
**റാണി ജസിലറ്റ്**

പൈശാചിക ബന്ധനത്താൽ ഏറെ ക്ഷീണിതരായി ശരീരം ചൊറിഞ്ഞു കൊണ്ടിരുന്ന സന്ദീപിനെയും ദീപയെയും അനേകരുടെ പ്രാർത്ഥനയുടെ ഫലമായി കർത്താവ് സൗഖ്യമാക്കി. അനേക നാളുകളായി രോഗത്തോടു മല്ലടിച്ചു ജോലി ചെയ്യുവാൻ കഴിയാതെ വലഞ്ഞ ജഗൻ, പവിത്ര എന്നിവർക്കു കർത്താവ് അത്ഭുത സൗഖ്യം നൽകി.

അജ്ഞാത രോഗത്താൽ ശയ്യാവലംബയായ മൂന്നു വയസ്സുള്ള പ്രീയൻഷിയുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. കാഴ്ച ശക്തി നഷ്ടപ്പെട്ട രാധ, പുല്ലബായ്, യമുന എന്നിവർക്കു കാഴ്ച ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. നിർമ്മല, വിലാസ്, സജ്ജയ് എന്നിവർക്കു അനുയോജ്യമായ ജീവിത പങ്കാളിയെ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

**ബോറാഡി : ഓംപ്രകാശ് & സപ്ന**

ന്യൂ ബോറാഡി ഗ്രാമത്തിലെ ഗർഭിണിയായ ബബിതയുടെ പൈതലിന്റെ ജീവൻ നഷ്ടപ്പെട്ടു മൂന്നു ദിവസം ഉദരത്തിൽ കിടന്നിട്ടും യാതൊരു ദോഷവും ഭവിക്കാതെ ദൈവം അവളെ പരിപാലിച്ചു. ജനബാലി, ബഹബല്ല, അമ്പാല എന്നീ ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. നിമ്പവാരി ഗ്രാമത്തിൽ കുട്ടികൾക്കായി വേദപഠന ക്ലാസ്സ് നടത്തി. ഉമ്രി ഗ്രാമത്തിൽ നടത്തിയ വനിത സമ്മേളനത്തിൽ 70 സ്ത്രീകൾ പങ്കെടുത്തു അനുഗ്രഹം പ്രാപിച്ചു.

ശരീരമാസകലം പരുക്കൾ ബാധിച്ച അനീഷ്, വസന്ത എന്നിവരുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. ക്ഷയരോഗിയായ ലക്ഷ്മിയുടെയും വിഷാദ രോഗത്താൽ വലയുന്ന സുമി, ശർമ്മിള, അഞ്ജലി, മോഹൻ എന്നിവരുടെയും വിടുതലിനായി പ്രാർത്ഥിക്കുക. സുവിശേഷീകരണത്തിനായി രൂപീകരിച്ച യുവജന സംഘത്തെ ദൈവം ശക്തമായി ഉപയോഗിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

മാർച്ച്
27
വ്യാഴം

**ജന്മദിനാശംസകൾ**

മൂർത്തി റ്റി.

## ഖാന്തേഷ് റീജിയൻ

**ജുബരാജ് ഭരതൻ & ജാസ്മിൻ**

റീജിനൽ തലത്തിൽ നടത്തിയ പ്രാർത്ഥന യോഗത്തിൽ അനേക വിശ്വാസികൾ പങ്കെടുത്തു. നമ്മുടെ വിദ്യാർത്ഥി അർപ്പിതയുടെ കഴുത്തു പട്ടത്തിന്റെ ചരടിനാൽ മുറിഞ്ഞു. ദൈവകൃപയാൽ തക്കസമയത്തു ചികിത്സ ലഭിച്ചതിനാൽ അവൾ സുഖം പ്രാപിച്ചു. രോക്കാത് ഗ്രാമത്തിലെ തളർവാതത്താൽ ശയ്യാവലംബയായ തൈബാൻ എന്ന സ്ത്രീയെ വിശാസികളുടെ ശ്രദ്ധയോടുകൂടിയ പ്രാർത്ഥനയാൽ ദൈവം സൗഖ്യമാക്കി. ഇപ്പോൾ അവളും കുടുംബവും ആരാധനയിൽ സംബന്ധിക്കുന്നു.

കഴുത്തിലുണ്ടായ മാംസ വളർച്ചയാൽ അരവിന്ദനു ഭക്ഷണം കഴിക്കുവാൻ കഴിയുന്നില്ല. അയാളുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. വിഷാദ രോഗത്താൽ കഷ്ടപ്പെടുന്ന റീതാമ്പായിയുടെ വിടുതലിനായി പ്രാർത്ഥിക്കുക. പശു അക്രമിച്ച യമുനയുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. അപകടത്തിൽ ഭയന്നു പോയ കമാലിബന്നിനു രാത്രിയിൽ ഉറങ്ങുവാൻ കഴിയുന്നില്ല. അവൾ ദൈവീക സമാധാനം പ്രാപിച്ചു ഉറങ്ങേണ്ടതിനായി പ്രാർത്ഥിക്കുക. വിനോദ് മന്ത്രവാദം ഉപേക്ഷിച്ചു ആരാധന യോഗത്തിൽ സംബന്ധിക്കുന്നു. യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. റോഗത്, കസർപാടി, പഞ്ച്പോലി എന്നീ ഗ്രാമങ്ങളിൽ ദൈവാലയം പണിയുന്നതിനു പഞ്ചായത്ത് അധികാരികളിൽ നിന്നും അനുവാദം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

# കർണ്ണാടക

## നിദഗുണി

**മജ്ജിയ നായക് & എൽ രത്ന**

നമ്മുടെ വിശ്വാസി ഉഷയുടെ വിവാഹം ക്രിസ്തീയ രീതിയിൽ നടത്തി. ഗ്രാമത്തിലുള്ളവർക്കെല്ലാം ഒരു സാക്ഷ്യമായി തീർന്നു. വിജയലക്ഷ്മിയെ അംഗനവാടി ജോലിയിൽ നിന്നും പിരിച്ചു വിട്ടെങ്കിലും അവൾ ദൈവസന്നിധിയിൽ പ്രാർത്ഥിച്ചതിന്റെ ഫലമായി അവളെ ജോലിയിൽ തിരിച്ചെടുത്തു. CA പഠനം തുടരുന്നതിനു സാമ്പത്തീക ബുദ്ധിമുട്ടനുഭവിച്ച അശോകിനു ഒരു ക്രിസ്തീയ സംഘടനയുടെ സാമ്പത്തീക സഹായം ലഭിച്ചതിനാൽ പഠനം തുടരുവാൻ സാധിച്ചു. തന്റെ ആട്ടിൻ കൂട്ടത്തെ തീറ്റുവാനായി കാട്ടിൽ പോയ ജയശ്രീയെ ചെന്നായ്ക്കളുടെ ആക്രമണത്തിൽ നിന്നും ദൈവം അത്ഭുതകരമായി വിടുവിച്ചു.

വേർപിരിഞ്ഞു ജീവിക്കുന്ന രാധിക, ബസുവരാജ് എന്നിവർ അനുരഞ്ജനപ്പെട്ട് കുടുംബജീവിതം നയിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ദാരിദ്ര്യത്തിൽ കഴിയുന്ന നവീന, റജി എന്നിവരുടെ കുടുംബത്തിന്റെ സ്ഥിതി മെച്ചപ്പേടേണ്ടതിനായി പ്രാർത്ഥിക്കുക. അവർക്കു നല്ലൊരു ജോലി ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. നീലമ്മ, സുക്കുദേവി എന്നിവർക്കു ദൈവഭയമുള്ള ജീവിത പങ്കാളികളെ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. അവർ അതിനായി നിരന്തരം പ്രാർത്ഥിക്കുന്നു.

മാർച്ച്
28
വെള്ളി

**ജന്മദിനാശംസകൾ**

ജറിനാഹ് സിമ്രാ

## മുന്ദാർഗി

### ശമുവേൽ ബബർത്ത

വിജയ നഗർ, കോപ്പാൽ എന്നീ മേഖലകളിൽ സുവിശേഷം പ്രഘോഷിച്ചു. ഇവിടെ സംഘടിപ്പിച്ച ബൈബിൾ ക്വിസ് പ്രോഗ്രാമിൽ അനേക യുവജനങ്ങൾ സന്താഷത്തോടെ പങ്കെടുത്തു. കുരിശേഖരി ഗ്രാമത്തിൽ കുട്ടികളുടെ ബൈബിൾ ക്ലബ് സംഘടിപ്പിച്ചു.

ജയപ്പ, വേദകർ, ചന്ദ്രസാര, മഗേഷ്, ശിവമ്മ, നന്ദിനി എന്നിവരുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക. യേശുവിലുള്ള വിശ്വാസം പരസ്യമായി ഏറ്റു പറയുന്നതിനു തയ്യാറെടുക്കുന്ന അംബേദ്കർ, മുച്ചിഗാർ എന്നിവർക്കായി പ്രാർത്ഥിക്കുക. പ്രശ്നങ്ങളില്ലാതെ ഇതു നടക്കേണ്ടതിനായി പ്രാർത്ഥിക്കുക. നമ്മുടെ വിശ്വാസികളുടെ മക്കൾ ആരാധന യോഗത്തിൽ സംബന്ധിക്കേണ്ടതിനായി പ്രാർത്ഥിക്കുക. കടക്കെണിയിൽ അകപ്പെട്ട വിശ്വാസികൾ അതിൽ നിന്നും മുക്തരാകേണ്ടതിനായും അവരുടെ ദാരിദ്ര്യ ചുറ്റുപാടുകൾ മാറേണ്ടതിനുമായി പ്രാർത്ഥിക്കുക.

## ഷിഗ്ഗൗൺ & മുന്ദഗോഡ്

### നരേന്ദ്രകുമാർ

ഒമ്പതു വയസ്സുള്ള ശ്രുതി രക്തത്തിൽ പഞ്ചസാരയുടെ അളവ് അമിതമായി ഉയർന്നതിനെ തുടർന്നു ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ദൈവം അവളെ സൗഖ്യമാക്കി. അവൾ സുരക്ഷിതയായി ഭവനത്തിൽ തിരികെ വന്നു. സുന്ദരനായ ഒരു ആൺകുഞ്ഞിനെ നൽകി ദൈവം ശകുന്തളയെ അനുഗ്രഹിച്ചു. അപകടത്തിൽ വിജയിയെ ദൈവം അത്ഭുതകരമായി പരിപാലിച്ചു. മഞ്ജുളക്കു ഒരു കാർ വാങ്ങുവാൻ ദൈവം കൃപ ചെയ്തു.

പ്രമേഹ രോഗിയായ ഒമ്പതു വയസ്സുള്ള ശ്രുതിയുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. സാഗനൂർ, തുൻസി എന്നീ ഇടത്താവളങ്ങളിലെ പ്രവർത്തനങ്ങളുടെ വിജയത്തിനായി പ്രാർത്ഥിക്കുക. ഉടനെ നടത്തുവാനുദ്ദേശിക്കുന്ന അന്വേഷക ക്യാമ്പിന്റെ അനുഗ്രഹത്തിനായി പ്രാർത്ഥിക്കുക. ഇതിൽ അനേകർ പങ്കെടുത്തു യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

## മുന്ദഗോഡ്

### ഗിരി ബാബു & ലൂർദ്ദു മേരി

ദൈവകൃപയാൽ സദഗരിവള്ളി ഗ്രാമത്തിൽ പുതിയ ആരാധനക്കൂട്ടം ഉരുവാക്കി. ശിവ - രേശ്മ, മഞ്ജുനാഥ - ലളിത, സരോജ, ഇറമ്മ എന്നിവർ സുവിശേഷത്തോടു താൽപര്യം കാണിക്കുന്നു. പുതുവർഷാരാധന മനോഹരമാം വിധം നടത്തി.

സുവിശേഷം പ്രഘോഷിച്ച എല്ലപൂർ, വരൂർ, കൽക്കട്ടാസി, സാപ്പി, സിറിസി എന്നീ ഗ്രാമങ്ങളിൽ പുതിയ സ്നേഹിതരെ കണ്ടെത്തേണ്ടതിനായി പ്രാർത്ഥിക്കുക. ഈ ഗ്രാമങ്ങളിൽ പുതിയ ആരാധനക്കൂട്ടം ഉരുവാക്കേണ്ടതിനായി പ്രാർത്ഥിക്കുക. ശിവ - രേശ്മ, മഞ്ജുനാഥ - ഗീത, ഗൗരവ് - സാറ എന്നീ കുടുംബങ്ങളിൽ മക്കൾ ജനിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

മാർച്ച്
29
ശനി

**ജന്മദിനാശംസകൾ**

ആലീസ് രജ്ജിത് ജയിംസ്
ജോൺ ആൻഡ്രൂസ് സുഗീർത്തരാജ്

## ഹുബ്ലി റീജിയൻ

**സുനിൽ കുമാർ & സംഗീത**

ഇട്ടാഹി ഗ്രാമത്തിൽ പുതിയ ആരാധനക്കൂട്ടം രൂപീകരിച്ചു. കോദുഗു ജില്ലയിൽ സുവിശേഷ പ്രഘോഷണത്തിന്റെ സാധ്യതയുടെ അവസരം പ്രയോജനപ്പെടുത്തുന്നതിനായി പഠനം നടത്തി.

നന്ദക്കാട്ട്, എൽബർഗ എന്നീ മേഖലകളിൽ ദൈവാലയം പണിയുന്നതിനാവശ്യമായ സ്ഥലം കണ്ടെത്തേണ്ടതിനും പണിയുന്നതിനുള്ള അനുവാദം ലഭിക്കേണ്ടതിനുമായി പ്രാർത്ഥിക്കുക. നമ്മുടെ പ്രാദേശിക സുവിശേഷകൻ സന്തോഷിനെതിരെ ഉണ്ടാക്കിയ കള്ളക്കേസിൽ സുവിശേഷകനു അനുകൂലമായി തീർപ്പുണ്ടാകേണ്ടതിനായി പ്രാർത്ഥിക്കുക. നമ്മുടെ വിശ്വാസികളുടെ മക്കൾക്കു നല്ല ജോലി ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

## ആന്ധ്രപ്രദേശ്

### പാല്മനെർ

**പോൾ കുഷ്പുസ്വാമി & ഷൈല കെ**

പസവരാജകന്തരിഗ ഗ്രാമത്തിലെ ആരാധനയോഗത്തിൽ എല്ലാ ആഴ്ചയിലും പുതിയ ആളുകൾ കടന്നു വന്നു സംബന്ധിക്കുന്നു. മൂത്രാശയ സംബന്ധമായ പ്രശ്നത്തിനു സുബ്രമണ്യൻ ഓപ്പറേഷനു വിധേയനായെങ്കിലും സൗഖ്യം ലഭിച്ചില്ല. അവൻ ആരാധന യോഗത്തിൽ കടന്നു വന്നു പ്രാർത്ഥിച്ചു ദൈവം അവനെ സൗഖ്യമാക്കി. അനേക ദിവസങ്ങളായി ശയ്യാവലംബയായിരുന്ന ഗംഗ രാജിനെ വിശ്വാസത്തോടു കൂടിയ പ്രാർത്ഥനയാൽ ദൈവം സൗഖ്യമാക്കി.

സരസ്വതി, വെങ്കിട്ടരാമ, മറ്റു വിശ്വാസികൾ എന്നിവരുടെ ആത്മീക വളർച്ചക്കായി പ്രാർത്ഥിക്കുക. സഭാമൂപ്പന്മാരുടെ പരിശീലന പ്രോഗ്രാമിന്റെ അനുഗ്രഹത്തിനായി പ്രാർത്ഥിക്കുക. മൂന്നു പ്രാവശ്യം ടൈഫോയ്ഡ് ബാധിച്ച ശാലിനിയുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. ദാരിദ്ര്യം അനുഭവിക്കുന്ന കുമാറിന്റെ കുടുംബത്തിന്റെ ഉപജീവനത്തിനായി അവനു ഒരു ജോലി ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

## സ്വർഗ്ഗീയ സൈന്യങ്ങളുടെ ദൈവം!

രാജസ്ഥാനിൽ അൽവാറിലുള്ള മുബാരക്പൂർ ഗ്രാമത്തിലെ വിശ്വാസി കുടുംബമായ ഭോജാ സിങ്ങിനെ, റായ്സിക്ക് സമുദായത്തിലുള്ള കർണെയിൽ സിങ് എതിർക്കുന്നു. ആ ഗ്രാമത്തിൽ വസിക്കുന്ന മറ്റു വിശ്വാസികളെയും അവൻ എതിർക്കുന്നു. വെള്ളം കോരുന്നതിനു അനുവദിക്കുന്നില്ല. അവരുടെ വീട്ടിലേക്കുള്ള വൈദ്യുതി തടസ്സപ്പെടുത്തുന്നു. ഭവനം തോറും കയറി ആരും ക്രിസ്ത്യാനികൾ ആകരുതെന്നു ഭീഷണിപ്പെടുത്തുന്നു. ഉപദ്രവം കഠിനമായപ്പോൾ നമ്മുടെ തപുകാര മിഷൻ വയലിലെ ഭോജ സിങ്ങിന്റെ മകൻ ഉത്സാഹത്തോടെ പ്രാർത്ഥിച്ചു. ഈ സാഹചര്യത്തിൽ റായ് സിക്ക് സമുദായവും ജാട് സമുദായവും തമ്മിൽ വഴക്കുണ്ടായി. വഴക്കിനെ തുടർന്നു കർണെയിലും മറ്റു 15 പേരും ആ ഗ്രാമത്തിൽ നിന്ന് ഓടിപ്പോകേണ്ടിവന്നു. തപുക്കാര മിഷൻ വയലിലെ സഭ ആരാധനയിൽ ഭോജാ സിങ്ങിന്റെ മകൻ പറഞ്ഞ സാക്ഷ്യമാണിത്. ദൈവം തന്റെ മക്കൾക്കായി യുദ്ധം ചെയ്യുന്നു. ഹല്ലെലുയ്യ!

മാർച്ച്
# 30
ഞായർ

### ജന്മദിനാശംസകൾ

കോങ്കാനി സമ്പത്ത് ബായി
ക്ഷത്രിമായും പ്രീയ ദേവി
അബ്രഹാം എസ്

**റോദ്ദാം : ദേവദത്ത ലിമ & സോണിയ റാണി ജന**

വിഷാദ രോഗത്തിൽ നിന്നും രാജമ്മ പ്രാർത്ഥനയിൽ സംബന്ധിക്കുവാൻ തുടങ്ങിയതിനു പിന്നാലെ സൗഖ്യം പ്രാപിച്ചു. ലക്ഷ്മി - റജി എന്ന കുടുംബത്തിനു ദൈവം ഒരു പൈതലിനെ നൽകി അനുഗ്രഹിച്ചു. പൈശാചിക ബന്ധനത്തിൽ നിന്നും ലക്ഷ്മി ദേവി പ്രാർത്ഥനയിലൂടെ വിടുതൽ പ്രാപിച്ചു.

ഡയാലിസിസിനു വിധേയയാകുന്ന പത്മ വളരെ ക്ഷീണിതയാണ്. ദൈവീക വിടുതൽ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. അക്ഷയുടെ ഉദരത്തിലുള്ള പൈതലിനു വേണ്ടത്ര വളർച്ചയില്ല. രക്തത്തിന്റെ അളവ് കുറവായതാണ് കാരണം സൗഖ്യത്തിനായി പ്രാർത്ഥിക്കുക. ജോലി നഷ്ടപ്പെട്ട അനിത, പ്രീയുധ എന്നിവർക്കു പുതിയൊരു ജോലി ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### കുപ്പം

**വെങ്കിടേശൻ സി & എൻ ശശികല**

വനമേഖലയിൽ ജോലി ചെയ്യുന്ന വേളയിൽ തനിക്കെതിരെ പാഞ്ഞടുത്ത കാട്ടാനയിൽ നിന്നും നഞ്ചാറിയായെ ദൈവം അത്ഭുതകരമായി രക്ഷിച്ചു. പവിത്ര, റോജ എന്നിവർക്കു സുഖ പ്രസവം നൽകി ദൈവം അനുഗ്രഹിച്ചു. സഭാ മൂപ്പന്മാരുടെ പരിശീലന പ്രോഗ്രാം അനുഗ്രഹകരമായിരുന്നു. വേർപിരിഞ്ഞു ജീവിച്ചിരുന്ന നാഗരാജ് & പുനിത, ചാൾസ് & ഭാരതി എന്നിവർ പ്രാർത്ഥനയെ തുടർന്നു ദൈവകൃപയാൽ ഒരുമിച്ചു ജീവിക്കുവാൻ തുടങ്ങി.

കാൽ മുറിച്ചു നിക്കേണ്ടി വന്ന ജോൺ ശരീരത്തിലും ആത്മാവിലും സൗഖ്യം പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. അവിശ്വാസിയുമായി കാവ്യയുടെ വിവാഹം നടത്തുന്നതിനു രക്ഷിതാക്കൾ സമ്മർദ്ദം ചെലുത്തുന്നു. രക്ഷിതാക്കളുടെ മാനസാന്തരത്തിനും കാവ്യക്കു വിശ്വാസിയായ ജീവിത പങ്കാളിയെ ലഭിക്കേണ്ടതിനായും പ്രാർത്ഥിക്കുക. സുരേഷും ദുർഗരാജും തമ്മിലുള്ള അഭിപ്രായ വ്യത്യാസങ്ങൾ മാറി അവർ തമ്മിൽ അനുരഞ്ജനപ്പെട്ടു സമാധാന ജീവിതം നയിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

## സ്ത്രീകളുടെ പ്രാർത്ഥന ജീവിതങ്ങളെ രൂപാന്തരപ്പെടുത്തി

ഹരിയാനയിൽ രത്തിയ മിഷൻ വയലിലുള്ള ചോടാർ ഗ്രാമത്തിൽ വസിക്കുന്ന ബൽവീർ സിങ് മയക്കു മരുന്നിനു അടിമയാണ്. എല്ലാ ദിവസവും മയക്കു മരുന്ന് ഉപയോഗിച്ചിട്ട് ജോലി ചെയ്യാതെ എല്ലാവരുമായി ശണ്ഠയിട്ട് ഭാര്യയെ ദേഹോപദ്രം ഏല്പിച്ച് ജീവിതം നശിപ്പിക്കുകയായിരുന്നു ചോടാർ ഗ്രാമത്തിലെ വിശ്വാസികളും ഖേരയും ബൽവീർ സിങിന്റെ ഭാര്യയെ സന്ദർശിച്ച് ദൈവവചനം പങ്കുവെച്ചു അവനു വേണ്ടി പ്രാർത്ഥിക്കുവാൻ തുടങ്ങി. ഇവരുടെ ശ്രദ്ധയോടു കൂടിയ പ്രാർത്ഥന ബൽവീർ സിങിന്റെ ജീവിതത്തെ രൂപാന്തരപ്പെടുത്തി. മയക്കു മരുന്നിന്റെ ആസക്തിയിൽ നിന്നും മുക്തനായ അവൻ എല്ലാവിധ മയക്കു മരുന്നും ഉപേക്ഷിച്ചു യേശുവിന്റെ ദാസനായി. ക്രിസ്തുവിന്റെ വല്ലഭത്വത്തിന്റെ സാക്ഷികളായി ഇന്നു ആ കുടുംബം ജീവിക്കുന്നു. ഹല്ലേലുയ്യ!

മാർച്ച്
31
തിങ്കൾ

**ജന്മദിനാശംസകൾ**

അമൃത ഗോൾഡ ആശീർ മോസസ്,
ജോൺ സുയാങ്,
ധോതി ഗുറംവാരി ഹിമ ബിന്ദു രമേശ് ബാബു,
ബസന്ത ഗുരു

## തമിഴ്നാട്

### വേട്ടവാളം

**ബ്രൈറ്റ് ജയ കുമാർ & ബ്യൂല**

കെലയ, സോരാധുർ, ബിഗ് ഒലൈപാടി എന്നീ ഗ്രാമങ്ങളിൽ നടത്തുവാനുദ്ദേശിക്കുന്ന വിബിഎസ് തടസ്സമില്ലാതെ ദൈവനാമ മഹത്വത്തിനായി സംഘടിപ്പിച്ചു. ബിഗ് ഓലപാടി ഗ്രാമത്തിൽ എല്ലാ ചൊവാഴ്ചയും നടത്തുന്ന യോഗത്തിൽ അനേകർ സംബന്ധിക്കുന്നു.

ധനികചലം, സുപ്പുലക്ഷ്മി, ഗുബേന്ദ്രൻ, മഹേശ്വരി, കണ്ണൻ, ശിവരഞ്ജിനി ചന്ദ്ര എന്നീ കുടുംബങ്ങളിലുള്ളവർ ബൈബിൾ ക്ലബിൽ സംബന്ധിക്കുന്ന അവരുടെ മക്കളിലൂടെ യേശുവിനെ അറിയേണ്ടതിനായി പ്രാർത്ഥിക്കുക. വരുന്ന മാസങ്ങളിൽ ഈ ഗ്രാമങ്ങളിൽ ആരാധനക്കൂട്ടങ്ങൾ ആരംഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### അഞ്ചെട്ടി

**ഡേവിഡ് നിക്കോൾസൺ & ഐവി**

ദൈവകൃപയാൽ നാലു ഗ്രാമങ്ങളിൽ അനുധാവന പ്രവർത്തനം നടത്തി. മിഷനറിമാർക്കും സുവിശേഷകർക്കും നല്ല ആരോഗ്യവും ദൈവീക സംരക്ഷണവും നൽകി ദൈവം പരിപാലിച്ചു.

കാദേവി മുനിരാജ്, ശേഖർ, ശാന്തി, പാണ്ടിയരാജ്, നാഗരാജ്, ശകുന്തള, നാഗേന്ദ്രൻ, വനിത എന്നീ കുടുംബങ്ങൾ യേശുക്രിസ്തുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. വൃക്ക സംബന്ധമായ രോഗത്താൽ കഷ്ടപ്പെടുന്ന ഹിൽദ, വിക്ടോറിയ, അപസ്മാര രോഗിയായ തിരുകുമാരൻ, ഹൃദയ സംബന്ധമായ രോഗിയായ ശേഖർ, ശ്വസന സംബന്ധമായ പ്രയാസം അനുഭവിക്കുന്ന പീറ്റർ, മാണിക്യം എന്നിവരുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക.

### പ്രാർത്ഥനയുടെ ശക്തി!

മഹാരാഷ്ട്രയിൽ പിമ്പല്നെർ മിഷൻ വയലിലുള്ള റോഹാത് ഗ്രാമത്തിലെ മധ്യവയസ്കയായ തൈബാൻ കൈകാലുകളിലെ വേദനയെ തുടർന്നു തളർന്നു ശയ്യാവലംബയായി തീർന്നു. പ്രാദേശികമായ പൂജാരികളും മറ്റും കടന്നു വന്നു പൂജകളും ആഭിചാരവും ഒക്കെ ചെയ്തു. ഒരു പ്രയോജനവും ഉണ്ടായില്ല. അവളുടെ ബന്ധുക്കളിൽ ഒരാൾ മിഷറിയെ കൂട്ടി അവളുടെ വീട്ടിൽ വന്നു. മിഷനറി മറ്റു വിശ്വാസികളോടു ചേർന്നു സുവിശേഷം പങ്കുവെക്കുകയും എണ്ണ പൂശി പ്രാർത്ഥിക്കുകയും ചെയ്തു. ഓരോ നാളും വിശ്വാസിസമൂഹം അവളുടെ വീട്ടിൽ ചെന്നു അവൾക്കു വേണ്ടി തുടർന്നു പ്രാർത്ഥിച്ചു കൊണ്ടിരുന്നു. ആറു മാസം ശയ്യാവലംബയായി കിടന്ന തൈബാൻ ഒരാഴ്ചക്കകം എഴുന്നേറ്റു ഇരുന്നു. പെട്ടെന്നു തന്നെ ഊന്നു വടിയടെ സഹായത്തോടെ സാവകാശം നടക്കുവാൻ തുടങ്ങി. അവളുടെ കുടുംബം ഇപ്പോൾ ആരാധനയിൽ സംബന്ധിച്ചു ദൈവത്തെ മഹത്വപ്പെടുത്തുകയും ക്രിസ്തുവിന്റെ സ്നേഹം ബന്ധുമിത്രാദികളോടു പങ്കുവെക്കുന്നു. ഹല്ലെലുയ്യ!

# 1000 ആയിരം മണിക്കൂർ ചങ്ങല പ്രാർത്ഥന

## 2025 മാർച്ച് 5 മുതൽ ഏപ്രിൽ 17 വരെ

2025 ലെ
നോമ്പ് നാളുകളിൽ നമ്മുടെ
രാജ്യത്തിന്റെ സൗഖ്യത്തിനും
സഭകളുടെ ഉണർവ്വിനും ദൈവീക
ശുശ്രൂഷകളുടെയും മിഷനറിമാരു
ടെയും അനുഗ്രഹത്തിനുമായി
ദൈവമക്കളായ നമുക്ക് ദൈവീക
പാദപീഠത്തിങ്കൽ ഇരുന്നു
പ്രാർത്ഥിക്കാം!



## പ്രാർത്ഥന രീതികൾ

**24 മണിക്കൂർ ചങ്ങല പ്രാർത്ഥന (24 വ്യക്തികൾ ഓരോ ദിവസവും ഒരു മണിക്കൂർ വീതം)**
**12 മണിക്കൂർ ഉപവാസ പ്രാർത്ഥനകൾ**

പ്രാർത്ഥനക്കൂട്ടങ്ങളിൽ, സഭകളിൽ,
മൊബലൈസേഷൻ മേഖലകളിൽ, മിഷൻ വയലുകളിൽ

**ഒരു ദിവസത്തെ/ രണ്ടു ദിവസത്തെ/ മൂന്നു ദിവസത്തെ പ്രത്യേക ഉപവാസ പ്രാർത്ഥനകൾ**

റീജിനിൽ മൊബലൈസേഷൻ ജില്ലകളിൽ,
മിഷൻ വയലുകളിൽ റീജിനൽ തലത്തിൽ

**3/6 മണിക്കൂർ പ്രത്യേക മദ്ധ്യസ്ഥ പ്രാർത്ഥനകൾ**

പ്രാർത്ഥനക്കൂട്ടങ്ങളിൽ/സഭകളിൽ/
പ്രാർത്ഥനക്കൂട്ട നേതാക്കന്മാരുടെയും അംഗങ്ങളുടെയും ഭവനങ്ങളിൽ

**വ്യക്തികളായി, കുടുംബമായി, പ്രാർത്ഥനക്കൂട്ടമായി, സഭയായി
നമുക്കു ഈ പ്രാർത്ഥന പരമ്പരയിൽ പങ്കാളികളാകാം!
നമ്മുടെ ദേശത്തു ദൈവത്തിന്റെ മഹത്വം കാണാം!**

**Contact**

H.Q : - Friends Missionary Prayer Band, 29 High School Road, Ambattur, Chennai-600053.
Ph: 044-26574343/ 26574353 Email: Premfmpb@gmail.com / prayer@fmpb.org
Kerala : - FMPB, Vadathur P.O, Kottayam - 686 010.
Mob.9847 799 031 E-mail: abrahamthomas@fmpb.org




**_Published by:_** S. John Berlin on behalf of Friends Missionary Prayer Band from 29, High School Road, Ambattur, Chennai 600 053. Tel. 044-2657 0404 E-mail: info@fmpb.org **_Printed by:_** Rasi Graphics (P) Ltd. No. 40, Peters Road, Royapettah, Chennai - 600014. **_Editor: S. John Berlin_**